# 140@14

മേയ് 16ന് പോളിംഗ് ബൂത്തിലേക്ക് നീങ്ങുന്ന കേരളം തിരഞ്ഞെടുപ്പ് ചൂടിന്റെ പാരമ്യത്തിലാണ്. പതിമൂന്ന് നിയമസഭാ തിരഞ്ഞെടുപ്പുകളിൽ നിന്ന് വ്യത്യസ്തമായി 14-ാമത് സഭാ തിരഞ്ഞെടുപ്പിന് ഇടത്, ഐക്യമുന്നണികൾക്ക് വെല്ലുവിളി ഉയർത്തി ബി.ജെ.പി നേതൃത്വത്തിലുള്ള ദേശീയ ജനാധിപത്യ സഖ്യം (എൻ.ഡി.എ) മത്സരിക്കുന്നതാണ് വലിയ പ്രത്യേകത. ഈ സാന്നിധ്യമുയർത്തുന്ന ലക്ഷം ചോദ്യങ്ങൾക്ക് മേയ് 19ന് ഉത്തരമാകും. 14 ജില്ലകളിലായി 140 മണ്ഡലങ്ങളിലെ മത്സര ചിത്രവും അടിയൊഴുക്കും **വി.എസ്.ശ്യാംലാൽ** റിപ്പോർട്ട് ചെയ്യുന്നു.



# തലസ്ഥാനജില്ല പിടിച്ചാൽ ഭരണം

**യു.ഡി.എഫിന് വലിയ ആത്മവിശ്വാസം വേണ്ട എന്നു തന്നെയാണ് തിരുവനന്തപുരത്തെ അന്തർധാരകൾ നൽകുന്ന സൂചന. സംസ്ഥാന ഭരണം മാറി മാറി വരുന്നതുപോലെ തിരുവനന്തപുരത്തെ ഭൂരിപക്ഷവും മാറി മാറി വരുന്നുണ്ട്. അങ്ങനെ നോക്കിയാൽ ഇക്കുറി ഭൂരിപക്ഷം സീറ്റുകൾ ഇടത്തേക്കു ചായുന്ന സ്ഥിതിയാണ്**



തിരുവനന്തപുരം പിടിക്കുന്നവർ ഭരണം പിടിക്കും. ഇതുവരെ അതാണ് ചരിത്രം. തലസ്ഥാന ജില്ലയിലെ 14 മണ്ഡലങ്ങളിലെ വിധിയെഴുത്ത് നിർണ്ണായകമാവുന്നത് അതിനാൽത്തന്നെ. 1987, 1996, 2006 വർഷങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി ജില്ലയിലെ മണ്ഡലങ്ങളിൽ ഭൂരിപക്ഷം നേടി. ഈ വർഷങ്ങളിൽ സംസ്ഥാനഭരണവും ഇടതുമുന്നണിക്കായിരുന്നു. ഇതേസമയം 1991, 2001, 2011 വർഷങ്ങളിൽ യു.ഡി.എഫ്. എട്ടു മുതൽ 10 സീറ്റ് വരെ ജില്ലയിൽ നേടിയപ്പോൾ സ്വാഭാവികമായി അധികാരവും യു.ഡി.എഫിന്റെ കയ്യിലെത്തി. നിലവിലുള്ള നിയമസഭയുടെ കാലാവധി അവസാനിക്കുമ്പോൾ യു.ഡി.എഫ്. 9, എൽ.ഡി.എഫ്. 5 എന്നാണ് കക്ഷിനില. 2011ൽ ഫലപ്രഖ്യാപനമുണ്ടാകുമ്പോൾ ഇത് യു.ഡി.എഫ്. 8, എൽ.ഡി.എഫ്. 6 എന്ന നിലയിലായിരുന്നു. എന്നാൽ, നെയ്യാറ്റിൻകര എം.എൽ.എ. ആർ.സെൽവരാജ് പിന്നീട് യു.ഡി.എഫ്. പക്ഷത്തേക്കു വന്നു. എം.എൽ.എ. സ്ഥാനം രാജിവച്ച് ഉപതിരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ യു.ഡി.എഫിനു വേണ്ടി സെൽവരാജ് മണ്ഡലം പിടിക്കുകയും ചെയ്തു. സ്പീക്കറായിരുന്ന ജി.കാർത്തികേയന്റെ നിര്യാണത്തെത്തുടർന്ന് അരുവിക്കരയിൽ ഉപതിരഞ്ഞെടുപ്പ് നടന്നപ്പോൾ അദ്ദേഹത്തിന്റെ മകൻ കെ.എസ്.ശബരീനാഥൻ കോൺഗ്രസ്സിനു വേണ്ടി വെന്നിക്കൊടി പാറിച്ചു.

എന്നാൽ, യു.ഡി.എഫിന് വലിയ ആത്മവിശ്വാസം വേണ്ട എന്നു തന്നെയാണ് തിരുവനന്തപുരത്തെ അന്തർധാരകൾ നൽകുന്ന സൂചന. സംസ്ഥാന ഭരണം മാറി മാറി വരുന്നതുപോലെ തിരുവനന്തപുരത്തെ ഭൂരിപക്ഷവും മാറി മാറി വരുന്നുണ്ട്. അങ്ങനെ നോക്കിയാൽ ഇക്കുറി ഭൂരിപക്ഷം സീറ്റുകൾ ഇടത്തേക്കു ചായുന്ന സ്ഥിതിയാണ്. തദ്ദേശ തിരഞ്ഞെടുപ്പിലെ ഫലം ഇതിന്റെ സൂചനകൾ നൽകുന്നു. 26 ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ 19 എണ്ണവും എൽ.ഡി.എഫിനൊപ്പമായിരുന്നു. ഭരണം കയ്യാളിയിരുന്ന യു.ഡി.എഫ്. ആറിലൊതുങ്ങി. വിജയത്തിന് മാറ്റ് കുറവാണെങ്കിലും തിരുവനന്തപുരം കോർപ്പറേഷൻ ഭരണം എൽ.ഡി.എഫ്. നിലനിർത്തി. നെയ്യാറ്റിൻകര, ആറ്റിങ്ങൽ,നെടുമങ്ങാട്,വർക്കല മുനിസിപ്പാലിറ്റികളുടെ ഭരണവും പിടിച്ചെടുത്തു. 73 ഗ്രാമപ്പഞ്ചായത്തുകളിൽ 50 എണ്ണം എൽ.ഡി.എഫ്. പിടിച്ചപ്പോൾ നേരത്തെ അത്രത്തോളം ഭരിച്ചിരുന്ന യു.ഡി.എഫിന് ലഭിച്ചതാവട്ടെ 19 മാത്രം. 11 ബ്ലോക്കുകളിൽ ഒമ്പതിലും എൽ.ഡി.എഫിനാണ് മേൽക്കൈ.



ടി.എൻ.സീമ


ബി.ജെ.പി. വലിയ പ്രതീക്ഷ വച്ചുപുലർത്തുന്ന ജില്ലയാണ് തിരുവനന്തപുരം. അതിനാൽത്തന്നെ നാലു സീറ്റുകളിൽ ശക്തമായ ത്രികോണ മത്സരം നടക്കുന്നു. നേമം, വട്ടിയൂർക്കാവ്, തിരുവനന്തപുരം, കഴക്കൂട്ടം മണ്ഡലങ്ങളിൽ ജയിക്കാനായി തന്നെയാണ് ബി.ജെ.പി. പൊരുതുന്നത്. 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഈ നാലിടത്തും ഒ.രാജഗോപാൽ ഒന്നാം സ്ഥാനത്തെത്തി എന്നത് അവർക്ക് ആത്മവിശ്വാസം പകരുന്നു. എന്നാൽ, 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ ഈ നാലിടത്തും എൽ.ഡി.എഫ്. മേൽക്കൈ പിടിച്ചു എന്നത് ബി.ജെ.പിക്കാർ സൗകര്യപൂർവ്വം മറക്കുന്നുമുണ്ട്. ഇപ്രാവശ്യം നേമം, വട്ടിയൂർക്കാവ്, കഴക്കൂട്ടം മണ്ഡലങ്ങളിൽ സ്ഥാനാർഥി പ്രഖ്യാപനത്തിന് മുമ്പുതന്നെ മത്സരം ത്രികോണമായിരുന്നു. ബി.ജെ.പി.യുടെ വോട്ട് ക്രമമായി വർദ്ധിച്ചത് ഒന്നു കൂടി ആഞ്ഞുപിടിച്ചാൽ ജയമാക്കി മാറ്റാമെന്ന പ്രതീക്ഷ തന്നെ കാരണം. തിരുവനന്തപുരത്തിന്റെ കാര്യത്തിൽ ബി.ജെ.പി. അവസാന നിമിഷം വരെ ആശയക്കുഴപ്പത്തിലായിരുന്നു. സുരേഷ് ഗോപി സ്ഥാനാർത്ഥിയാവും എന്നൊക്കെ കേട്ടുവെങ്കിലും ഒടുവിൽ അദ്ദേഹം രാജ്യസഭാംഗമായി അവതരിക്കുന്നതാണ് കണ്ടത്. എന്നാൽ, ക്രിക്കറ്റ് താരം എസ്.ശ്രീശാന്തിനെ സ്ഥാനാർത്ഥിയാക്കുക വഴി ബി.ജെ.പി. മണ്ഡലത്തിന് താരപരിവേഷം പകർന്നിരിക്കുന്നു.

ബി.ജെ.പിയുടെ ഏറ്റവും മികച്ച നേതാക്കൾ മത്സരിക്കുന്ന ജില്ല തിരുവനന്തപുരമാണ്. നേമത്ത് ഒ.രാജഗോപാൽ, വട്ടിയൂർക്കാവിൽ സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ, കഴക്കൂട്ടത്ത് മുൻ സംസ്ഥാന പ്രസിഡന്റ് വി.മുരളീധരൻ എന്നിവർ മത്സരിക്കുന്നു. നേമത്ത് സിറ്റിങ് എം.എൽ.എ. വി.ശിവൻകുട്ടി എൽ.ഡി.എഫിനു വേണ്ടിയും മുൻ മന്ത്രി വി.സുരേന്ദ്രൻപിള്ള യു.ഡി.എഫിനു വേണ്ടിയും കച്ചമുറുക്കുന്നു. വട്ടിയൂർക്കാവിൽ സിറ്റിങ് എം.എൽ.എ. കെ.മുരളീധരൻ കോൺഗ്രസ്സിനു വേണ്ടിയും മുൻ രാജ്യസഭാംഗം ടി.എൻ.സീമ സി.പി.എമ്മിനു വേണ്ടിയും രംഗത്തുണ്ട്. കഴക്കൂട്ടത്ത് സിറ്റിങ് എം.എൽ.എ. കോൺഗ്രസ്സിലെ എം.എ.വാഹിദും സി.പി.എം. ജില്ലാ സെക്രട്ടറി സ്ഥാനമൊഴിഞ്ഞെത്തിയ മുൻ എം.എൽ.എ. കടകംപള്ളി സുരേന്ദ്രനുമാണ് വി.മുരളീധരന്റെ എതിരാളികൾ. ശ്രദ്ധേയമായ മത്സരം നടക്കുന്ന മറ്റൊരു മണ്ഡലം തിരുവനന്തപുരമാണ്. കെ.എം.മാണിക്കെതിരായ ആരോപണങ്ങളെ ചെറുക്കാൻ മുൻപന്തിയിൽ നിന്ന ആന്റണി രാജു ഇടത്തേക്കു ചാഞ്ഞത് തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് തൊട്ടുപിന്നാലെയായിരുന്നു. ജനാധിപത്യ കേരളാ കോൺഗ്രസ്സിലൂടെയാണ് അദ്ദേഹം ഇടതുമുന്നണിയിലെത്തിയത്. ഇടതുപക്ഷത്തു നിന്ന് മറ്റൊരു കേരളാകോൺഗ്രസ്സുകാരനെ മറുകണ്ടം ചാടിച്ച് യു.ഡി.എഫ്. പകരംവീട്ടി. കേരളാ കോൺഗ്രസ് -സ്കറിയാതോമസ് ഗ്രൂപ്പിൽ നിന്ന് വി.സുരേന്ദ്രൻപിള്ള ജെ.ഡി.യു.വിലെത്തി. ആന്റണി രാജു തിരുവനന്തപുരത്ത് എൽ.ഡി.എഫിന്റെ സ്ഥാനാർത്ഥിയായപ്പോൾ ആ സ്ഥാനം മോഹിച്ചിരുന്ന സുരേന്ദ്രൻ പിള്ള നേമത്ത് മറുകണ്ടം ചാടി യു.ഡി.എഫ്. സ്ഥാനാർത്ഥിയായി. കോൺഗ്രസ്സിലെ മന്ത്രി വി.എസ്.ശിവകുമാറും ബി.ജെ.പിയിലെ ശ്രീശാന്തുമാണ് തിരുവനന്തപുരത്ത് മത്സരരംഗത്തുള്ള മറ്റു പ്രമുഖർ. ബാർ കോഴ ആരോപണത്തിലൂടെ ശ്രദ്ധേയനായ ബിജു രമേശും തിരുവനന്തപുരത്ത് സ്ഥാനാർത്ഥിയാണ്, അണ്ണാ ഡി.എം.കെ. ബാനറിൽ.



മുരളീധരൻ

കാട്ടാക്കടയിലും ശക്തമായ പോരാട്ടത്തിനാണ് മുന്നണികൾ കോപ്പുകൂട്ടിയത്. നിലവിലുള്ള സ്പീക്കർ കോൺഗ്രസ്സിലെ എൻ.ശക്തനെതിരെ യുവനിരയിൽനിന്നുള്ള ഐ.ബി.സതീഷിനെ സി.പി.എം. രംഗത്തിറക്കി. മുൻ സംസ്ഥാന പ്രസിഡന്റ് പി.കെ.കൃഷ്ണദാസിനെ മത്സരിപ്പിച്ച് ബി.ജെ.പിയും രംഗം കൊഴുപ്പിച്ചു. ജാതി സമവാക്യങ്ങൾ വിധിയെഴുതുന്ന ഒരു മണ്ഡലമായിരിക്കും കാട്ടാക്കട. എൽ.ഡി.എഫും യു.ഡി.എഫും നാടാർ സ്ഥാനാർത്ഥിക്കു പിന്നാലെ പോകുമ്പോൾ മണ്ഡലത്തിലെ പ്രബല വിഭാഗമായ നായർ വോട്ടുകൾ ബി.ജെ.പിയിലേക്ക് ഒഴുകുകയായിരുന്നു ഇതു വരെയുള്ള പതിവ്. എന്നാൽ, ഇക്കുറി സതീഷിലൂടെ എൽ.ഡി.എഫും നായർ വോട്ടിൽ കണ്ണുവച്ചു. പരമ്പരാഗത വോട്ടുകളും അധികമായി വരുന്ന നായർ വോട്ടും ചേരുമ്പോൾ ജയിച്ചുകയറാമെന്ന് ഇടതുപക്ഷം കണക്കുകൂട്ടുന്നു. ഡെപ്യൂട്ടി സ്പീക്കർ കോൺഗ്രസ്സിലെ പാലോട് രവിയും സി.പി.ഐയിലെ മുൻ മന്ത്രി സി.ദിവാകരനും കൊമ്പുകോർക്കുന്ന നെടുമങ്ങാട്ടും ചൂടേറെ. പാലോട് രവിക്ക് ജയവും തോൽവിയും നെടുമങ്ങാട്ടുകാർ സമ്മാനിച്ചിട്ടുണ്ട്. കരുനാഗപ്പള്ളിയിലെ സിറ്റിങ് എം.എൽ.എയായ ദിവാകരൻ അവിടെ നിന്നാണ് നെടുമങ്ങാട്ടെത്തിയത്. ദിവാകരന്റെ പേര് സി.പി.ഐ. കൊല്ലം ജില്ലാ കമ്മിറ്റി നിർദ്ദേശിച്ചില്ലെങ്കിലും തിരു



കുമ്മനം

# ബെന്നറ്റ് നാടാർക്കെതിരെ പ്രതികരിക്കാൻ സി.പി.എം.നായന്മാർ താമരയിൽ ആഞ്ഞുകുത്തിയതാണ് നാലു മണ്ഡലങ്ങളിൽ രാജഗോപാലിനെ ഒന്നാമതെത്തിച്ചതെന്ന കാര്യം പരസ്യമായ രഹസ്യം. തദ്ദേശ തിരഞ്ഞെടുപ്പിലും ഈ നായർ ഏകീകരണം ബി.ജെ.പിക്കനുകൂലമായി ഉണ്ടായി. പക്ഷേ, ഇപ്പോൾ അങ്ങനെയുള്ള പിന്തുണ ഒരു പാർട്ടിക്കുമില്ല

വനന്തപുരം ജില്ലാ കമ്മിറ്റി അദ്ദേഹത്തെ നെടുമങ്ങാട്ട് ഉൾപ്പെടുത്തി. യുവതുർക്കി വി.വി.രാജേഷിനെ നിർത്തി ബി.ജെ.പിയും രംഗം കൊഴുപ്പിക്കുന്നു.

വർക്കലയിൽ സി.പി.എം. സംസ്ഥാന സെക്രട്ടേറിയറ്റംഗം ആനത്തലവട്ടം ആനന്ദനെ വേണമെന്ന് മണ്ഡലം കമ്മിറ്റിയും ജില്ലാകമ്മിറ്റിയും ആദ്യം ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ജില്ലാ പഞ്ചായത്ത് അംഗമായ വി.ജോയിക്കാണ് പാർട്ടി അവസരം നൽകിയത്. അരുവിക്കരയിൽ എ.എ. റഷീദിനെ സി.പി.എം. നേതൃത്വം തീരുമാനിച്ചതും മണ്ഡല താത്പര്യത്തിനു വിരുദ്ധമായിത്തന്നെ. എന്നാൽ, പ്രാദേശിക എതിർപ്പ് അവഗണിച്ച നേതൃത്വം തീരുമാനത്തിൽ ഉറച്ചുനിന്നു. ഈ രണ്ടിടത്തും പ്രശ്നങ്ങൾ തീർക്കാൻ സി.പി.എമ്മിന് കഴിഞ്ഞിട്ടുണ്ടെന്നാണ് വിലയിരുത്തൽ. വർക്കലയിൽ യു.ഡി.എഫിനു വേണ്ടി നാലാംവട്ടം മത്സരിക്കുന്ന സിറ്റിങ് എം.എൽ.എ. വർക്കല കഹാറും എൻ.ഡി.എ. മുന്നണിക്കു വേണ്ടി ബി.ഡി.ജെ.എസ്സിന്റെ എസ്.ആർ.എം.അജിയും കൊമ്പുകോർക്കുന്നു. അരുവിക്കരയിൽ യു.ഡി.എഫിന്റെ സിറ്റിങ് എം.എൽ.എ. കെ.എസ്.ശബരീനാഥൻ 10 മാസത്തെ ഇടവേളയ്ക്കു ശേഷം വീണ്ടും വോട്ടു തേടി വരുമ്പോൾ ബി.ജെ.പിക്കു വേണ്ടിയിറങ്ങുന്നത് ചലച്ചിത്ര സംവിധായകൻ രാജസേനനാണ്.

കോൺഗ്രസ്സിൽ സിറ്റിങ് എം.എൽ.എമാർക്കെല്ലാം വീണ്ടും സീറ്റ് കിട്ടിയതിനാൽ യുവാക്കൾക്ക് അവസരം കുറഞ്ഞു. കോവളത്ത് എം.വിൻസന്റിനെയും ചിറയിൻകീഴിൽ കെ.എസ്.അജിത്കുമാറിനെയും പാർട്ടി രംഗത്തിറക്കി. കോവളത്ത് സിറ്റിങ് എം.എൽ.എ. ജമീലാ പ്രകാശം എൽ.ഡി.എഫിൽ രണ്ടാം വട്ടം ജയം തേടുമ്പോൾ എൻ.ഡി.എയിൽ ബി.ഡി.ജെ.എസ്സിലെ ടി.എൻ.സുരേഷ് മത്സരിക്കുന്നു. ചിറയിൻകീഴിൽ സിറ്റിങ് എം.എൽ.എ. വി.ശശി എൽ.ഡി.എഫിനു വേണ്ടിയും ബി.ജെ.പി. സംസ്ഥാന വൈസ് പ്രസിഡന്റ് പി.പി.വാവ എൻ.ഡി.എയ്ക്കു വേണ്ടിയും രംഗത്തുണ്ട്. ആറ്റിങ്ങലിൽ സിറ്റിങ് എം.എൽ.എയും എൽ.ഡി.എഫ്. സ്ഥാനാർഥിയുമായ ബി.സത്യൻ നേരിടുന്നത് യു.ഡി.എഫ്.സ്ഥാനാർഥി ആർ.എസ്.പിയിലെ കെ.ചന്ദ്രബാബുവിനെയാണ്. ബി.ജെ.പി. സംസ്ഥാന സെക്രട്ടറി രാജി പ്രസാദാണ് ആറ്റിങ്ങൽ മണ്ഡലത്തിലെ എൻ.ഡി.എ. സ്ഥാനാർഥി. ആറ്റിങ്ങലിൽ സത്യന്റെ ഭൂരിപക്ഷം എത്ര എന്നു മാത്രമാണ് അറിയാനുള്ളതെന്ന് സി.പി.എമ്മുകാർ പറയുന്നു.


കടകംപള്ളി


സി. ദിവാകരൻ


കെ.ആൻസലൻ

കഴിഞ്ഞ തവണ നിയമസഭയിലേക്കും അതിനു ശേഷം ലോക്സഭയിലേക്കും തദ്ദേശ സ്ഥാപനങ്ങളിലേക്കുമെല്ലാം നടന്ന തിരഞ്ഞെടുപ്പുകളുടെ ഫലങ്ങൾ ഈ വാദം ശരിവയ്ക്കുന്നുണ്ട്.

വാമനപുരത്ത് സിറ്റിങ് എം.എൽ.എ. കോലിയക്കോട് എൻ.കൃഷ്ണൻനായർ ഒരവസരംകൂടി ആഗ്രഹിച്ചിരുന്നുവെങ്കിലും യുവനിരയ്ക്ക് അവസരം നൽകുന്നതിനായി സി.പി.എം. അദ്ദേഹത്തെ മാറ്റിനിർത്തി. പകരം ഡി.കെ.മുരളിക്കാണ് ടിക്കറ്റ് നൽകിയത്. ഇതേത്തുടർന്ന് ഉടലെടുത്ത ഭിന്നത ഒരു പരിധി വരെ പരിഹരിച്ചിട്ടുണ്ട്. കോൺഗ്രസ്സിൽ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി പി.നായർ സീറ്റുറപ്പിച്ചിരുന്നതാണെങ്കിലും ഒടുവിൽ നറുക്കുവീണത് കെ.പി.സി.സി. ജനറൽ സെക്രട്ടറി ടി.ശരത്ചന്ദ്രപ്രസാദിനായിരുന്നു. ഇതിന്റെ പ്രശ്നങ്ങൾ നിലനിൽക്കുന്നു. 2006ൽ പാർട്ടി സീറ്റ് നിഷേധിച്ചപ്പോൾ തിരുവനന്തപുരം വെസ്റ്റിൽ വിമതനായി മത്സരിച്ചു തോറ്റ ചരിത്രം ശരത്തിനുമുണ്ട്. കഴിഞ്ഞ തവണ സി.പി.എമ്മിന് തലവേദനയായ സീറ്റാണ് പാറശ്ശാല. ഇവിടെ നിന്ന് നെയ്യാറ്റിൻകരയിലേക്കു മാറ്റിയതിൽ തുടങ്ങിയ പ്രതിഷേധമാണ് ആർ.സെൽവരാജിനെ പിന്നീട് സി.പി.എമ്മിൽ നിന്ന് കോൺഗ്രസ്സിലെത്തിച്ചത്. സെൽവരാജിനെ മാറ്റി രംഗത്തെത്തിയ ആനാവൂർ നാഗപ്പൻ പാറശ്ശാലയിൽ 505 വോട്ടുകൾക്കാണെങ്കിലും തോറ്റു. ഇപ്പോൾ സി.പി.എം. ജില്ലാ സെക്രട്ടറിയായ നാഗപ്പന് അതിനാൽത്തന്നെ പാറശ്ശാലയിലേത് അഭിമാനപ്പോരാട്ടമാണ്. സി.പി.എമ്മിന്റെ ജനകീയ നേതാവ് സി.കെ.ഹരീന്ദ്രനാണ് കോൺഗ്രസ്സിന്റെ സിറ്റിങ് എം.എൽ.എ. എ.ടി.ജോർജ്ജിനെ നേരിടുന്നത്. ജോർജ്ജിനെ വീണ്ടും മത്സരിപ്പിക്കുന്നതിനെതിരെ കെ.പി.സി.സി. പ്രസിഡന്റ് വി.എം. സുധീരൻ രംഗത്തെത്തിയത് വിവാദമായിരുന്നു. ഇതിന്റെ കനലുകൾ ഇപ്പോഴുമുണ്ട്. ബി.ജെ.പിക്ക് കാര്യമായ സ്വാധീനമുള്ള മണ്ഡലം കൂടിയാണിത്. താൻ ജയിക്കുമെന്ന മുൻകൂർ പ്രഖ്യാപനവുമായി ബി.ജെ.പി. ദേശീയ കൗൺസിൽ അംഗം കരമന ജയൻ ഇവിടെ എൻ.ഡി.എയുടെ കൊടിയേന്തുന്നു.

നെയ്യാറ്റിൻകരയിൽ സി.പി.എം. തങ്ങൾക്കു കിട്ടാവുന്ന ഏറ്റവും മികച്ച സ്ഥാനാർത്ഥിയെ രംഗത്തിറക്കിയിരിക്കുന്നു, കെ.ആൻസലൻ. സെൽവരാജിന്റെ ചതിക്ക് പകരം ചോദിച്ചേ മതിയാകൂ എന്ന വാശിയിലാണവർ. സിറ്റിങ് എം.എൽ.എ. സെൽവരാജ് സി.പി.എമ്മിൽ നിന്നു മാറി കോൺഗ്രസ്സിലെത്തിയയാളാണ്. കാലുമാറ്റത്തിന്റെ ഭാഗമായി സെൽവരാജ് രാജിവച്ച് വീണ്ടും ഉപതിരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ സി.പി.എമ്മിന് അദ്ദേഹത്തെ തോല്പിക്കാനായിരുന്നില്ല. ആൻസലനെ സ്ഥാനാർത്ഥിയാക്കിയാൽ സെൽവരാജിനെ വീഴ്ത്താമെന്ന് അന്നു തന്നെ അഭിപ്രായമുയർന്നതാണെങ്കിലും എന്തുകൊണ്ടോ പാർട്ടി വഴങ്ങിയില്ല. ആ പിഴവ് ഇപ്പോൾ തിരുത്തുകയാണ്. പഴയ കണക്ക് ഇത്തവണ തീർക്കുമെന്ന് സി.പി.എമ്മുകാർ ആണയിടുന്നു. എൻ.ഡി.എയ്ക്കു വേണ്ടി രംഗത്തിറങ്ങുന്നത് ബി.ജെ.പി. ഒ.ബി.സി. മോർച്ച സംസ്ഥാന പ്രസിഡന്റ് പുഞ്ചക്കരി സുരേന്ദ്രനാണ്.


ശബരിനാഥ്



എ.എ. റഷീദ്


ഐ.ബി. സതീഷ്


അഡ്വ.വി.ജോയ്

സംസ്ഥാനത്തെ പൊതുവായ രാഷ്ട്രീയാന്തരീക്ഷം, വികസനപദ്ധതികളുടെ നടത്തിപ്പ്, സ്ഥാനാർഥികളുടെ മികവ്, സാമുദായിക താത്പര്യങ്ങൾ എന്നിവയൊക്കെ തിരഞ്ഞെടുപ്പിനെ ബാധിക്കുന്നുവെന്ന് തിരുവനന്തപുരം ജില്ലയിലെ ഇതുവരെയുള്ള ഫലങ്ങൾ വിലയിരുത്തിയാൽ കാണാം. ഏറ്റവുമൊടുവിൽ നടന്ന രണ്ടു തിരഞ്ഞെടുപ്പുകളിലും സാമുദായിക താത്പര്യങ്ങൾ വലിയ സ്വാധീനം ചെലുത്തിയെന്നു വ്യക്തമാണ്. ലോക്സഭാ തിരഞ്ഞെടുപ്പിലും ഒരു പരിധി വരെ തദ്ദേശ തിരഞ്ഞെടുപ്പിലും സാമുദായിക സമവാക്യങ്ങൾ നേട്ടമായത് ബി.ജെ.പിക്കാണ്. ബെന്നറ്റ് നാടാർക്കെതിരെ പ്രതികരിക്കാൻ സി.പി.എം. നായന്മാർ താമരയിൽ ആഞ്ഞുകുത്തിയതാണ് നാലു മണ്ഡലങ്ങളിൽ രാജഗോപാലിനെ ഒന്നാമതെത്തിച്ചതെന്ന കാര്യം പരസ്യമായ രഹസ്യം. തദ്ദേശ തിരഞ്ഞെടുപ്പിലും ഈ നായർ ഏകീകരണം ബി.ജെ.പിക്കനുകൂലമായി ഉണ്ടായി. തിരുവനന്തപുരം കോർപ്പറേഷനിൽ സി.പി.എമ്മിന്റെ പ്രമുഖരായ സി.ജയൻബാബുവും കെ.സി.വിക്രമനുമെല്ലാം പരാജിതരായത് ഉദാഹരണം. പക്ഷേ, ഇപ്പോൾ അങ്ങനെയുള്ള പിന്തുണ ഒരു പാർട്ടിക്കുമില്ല. തലസ്ഥാനജില്ലയിലെ മത്സരത്തിന് ചൂടേറ്റുന്ന ഘടകവും അതു തന്നെ.


പുതിയ കാലം
പുതിയ എഴുത്ത്



₹ 150
കരയിലേക്ക് ഒരു കടൽദൂരം
നോവൽ
വിനോദ് മങ്കര
നോവലിൽ നിന്നു സിനിമ പിറക്കുന്നതു സാധാരണം. എന്നാൽ സിനിമയിൽ നിന്ന് പിറവികൊണ്ട നോവൽ എന്ന അസാധാരണത്വം വഹിക്കുന്ന കൃതി



₹ 40
മിസ്ഡ് കോൾ
കഥകൾ
വി.എച്ച്.നിഷാദ്
പുതിയകാലത്തിന്റെ മാനസിക വേഗങ്ങളെ ബയോപ്സിക്കുവെക്കുന്ന സ്പെസിമെനുകളായി മാറുന്ന കഥകൾ. മലയാളത്തിലെ പ്രമുഖ എഴുത്തുകാർ വരച്ച രേഖാചിത്രങ്ങൾ ഉള്ളടങ്ങിയ കഥാസമാഹാരം



₹ 265
ലോകസിനിമ വാഴ്ത്തപ്പെട്ടവരുടെ സുവിശേഷങ്ങൾ
രാജൻ തുവ്വാര
ചാർലി ചാപ്ലിൻ, ഹിച്ച്കോക്ക്, കുറസോവ, ഫെല്ലിനി, സ്പീൽബർഗ് തുടങ്ങിയ 24 മഹാരഥൻമാരുടെ ചലച്ചിത്രകലയും ജീവിതവും.

Shop online from **www.tbsbook.com**
and avail special offers

POORNA SINCE 1966
പൂർണ പബ്ലിക്കേഷൻസ് കോഴിക്കോട് – 673001
Ph: 9656000373 e-mail : tbsbook@gmail.com
കോഴിക്കോട് • കണ്ണൂർ • കൽപ്പറ്റ • തൃശ്ശൂർ • കോട്ടയം • തിരുവനന്തപുരം
എല്ലാതരം ഇംഗ്ലീഷ് മലയാളം പുസ്തകങ്ങളും ലഭിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ പുസ്തകശാലാശൃംഖല

# കൊല്ലം ഇടതിന്റെ ഇല്ലം



**കൊ**ല്ലം ഇടതുകോട്ടയാണ്. തദ്ദേശ തിരഞ്ഞെടുപ്പിൽ ഏറെക്കുറെ ഏകപക്ഷീയമായി ലഭിച്ച വിജയം എൽ.ഡി.എഫിന്റെ ആത്മവിശ്വാസം ഉയർത്തിയിട്ടുണ്ട്. 2011ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ കൊല്ലത്തെ 11 സീറ്റുകളിൽ ഒമ്പതെണ്ണവും വിജയിച്ചത് എൽ.ഡി.എഫ്. ഇക്കുറിയും അത് ആവർത്തിക്കാനാണ് എൽ.ഡി.എഫ്. ശ്രമം. കാര്യങ്ങൾ അത്രയ്ക്ക് എളുപ്പമല്ലെന്നു മാത്രം. കഴിഞ്ഞ അഞ്ചു വർഷത്തിനിടെ സംസ്ഥാനത്തുണ്ടായ എല്ലാ മുന്നണി മാറ്റങ്ങളും കൊല്ലത്ത് പ്രതിഫലിക്കുന്നു. കഴിഞ്ഞ തവണ എൽ.ഡി.എഫിലുണ്ടായിരുന്ന ചിലർ യു.ഡി.എഫിലാണ്. യു.ഡി.എഫിലുണ്ടായിരുന്ന ചിലർ എൽ.ഡി.എഫിലാണ്. അതുകൊണ്ടു തന്നെ ഇരുകൂട്ടരുടെയും തന്ത്രങ്ങളും കുതന്ത്രങ്ങളും പരസ്പരം നന്നായറിയാം. മത്സരം തീപാറും.



മേഴ്സിക്കുട്ടി അമ്മ

എൽ.ഡി.എഫിൽ നിന്ന് സി.പി.എമ്മും സി.പി.ഐയും നാലു വീതം സീറ്റുകളിൽ മത്സരിക്കുന്നു. കേരളാ കോൺഗ്രസ് –ബി, സി.എം.പി. അരവിന്ദാക്ഷൻ വിഭാഗം, ആർ.എസ്.പി. ലെനിനിസ്റ്റ് എന്നിവ ഓരോ സീറ്റിൽ മത്സരിക്കുന്നു. ഒരു സീറ്റുള്ള മൂന്നു പേരും മുന്നണി മാറിയെത്തിയവർ. കോവൂർ കുഞ്ഞുമോൻ ആർ.എസ്.പിയിലൂടെ ഇടക്കാലത്ത് യു.ഡി.എഫിലേക്കു പോയെങ്കിലും ആർ.എസ്.പി. ലെനിനിസ്റ്റുമായി തിരിച്ചെത്തി മത്സരിക്കുകയാണ്. ആർ.എസ്.പി. പോയതിനെത്തുടർന്ന് ഒഴിവു വന്ന സീറ്റുകളിൽ കുന്നത്തൂർ ആർ.എസ്.പി. ലെനിനിസ്റ്റിനും ചവറ സി.എം.പി.ക്കും കൊടുത്തു. ഇരവിപുരം സി.പി.എം. ഏറ്റെടുത്തു. പകരം കഴിഞ്ഞ തവണ സി.പി.എം. മത്സരിച്ച പത്തനാപുരം കേരളാ കോൺഗ്രസ് –ബിക്കു കൊടുത്തു. യു.ഡി.എഫിൽ കോൺഗ്രസ്സിനാണ് സിംഹഭാഗം സീറ്റുകൾ –ഏഴെണ്ണം. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ആറു സീറ്റിൽ മത്സരിച്ച കോൺഗ്രസ്സിന് പച്ചതൊടാനായിരുന്നില്ല. ആർ.എസ്.പി. മൂന്നു സീറ്റിലും മുസ്ലിം ലീഗ് ഒരു സീറ്റിലും യു.ഡി.എഫ്. പതാക പാറിക്കാൻ ശ്രമിക്കുന്നു. കേരള കോൺഗ്രസ് (ബി) യു.ഡി.എഫ്. വിട്ടതോടെ ലഭിച്ച പത്തനാപുരം, കൊട്ടാരക്കര സീറ്റുകൾ കോൺഗ്രസ് തന്നെ എടുത്തു. ജെ.എസ്.എസ്. കഴിഞ്ഞ തവണ മത്സരിച്ച കരുനാഗപ്പള്ളിയും കോൺഗ്രസ് ഏറ്റെടുത്തു. മുസ്ലിം ലീഗ് ഇരവിപുരം ആർ.എസ്.പിക്കു വിട്ടുകൊടുത്ത് കോൺഗ്രസ്സിൽ നിന്ന് പുനലൂർ സ്വീകരിച്ചു. കുന്നത്തൂരും ആർ.എസ്.പിക്ക് കോൺഗ്രസ് നൽകി. ആർ.എസ്.പി.–ബിയുടേതായിരുന്ന ചവറ സ്വാഭാവികമായും ആർ.എസ്.പിയുടേതായി. മൊത്തത്തിൽ കോൺഗ്രസ്സിന് ഒരു സീറ്റ് നേട്ടം. എൻ.ഡി.എ. മുന്നണിയിൽ നിന്ന് ബി.ജെ.പി. അഞ്ചു സീറ്റിലും ബി.ഡി.ജെ.എസ്. നാലു സീറ്റിലും മത്സരിക്കുന്നു. ജെ.എസ്.എസ് രാജൻബാബു വിഭാഗവും കേരള കോൺഗ്രസ് പി.സി. തോമസ് വിഭാഗവും ഓരോ സീറ്റിലുണ്ട്.

മികച്ച സ്ഥാനാർഥികളും ചിട്ടയായ പ്രവർത്തനവും കൊണ്ട് ഇത്തവണ ചരിത്രം മാറ്റിയെഴുതാമെന്ന വിശ്വാസത്തിലാണ് യു.ഡി.എഫ്. അവരുടെ ആത്മവിശ്വാസത്തിന് കാരണമുണ്ട്. 2011ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. തേരോട്ടം നടത്തിയെങ്കിലും 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്ഥിതി പാടേ മാറി. കൊല്ലം മണ്ഡലം പൂർണമായും ആലപ്പുഴ, മാവേലിക്കര മണ്ഡലങ്ങളുടെ ഭാഗങ്ങളും ഉൾപ്പെടുന്നതാണ് കൊല്ലം ജില്ല. ഈ മൂന്നിടത്തും യു.ഡി.എഫ്. സ്ഥാനാർഥികൾ ജയിച്ചുകയറി, സാമാന്യം നല്ല ഭൂരിപക്ഷത്തിൽ തന്നെ. ഇതിൽ തങ്ങൾക്ക് ആശങ്കയില്ലെന്ന് എൽ.ഡി.എഫ്. 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ജില്ല തൂത്തുവാരി. ജില്ലാ പഞ്ചായത്തും കൊല്ലം കോർപ്പറേഷനും നാലു നഗരസഭകളും 11 ബ്ലോക്ക് പഞ്ചായത്തുകളും എൽ.ഡി.എഫ്. പിടിച്ചെടുത്തു. 68 പഞ്ചായത്തുകളിൽ 61ലും അവർ ഭരണം നേടി. ശക്തികേന്ദ്രമായ ചവറയിൽ പോലും ആർ.എസ്.പി. ഈ കുത്തൊഴുക്കിൽ ഒലിച്ചുപോയി. ശക്തമായ പ്രവർത്തനവുമായി ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. സ്ഥാനാർഥികളും എല്ലാ മണ്ഡലത്തിലും സാന്നിധ്യം അറിയിച്ചിട്ടുണ്ട്. തദ്ദേശ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് ജില്ലയിലുണ്ടായ വളർച്ച എടുത്തുപറയണം.

ജില്ലയിൽ ഏറ്റവും ശ്രദ്ധേയമായ മത്സരം രണ്ടു താരമണ്ഡലങ്ങളിലാണ് –പത്തനാപുരത്തും കൊല്ലത്തും. ഇതിൽ സംസ്ഥാനത്തെ ഏറ്റവും വലിയ താരപോരാട്ടം



## ആർ.എസ്.പി കൊല്ലം ജില്ലയിൽ തോറ്റാൽ പാർട്ടിയുടെ നിലനില്പ് തന്നെ അപകടത്തിലാവും. എൽ.ഡി.എഫ്. വിട്ട് യു.ഡി.എഫിൽ ചേക്കേറിയ അവർക്ക് മത്സരിക്കുന്ന മൂന്നു സീറ്റിലും ജയിച്ചേ മതിയാകൂ. ആ ലക്ഷ്യം ബാലികേറാമലയാണ്

പത്തനാപുരത്തേതു തന്നെ. ഇവിടെ മൽസരിക്കുന്ന മുന്നണി സ്ഥാനാർഥികളെല്ലാം സിനിമാതാരങ്ങളാണ്. എൽ.ഡി.എഫിൽ സിറ്റിങ് എം.എൽ.എയായ കേരള കോൺഗ്രസ് –ബിയിലെ കെ.ബി.ഗണേഷ്കുമാറിനെ നേരിടാൻ കോൺഗ്രസ് രംഗത്തിറക്കിയത് പി.വി.ജഗദീഷ്കുമാറെന്ന ജഗദീഷിനെയാണ്. ബി.ജെ.പിക്കു വേണ്ടിയിറങ്ങിയ രഘു ദാമോദരൻ എന്ന ഭീമൻ രഘുവാണ് എൻ.ഡി.എ. സ്ഥാനാർഥി. മൂന്നു തവണ തുടർച്ചയായി എം.എൽ.എ.യായ ഗണേഷ് കുമാർ നാലാം തവണ മത്സരിക്കാനെത്തുന്നത് ചേരിമാറ്റത്തിന്റെ അകമ്പടിയോടെ. ആദ്യമായി അദ്ദേഹം ഇടതുപാളയത്തിൽ. കഴിഞ്ഞ രണ്ടു തവണയും തുടർവിജയം നേടിയ മുൻ മന്ത്രി പി.കെ. ഗുരുദാസനെ മാറ്റിയിട്ടാണ് ചലച്ചിത്ര താരം മുകേഷിനെ സി.പി.എം. കൊല്ലത്ത് സ്ഥാനാർത്ഥിയാക്കിയത്. ചെറിയ എതിർപ്പുകൾ പാർട്ടി തലത്തിൽ ഉണ്ടായിരുന്നുവെങ്കിലും പിണറായി വിജയൻ നേരിട്ടെത്തി മുകേഷിന്റെ സ്ഥാനാർത്ഥിത്വം ഉറപ്പിച്ചതോടെ സ്ഥിതിഗതികൾ മാറി. പി.കെ.ഗുരുദാസൻ തന്നെയാണ് മുകേഷിന്റെ പ്രചാരണത്തിനു ചുക്കാൻ പിടിക്കുന്നത്. മുകേഷിന്റെ ഭാര്യ മേതിൽ ദേവികയടക്കമുള്ള കുടുംബാംഗങ്ങളും പ്രചാരണത്തിനുണ്ട്. സുധീരന്റെ നോമിനി എന്ന നിലയിൽ സ്ഥാനാർത്ഥിത്വം നേടിയ ഡി.സി.സി. വൈസ് പ്രസിഡന്റ് സൂരജ് രവി കോൺഗ്രസ്സിന്റെ പട നയിക്കുന്നു. മുൻ എം.എൽ.എ. തോപ്പിൽ രവിയുടെ മകനാണ് സൂരജ്. കൊല്ലം എസ്.എൻ. കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ.കെ.ശശികുമാറാണ് ജെ.എസ്.എസ്.–രാജൻബാബു വിഭാഗത്തിന്റെ ബാനറിൽ എൻ.ഡി.എയ്ക്കു വേണ്ടിയിറങ്ങുന്നത്.



മുല്ലക്കര രത്നാകരൻ



എം.എം. ഹസ്സൻ



കോവൂർ കുഞ്ഞുമോൻ

ഇത്തവണത്തെ നിയമസഭാ തിരഞ്ഞെടുപ്പ് ഏറ്റവും നിർണ്ണായകമാവുന്നത് ആർ.എസ്.പിക്കാണ്. കൊല്ലം ജില്ലയിൽ തോറ്റാൽ പാർട്ടിയുടെ നിലനില്പ് തന്നെ അപകടത്തിലാവും. എൽ.ഡി.എഫ്. വിട്ട് യു.ഡി.എഫിൽ ചേക്കേറിയ അവർക്ക് മത്സരിക്കുന്ന മൂന്നു സീറ്റിലും ജയിച്ചേ മതിയാകൂ. തദ്ദേശ തിരഞ്ഞെടുപ്പിലേറ്റ തിരിച്ചടി നോക്കുമ്പോൾ ആ ലക്ഷ്യം ബാലികേറാമലയാണു താനും. മുന്നണി മാറ്റത്തിനു ചുക്കാൻ പിടിച്ച ആർ.എസ്.പി. സംസ്ഥാന സെക്രട്ടറി എ.എ.അസീസ് ഇരവിപുരത്ത് സീറ്റ് നിലനിർത്താനുള്ള പോരാട്ടത്തിലാണ്. എൽ.ഡി.എഫിൽ നിന്നു ജയിച്ച സീറ്റ് യു.ഡി.എഫിനു വേണ്ടി നിലനിർത്തുക എളുപ്പമല്ല. പ്രത്യേകിച്ചും അസീസിനെ തോല്പിക്കാൻ സി.പി.എം. അരയും തലയും മുറുക്കി രംഗത്തിറങ്ങിയിരിക്കുന്ന സാഹചര്യത്തിൽ. ആർ.എസ്.പി. പോയതോടെ ഒഴിഞ്ഞ ഇരവിപുരത്ത് സി.പി.എം. അരിവാൾ ചുറ്റിക നക്ഷത്രം ചിഹ്നത്തിൽ തന്നെയാണ് സ്ഥാനാർത്ഥിയെ നിർത്തിയിരിക്കുന്നത് –കൊല്ലം കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം.നൗഷാദിനെ. എൻ.ഡി.എയ്ക്കു വേണ്ടി ബി.ഡി.ജെ.എസ്സിലെ ആക്കാവിള സതീഷ് കൂടിയായാൽ ചിത്രം തെളിഞ്ഞു.

ആർ.എസ്.പികളുടെ മത്സരം കഴിഞ്ഞ തവണ ചവറയിലായിരുന്നുവെങ്കിൽ ഇക്കുറി കുന്നത്തൂരാണ്. ആദ്യം ആർ.എസ്.പിയോടൊപ്പം യു.ഡി.എഫിലേക്കു പോയെങ്കിലും പിന്നെ തെറ്റിപ്പിരിഞ്ഞ് ആർ.എസ്.പി.–ലെനിനിസ്റ്റുമായി എൽ.ഡി.എഫിൽ തിരികെയെത്തിയ സിറ്റിങ് എം.എൽ.എ. കോവൂർ കുഞ്ഞുമോനാണ് ഇടതു സ്ഥാനാർത്ഥി. കുഞ്ഞുമോന്റെ അടുത്ത ബന്ധു തന്നെയായ ഉല്ലാസ് കോവൂരിനെ സ്ഥാനാർത്ഥിയാക്കിയാണ് യു.ഡി.എഫിനു വേണ്ടി ആർ.എസ്.പിയുടെ നില്പ്. ബി.ഡി.ജെ.എസ്. സ്ഥാനാർത്ഥി തഴവ സഹദേവൻ എൻ.ഡി.എയ്ക്കു വേണ്ടി മത്സരിക്കുന്നു. ആർ.എസ്.പിയുടെ തലയെടുപ്പുള്ള നേതാക്കളിലൊരാളായിരുന്ന കേരള കിസ്സിഞ്ജർ ബേബി ജോണിന്റെ മകൻ ഷിബു ബേബി ജോൺ ആദ്യമായി പാർട്ടി ചിഹ്നത്തിൽ യു.ഡി.എഫിനു വേണ്ടി മത്സരിക്കുന്നു എന്നതാണ് ചവറയിലെ മത്സരത്തിന്റെ പ്രത്യേകത. ആർ.എസ്.പിയുടെയും ആർ.എസ്.പി.–ബിയുടെയും ലയനമാണ് ഇതു സാദ്ധ്യമാക്കിയത്. എൽ.ഡി.എഫിൽ ഏറെ വിവാദമുണ്ടാക്കിയ സ്ഥാനാർത്ഥിനിർണ്ണയമാണ് ചവറയിലേത്. സി.എം.പി.–അരവിന്ദാക്ഷൻ വിഭാഗം സംസ്ഥാനത്ത് മത്സരിക്കുന്ന ഏക സീറ്റിൽ പഴയ ആർ.എസ്.പിക്കാരനും കോൺഗ്രസ്സുകാരനുമൊക്കെയായ ചവറ എൻ.വിജയൻ പിള്ളയാണ് സ്ഥാനാർത്ഥി. ഇവിടെ സീറ്റിനൊപ്പം സ്ഥാനാർത്ഥിയെയും സി.പി.എം. കൊടുത്തതാണെന്നാണ് ഉപശാലാ വർത്തമാനം. പ്രമുഖ വ്യവസായി രവി പിള്ളയുടെ ബന്ധുവാണ് വിജയൻ പിള്ള. ബി.ജെ.പി. മേഖലാ ജനറൽ സെക്രട്ടറി എം.സുനിലാണ് എൻ.ഡി.എ. സ്ഥാനാർഥി.

ജില്ലയിൽ സി.പി.ഐ.യുടെ നാല് സിറ്റിങ് സീറ്റുകളിൽ കരുനാഗപ്പള്ളിയിൽ മാത്രമാണ് പുതിയ മുഖം. പുനലൂരിൽ കെ.രാജുവും ചടയമംഗലത്ത് മുല്ലക്കര രത്നാകരനും പാർട്ടിയുടെ ഇളവുനേടി വീണ്ടും മത്സരിക്കുന്നു. പുനലൂർ ഇത്തവണ മുസ്ലിം ലീഗിനാണ് യു.ഡി.എഫ്. നൽകിയിരിക്കുന്നത്. സ്ഥിരമായി മത്സരിച്ചിരുന്ന ഇരവിപുരം ആർ.എസ്.പിക്കു നൽകേണ്ടി വന്ന സാഹചര്യത്തിൽ ഏറെ വിലപേശലിനു ശേഷമാണ് ലീഗിന് പുനലൂർ കിട്ടിയത്. മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റും മുൻ എം.എൽ.എയുമായ എ.യൂനുസ്

കുഞ്ഞാണ് സ്ഥാനാർത്ഥി. എൻ.ഡി.എയിൽ നിന്ന് കേരളാ കോൺഗ്രസ്–പി.സി.തോമസ് വിഭാഗം ജില്ലാ വൈസ് പ്രസിഡന്റ് സിസിൽ ഫെർണാണ്ടസ് മത്സരിക്കുന്നു. ചടയമംഗലത്ത് മുല്ലക്കര രത്നാകരന്റെ ജയം എല്ലാവരും ഉറപ്പിച്ചതാണ്. എന്നാൽ, മുല്ലക്കരയെ പിടിച്ചുകെട്ടാൻ കോൺഗ്രസ്സിന്റെ മുതിർന്ന നേതാവ് എം.എം.ഹസ്സൻ അങ്കത്തട്ടിലിറങ്ങിയതോടെ മത്സരത്തിന് വീറും വാശിയും കൈവന്നിരിക്കുന്നു. ബി.ജെ.പി. ദേശീയ കൗൺസിലംഗം കെ.ശിവദാസനാണ് എൻ.ഡി.എ. സ്ഥാനാർത്ഥി. കൊല്ലം ജില്ലയിൽ ബിജെപിയുടെ ആദ്യത്തെ പഞ്ചായത്തംഗമായ ശിവദാസൻ 1987ൽ ഹിന്ദു മുന്നണി സ്ഥാനാർത്ഥിയായി ചടയമംഗലത്ത് മത്സരിച്ചിട്ടുണ്ട്. ചാത്തന്നൂരിൽ സി.പി.ഐയിലെ ജി.എസ്.ജയലാൽ എൽ.ഡി.എഫിനു വേണ്ടി രണ്ടാം തവണയാണ് മത്സരിക്കുന്നത്. കെ.പി.സി.സി. ജനറൽ സെക്രട്ടറി ശൂരനാട് രാജശേഖരനാണ് യു.ഡി.എഫ്. സ്ഥാനാർഥി. കൊല്ലത്ത് എൻ.ഡി.എയിൽ നിന്ന് ബി.ഡി.ജെ.എസ്. മത്സരിക്കുന്ന മണ്ഡലമാണിത്. ചാത്തന്നൂർ എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡന്റ് ബി.ബി.ഗോപകുമാറാണ് സ്ഥാനാർഥി. കരുനാഗപ്പള്ളിയിലെ സിറ്റിങ് എം.എൽ.എ. സി.ദിവാകരൻ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് സ്ഥാനാർത്ഥിയായി പോയപ്പോൾ സി.പി.ഐ. കൊല്ലം ജില്ലാ സെക്രട്ടറി ആർ.രാമചന്ദ്രൻ കന്നിയങ്കത്തിനിറങ്ങിയിരിക്കുന്നു. യു.ഡി.എഫിൽ നിന്ന് പ്രതിയോഗിയായെത്തുന്ന യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.ആർ.മഹേഷിനും കന്നിയങ്കം തന്നെ. ബി.ഡി.ജെ.എസ്സിലെ വി.സദാശിവനാണ് എൻ.ഡി.എ. സ്ഥാനാർത്ഥി.

ജില്ലയിലെ ഏറ്റവും ശബ്ദായമാനമായ മത്സരം കുണ്ടറയിൽ തന്നെ. ഏറ്റവും ശാന്തമായ മത്സരം കൊട്ടാരക്കരയിലും. സി.പി.എം. പൊളിറ്റ് ബ്യൂറോ അംഗം എം.എ.ബേബി ഒഴിഞ്ഞ കുണ്ടറ സീറ്റിൽ മുൻ എം.എൽ.എ. ജെ.മേഴ്സിക്കുട്ടിയമ്മയാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. ശക്തമായ വെല്ലുവിളി ഉയർത്തി കോൺഗ്രസ്സിന്റെ നാവായ രാജ്മോഹൻ ഉണ്ണിത്താൻ യു.ഡി.എഫിനു വേണ്ടി മത്സരം കൊഴുപ്പിക്കുന്നു. ബി.ജെ.പി. ദക്ഷിണ മേഖല ജനറൽ സെക്രട്ടറി എം.എസ്.ശ്യാംകുമാറാണ് എൻ.ഡി.എ. സ്ഥാനാർത്ഥി. ആർ.ബാലകൃഷ്ണപിള്ളയുടെ അപ്രമാദിത്വത്തിൽ നിന്ന് കൊട്ടാരക്കര സീറ്റ് സി.പി.എമ്മിന് നേടിക്കൊടുത്ത പി.അയിഷാപോറ്റി ഇത്തവണ എൽ.ഡി.എഫിനു വേണ്ടി മൂന്നാം അങ്കത്തിനിറങ്ങിയിരിക്കുന്നു. യു.ഡി.എഫിനു വേണ്ടി അവരെ നേരിടുന്നത് യൂത്ത് കോൺഗ്രസ് നേതാവ് സവിൻ സത്യനാണ്. ബി.ജെ.പി കൊട്ടാരക്കര മണ്ഡലം വൈസ് പ്രസിഡന്റായ ഹൈസ്കൂൾ അധ്യാപിക രാജേശ്വരി രാജേന്ദ്രനാണ് എൻ.ഡി.എ. സ്ഥാനാർത്ഥി.

കശുഅണ്ടി വികസന കോർപ്പറേഷന്റേതടക്കമുള്ള ബഹുഭൂരിപക്ഷം ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നതിനാൽ ഈ മേഖലയിൽ ഉണ്ടായ പ്രതിസന്ധി ജില്ലയിലെ തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കും. കശുഅണ്ടി, കയർ എന്നീ പരമ്പരാഗത തൊഴിൽ മേഖലകളിലെ രണ്ടര ലക്ഷത്തോളം വരുന്ന തൊഴിലാളികളും കുടുംബങ്ങളും തിരഞ്ഞെടുപ്പിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്ന ഘടകമാണ്. യു.ഡി.എഫിനെ ആശങ്കയിലാക്കുന്നതും ഇതു തന്നെ. അത്ഭുതങ്ങൾ സംഭവിച്ചില്ലെങ്കിൽ ജില്ലയിൽ ഭൂരിഭാഗം സീറ്റുകളും ഇടതിനെ വരിക്കും എന്നു തന്നെയാണ് സൂചനകൾ.



### ആറന്മുളയിൽ നിന്ന്

മത്സരത്തിന്റെ ചൂടല്ല, മറിച്ച് സ്ഥാനാർത്ഥി നിർണ്ണയത്തിലെ തർക്കങ്ങളാണ് ഇക്കുറി പത്തനംതിട്ടയെ സംസ്ഥാനത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കിയത്. ഈ തർക്കത്തിൽ നിന്ന് എൽ.ഡി.എഫും. യു.ഡി.എഫും മുക്തമായിരുന്നില്ല. എൽ.ഡി.എഫിലെ തർക്കം ആറന്മുളയിലായിരുന്നു. സി.പി.എം. ജില്ലാ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ സ്ഥാനാർത്ഥിപട്ടിക പലവട്ടം സംസ്ഥാന നേതൃത്വം തള്ളി. ഒരു മണ്ഡലത്തിലേക്ക് ഏഴു പേരുകൾ പരിഗണിക്കുന്നത് സി.പി.എമ്മിന്റെ ചരിത്രത്തിലാദ്യമായിരുന്നു. ഒടുവിൽ മാധ്യമപ്രവർത്തകയായ വീണ ജോർജ്ജ് സംസ്ഥാന നേതൃത്വത്തിന്റെ ആശിർവാദത്തോടെ സ്ഥാനാർത്ഥിയായി. അതിനെതിരെ പാർട്ടി പ്രവർത്തകരിൽ ചിലർ പ്രതിഷേധമുയർത്തി. ചിലർക്കെതിരെ അച്ചടക്ക നടപടിയുണ്ടായി. ഇപ്പോൾ കാര്യങ്ങൾ ഒരുവിധം നിയന്ത്രണത്തിലായിട്ടുണ്ട്. യു.ഡി.എഫിനു വേണ്ടി പട നയിക്കുന്നത് കോൺഗ്രസ്സിലെ സിറ്റിങ് എം.എൽ.എ. കെ.ശിവദാസൻ നായർ. എം.ടി.രമേശ് കൂടിയാവുമ്പോൾ ത്രികോണം പൂർണ്ണമാവുന്നു. ബി.ജെ.പി.–എസ്.എൻ.ഡി.പി. യോഗം സഖ്യം നന്നായി പ്രതിഫലിച്ച മണ്ഡലമാണിത്. ഇടതുപക്ഷത്തിന്റെ ശക്തികേന്ദ്രം ഈഴവ വോട്ടുകളാണ്. എന്നാൽ, ബി.ജെ.പി. –എസ്.എൻ.ഡി.പി. യോഗം




മറിയാമ്മ ചെറിയാൻ

# പത്തനംതിട്ട: അഞ്ചിടത്തും ഇഞ്ചോടിഞ്ച്

**മത്സരത്തിന്റെ ചൂടല്ല, മറിച്ച് സ്ഥാനാർത്ഥി നിർണ്ണയത്തിലെ തർക്കങ്ങളാണ് ഇക്കുറി പത്തനംതിട്ടയെ സംസ്ഥാനത്തിന്റെ ശ്രദ്ധാകേന്ദ്രമാക്കിയത്. ഈ തർക്കത്തിൽ നിന്ന് എൽ.ഡി.എഫും യു.ഡി.എഫും മുക്തമായിരുന്നില്ല. കോന്നിയിലും ആറന്മുളയിലും തിരുവല്ലയിലും ചൂടേറിയ തർക്കം ഉണ്ടായി**

പത്തനംതിട്ട ചെറിയൊരു ജില്ലയാണ്. ഉള്ളത് അഞ്ചു നിയമസഭാ മണ്ഡലങ്ങൾ മാത്രം. ഇഞ്ചോടിഞ്ച് പോരാട്ടമാണ് ഇവിടെ നടക്കുന്നത്. യു.ഡി.എഫ്. ജില്ലയായിട്ടാണ് പത്തനംതിട്ട പൊതുവെ വിലയിരുത്തപ്പെട്ടിരുന്നത്. എന്നാൽ, നിയമസഭാ മണ്ഡലങ്ങളുടെ പുനർനിർണ്ണയത്തിനു ശേഷം നടന്ന ആദ്യ തിരഞ്ഞെടുപ്പിൽ തന്നെ ഈ കണക്കുകൂട്ടൽ തെറ്റി. ആഞ്ഞു പിടിച്ച എൽ.ഡി.എഫ്. 2011ൽ ജില്ലയെ ഇടത്തേക്കു ചായ്ച്ച് വലിച്ചു കെട്ടി. ആകെയുള്ള അഞ്ചിൽ മൂന്നും എൽ.ഡി.എഫ്. കൊണ്ടു പോയപ്പോൾ യു.ഡി.എഫിന് രണ്ടെണ്ണം മാത്രം. ഇടതുപക്ഷത്ത് റാന്നി രാജു ഏബ്രഹാമും തിരുവല്ല മാത്യു ടി.തോമസും നിലനിർത്തിയപ്പോൾ ചിറ്റയം ഗോപകുമാർ എൽ.ഡി.എഫിനു വേണ്ടി അടൂർ പിടിച്ചെടുത്തു. ആറന്മുളയിൽ കെ.ശിവദാസൻനായരും കോന്നിയിൽ അടൂർ പ്രകാശും യു.ഡി.എഫ്. സീറ്റുകൾ നിലനിർത്തി. ഈ അഞ്ച് സിറ്റിങ് എം.എൽ.എമാരും ഇത്തവണയും മത്സരരംഗത്തുണ്ട്.

2014 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ അഞ്ചു മണ്ഡലങ്ങളും യു.ഡി.എഫ്. സ്ഥാനാർത്ഥി ആന്റോ ആന്റണിക്ക് ഭൂരിപക്ഷം നൽകി. 2015ലെ തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പായപ്പോൾ ചിത്രം വീണ്ടും മാറി. ഗ്രാമപഞ്ചായത്തുകളിൽ ഇടതു മുന്നേറ്റം കണ്ടപ്പോൾ ജില്ലാ പഞ്ചായത്ത് വൻ ഭൂരിപക്ഷത്തിൽ യു.ഡി.എഫ്. സ്വന്തമാക്കി. 16ൽ 11 സീറ്റുകളും നേടിയത് യു.ഡി.എഫ്. നാലു നഗരസഭകളുള്ളതിൽ രണ്ടെണ്ണം വീതം ഇരു മുന്നണികളും പങ്കിട്ടെടുത്തു. അതിനാൽത്തന്നെ വലിയ അവകാശവാദങ്ങൾക്കൊന്നും ആരും മുതിരുന്നില്ല. പത്തനംതിട്ടയിൽ യഥാർത്ഥത്തിൽ വിധി നിർണ്ണയിക്കുക ഇടതു–വലതു മുന്നണികളായിരിക്കില്ല, മറിച്ച് ബി.ജെ.പി. ആയിരിക്കും. ലോക്സഭാ തിരഞ്ഞെടുപ്പിൽ എം.ടി.രമേശ് അഞ്ചുമണ്ഡലങ്ങളിലും 15,000ലേറെ വോട്ടുകൾ നേടിയിരുന്നു. റാന്നി, അടൂർ എന്നിവിടങ്ങളിൽ അവരുടെ വോട്ടുവിഹിതം 20,000 കവിഞ്ഞു. തദ്ദേശ തിരഞ്ഞെടുപ്പിൽ ബി.ഡി.ജെ.എസ്സിനെ കൂട്ടുപിടിച്ച് ബി.ജെ.പി. മികവ് തുടർന്നു. റാന്നിയിലും തിരുവല്ലയിലും അവർ വോട്ടുശേഖരം 20,000ൽ അധികമാക്കി. എം.ടി.രമേശ് നിയമസഭയിലേക്കും മത്സരിക്കുന്നുണ്ട്,



വീണാ ജോർജ്ജ്

ബാന്ധവത്തിലൂടെ വിള്ളൽ വീഴാൻ പോകുന്നത് യു.ഡി.എഫ്. വോട്ടുകളിലാണ്. പരമ്പരാഗത വോട്ടുകൾക്കൊപ്പം വീണയുടെ സാന്നിദ്ധ്യത്തിലൂടെ ഓർത്തഡോക്സ് വോട്ടുകൾ എത്തുമ്പോൾ ജയിച്ചു കയറാനാവുമെന്നാണ് എൽ.ഡി.എഫിന്റെ കണക്കുകൂട്ടൽ.

കോന്നിയിൽ മന്ത്രി അടൂർ പ്രകാശിനെതിരെ കെ.പി.സി.സി. പ്രസിഡന്റ് വി.എം.സുധീരൻ സ്വീകരിച്ച നിലപാട് അനിശ്ചിതത്വം സൃഷ്ടിച്ചു. ഒടുവിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ശക്തമായ പിന്തുണയിൽ പ്രകാശിന് സീറ്റു കിട്ടി. കോന്നിയിൽ സുധീരൻ തന്നെ പ്രചാരണത്തിനെത്തുകയും ചെയ്തു. എങ്കിലും ഈ സീറ്റ് മോഹിച്ച പത്തനംതിട്ട ഡി.സി.സി. പ്രസിഡന്റ്

**തിരുവല്ലയിൽ തന്റെ മുൻകാല ചെയ്തികളിൽ പുതുശ്ശേരി ഖേദം പ്രകടിപ്പിച്ചു. പി.ജെ കുര്യന്റെ എതിർപ്പു കാരണം മുടങ്ങിയ തിരുവല്ല യു.ഡി.എഫ്. കൺവെൻഷൻ കുര്യൻ തന്നെ ഒടുവിൽ ഉദ്ഘാടനം ചെയ്തു. പക്ഷേ, കനലുകൾ അണയാതെ കിടക്കുന്നു. എണ്ണൂറിലധികം ക്ഷേത്രങ്ങളുടെ താന്ത്രിക പുരോഹിതനായ അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാടാണ് തിരുവല്ലയിൽ ബി.ഡി.ജെ.എസ്സിലൂടെ എൻ.ഡി.എയ്ക്കു വേണ്ടി രംഗത്തിറങ്ങുന്നത്**

പി.മോഹൻരാജിന്റെ പിണക്കം മാറിയിട്ടില്ല. തുടർച്ചയായ അഞ്ചാം തവണയാണ് അടൂർ പ്രകാശ് മത്സരിക്കുന്നത്. ഇടതു മുന്നണിക്കുവേണ്ടി സി.പി.എം. ജില്ലാ സെക്രട്ടേറിയറ്റംഗം ആർ.സനൽകുമാർ മത്സരിക്കുന്നു. എൻ.ഡി.എയ്ക്കു വേണ്ടിയിറങ്ങുന്നത് ബി.ജെ.പിയിലെ ഡി.അശോക് കുമാർ.

റാന്നിയിൽ സി.പി.എമ്മിലെ രാജു ഏബ്രഹാം എൽ.ഡി.എഫിനു വേണ്ടി ഇറങ്ങുന്നതും തുടർച്ചയായ അഞ്ചാം തവണ. മുൻ എം.എൽ.എ. എം.സി. ചെറിയാന്റെ ഭാര്യ മറിയാമ്മ ചെറിയാനാണ് യു.ഡി.എഫ്. സ്ഥാനാർഥി. ഇവിടെ കോൺഗ്രസ് ബ്ലോക്ക് പഞ്ചായത്തംഗം ബെന്നി പുത്തൻപറമ്പിൽ റിബലായി മത്സരിക്കാൻ നീക്കം നടത്തിയിരുന്നുവെങ്കിലും പിന്മാറി. എൻ.ഡി.എയ്ക്കു വേണ്ടി ബി.ഡി.ജെ.എസ്സിലെ കെ.പത്മകുമാറാണ് മത്സരിക്കുന്നത്. എസ്.എൻ.ഡി.പി. യോഗം പത്തനംതിട്ട യൂണിയൻ പ്രസിഡന്റാണിദ്ദേഹം.

തിരുവല്ലയിൽ ജെ.ഡി.എസ്സിലെ മാത്യു ടി.തോമസ് വീണ്ടും ഇടതുമുന്നണി സ്ഥാനാർഥിയായി. കേരളാ കോൺഗ്രസ് –എമ്മിലെ ജോസഫ് എം.പുതുശ്ശേരിയാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി. സംസ്ഥാനത്ത് യു.ഡി.എഫിന് ഏറ്റവുമധികം തലവേദന സൃഷ്ടിച്ച മണ്ഡലങ്ങളിലൊന്നാണ് തിരുവല്ല. പുതുശ്ശേരിയെ മാറ്റണമെന്ന നിലപാട് രാജ്യസഭാ ഉപാദ്ധ്യക്ഷൻ കൂടിയായ കോൺഗ്രസ് നേതാവ് പി.ജെ.കുര്യൻ സ്വീകരിച്ചതാണ് കാരണം. അദ്ദേഹത്തിന്റെ പിന്തുണയോടെ കേരളാ കോൺഗ്രസ് –എമ്മിലെ രാജു പുല്ലിമ്പുള്ളി റിബൽ സ്ഥാനാർത്ഥിത്വം പ്രഖ്യാപിക്കുകയും ചെയ്തു. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ കുര്യന്റെ പിന്തുണയോടെ രംഗത്തുവന്ന യു.ഡി.എഫിന്റെ കേരളാ കോൺഗ്രസ്–എം സ്ഥാനാർത്ഥി വിക്ടർ ടി.തോമസിനെ തോല്പിക്കാൻ ചരടുവലിച്ചു എന്നതായിരുന്നു പുതുശ്ശേരിയോടുള്ള എതിർപ്പിനു കാരണം. ഒടുവിൽ ഉമ്മൻ ചാണ്ടിയും വി.എം.സുധീരനും ഇടപെട്ട് കാര്യങ്ങൾ ഒത്തുതീർപ്പാക്കി, റിബൽ പിന്മാറി.

തന്റെ മുൻകാല ചെയ്തികളിൽ പുതുശ്ശേരി ഖേദം പ്രകടിപ്പിച്ചു. കുര്യന്റെ എതിർപ്പു കാരണം മുടങ്ങിയ തിരുവല്ല യു.ഡി.എഫ്. കൺവെൻഷൻ കുര്യൻ തന്നെ ഒടുവിൽ ഉദ്ഘാടനം ചെയ്തു. പക്ഷേ, കനലുകൾ അണയാതെ കിടക്കുന്നു. എണ്ണൂറിലധികം ക്ഷേത്രങ്ങളുടെ താന്ത്രിക പുരോഹിതനായ അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാടാണ് തിരുവല്ലയിൽ ബി.ഡി.ജെ.എസ്സിലൂടെ എൻ.ഡി.എയ്ക്കു വേണ്ടി രംഗത്തിറങ്ങുന്നത്.


അടൂർ പ്രകാശ്


മാത്യു ടി. തോമസ്


ജോസഫ് എം. പുതുശ്ശേരി


അക്കീരമൺ

കഴിഞ്ഞ തവണ പിടിച്ചെടുത്ത അടൂർ നിലനിർത്താനുള്ള നിയോഗം സി.പി.ഐയിലെ ചിറ്റയം ഗോപകുമാറിനെത്തന്നെയാണ് എൽ.ഡി.എഫ്. ഏൽപ്പിച്ചിരിക്കുന്നത്. ജെ.എസ്.എസ്സിൽ നിന്ന് കോൺഗ്രസ്സിലെത്തിയ കെ.കെ.ഷാജുവാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി.

യു.ഡി.എഫിന് റിബൽ ഭീഷണിയുള്ള മറ്റൊരു മണ്ഡലമാണ് അടൂർ. മണ്ഡലത്തിലുള്ള കോൺഗ്രസ് നേതാക്കളെ തഴഞ്ഞ് അല്പകാലം മുമ്പു മാത്രം പാർട്ടിയിലെത്തിയ ഷാജുവിനെ കൈപ്പത്തി ചിഹ്നത്തിൽ മത്സരിപ്പിക്കുന്നതിനെതിരെ മുൻ ദേവസ്വം ബോർഡ് അംഗം കെ.വി.പത്മനാഭൻ മത്സരിക്കുമെന്നു പ്രഖ്യാപിച്ചെങ്കിലും നിന്നില്ല. ദളിത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി അടൂർ മോഹൻദാസ് പത്രിക നൽകിയെങ്കിലും പിൻവലിച്ചു. സ്ഥാനാർഥി നിർണയത്തിന് എതിരെ കെ.പി.സി.സി. നിർവാഹക സമിതിയംഗം പന്തളം കെ.പ്രതാപനും രംഗത്തുവരികയുണ്ടായി. ഷാജുവിനെ തോല്പിക്കാൻ കോൺഗ്രസ്സുകാർ കച്ചകെട്ടിയിരിക്കുന്നതിനാൽ തങ്ങൾക്ക് കാര്യങ്ങൾ എളുപ്പമായെന്ന് എൽ.ഡി.എഫ്. കേന്ദ്രങ്ങൾ പറയുന്നു. യുവമോർച്ച സംസ്ഥാന പ്രസിഡന്റ് പി.സുധീറാണ് എൻ.ഡി.എ. സ്ഥാനാർത്ഥി. 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ മാവേലിക്കര മണ്ഡലത്തിലെ ബി.ജെ.പി. സ്ഥാനാർത്ഥിയായി സുധീർ മത്സരിച്ചിരുന്നു.

പത്തനംതിട്ടയിലെ അഞ്ചു മണ്ഡലങ്ങളിലെയും വിധി നിർണ്ണയിക്കുക അടിയൊഴുക്കുകളായിരിക്കും എന്നതാണ് ഇത്തവണത്തെ പ്രത്യേകത. ഒഴുക്കിൽപ്പെട്ട് ഏതു മുന്നണിയായിരിക്കും മുങ്ങുക എന്ന് മെയ് 19നു മാത്രമേ പറയാനാവൂ. ഏതെങ്കിലും ഒരു മുന്നണി പൂർണ്ണമായി മുങ്ങിപ്പോയാലും അത്ഭുതപ്പെടാനില്ല എന്നതാണ് സ്ഥിതി. ബി.ജെ.പി. പിടിക്കുന്ന വോട്ടുകൾ നിർണ്ണായകമാവുന്നത് അതിനാൽത്തന്നെ.







# ആരോടും അയിത്തമില്ലാതെ ആലപ്പുഴ

പ്രവചനം അസാദ്ധ്യമായ ജില്ലയാണ് ആലപ്പുഴ. ഇടയ്ക്ക് ഇടത്തോട്ടു ചായും. ഇടയ്ക്ക് വലത്തോട്ടും. ആകെയുള്ളത് ഒമ്പത് നിയമസഭാ മണ്ഡലങ്ങൾ. 2011ൽ സംസ്ഥാന ഭരണം പിടിച്ച യു.ഡി.എഫിന് ആലപ്പുഴയിൽ കിട്ടിയത് രണ്ടു സീറ്റുകൾ മാത്രം. ഹരിപ്പാട് നിന്ന് രമേശ് ചെന്നിത്തലയും ചെങ്ങന്നൂരിൽ നിന്ന് പി.സി.വിഷ്ണുനാഥും. 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ചിത്രം നേരെ തിരിഞ്ഞു. ഏഴിടത്ത് യു.ഡി.എഫ്. മുന്നിൽ. എൽ.ഡി.എഫിന് മേൽക്കൈ രണ്ടിടത്ത് മാത്രം, കായംകുളത്തും മാവേലിക്കരയിലും. 2015ലെ തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പായപ്പോൾ ചിത്രം വീണ്ടും മാറി. എൽ.ഡി.എഫിന് വ്യക്തമായ മേൽക്കൈ. ആകെയുള്ള 73 പഞ്ചായത്തുകളിൽ 47ലും ഇടതുമുന്നണി. ജില്ലാ പഞ്ചായത്തിൽ 23ൽ 16 സീറ്റിലും എൽ.ഡി.എഫ്. നഗരസഭകളുടെ കാര്യത്തിൽ മാത്രമാണ് യു.ഡി.എഫിന് ആശ്വാസം. ആറിൽ രണ്ടു മാത്രമാണ് എൽ.ഡി.എഫിനു കിട്ടിയത്. നാലെണ്ണം യു.ഡി.എഫ്. പക്ഷത്താണ്. ഏറ്റവും ഒടുവിൽ വന്ന ഈ ഫലം അനുസരിച്ചാണ് കാര്യങ്ങൾ നീങ്ങുന്നതെങ്കിൽ ഇടതുപക്ഷത്തിന് ആശങ്കയ്ക്കു വകയില്ല. എൻ.ഡി.എയും മികച്ച പ്രകടനം കാഴ്ചവയ്ക്കും.

ചില കക്ഷികളുടെ ചേരിമാറ്റം, ബി.ജെ.പി. –ബി.ഡി.ജെ.എസ്. സഖ്യം എന്നിവയെല്ലാം ഇത്തവണ തിരഞ്ഞെടുപ്പിൽ എങ്ങനെ പ്രതിഫലിക്കുമെന്ന് കണ്ടു തന്നെ അറിയണം. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിനൊപ്പമായിരുന്ന ജെ.എസ്.എസ്. പല കഷ്ണങ്ങളായി പിളർന്നതും കെ.ആർ.ഗൗരിഅമ്മ നേതൃത്വംനൽകുന്ന വിഭാഗം എൽ.ഡി.എഫിനൊപ്പം പോയതുമാണ് ശ്രദ്ധേയമായ ഒരു മാറ്റം. സീറ്റു കിട്ടാത്തതിനാൽ പിണങ്ങിയെങ്കിലും ഗൗരിഅമ്മയെ അനുനയിപ്പിക്കുന്നതിൽ എൽ.ഡി.എഫ്. വിജയിച്ചിട്ടുണ്ട്. ജെ.എസ്.എസ്. പോയതിനു പരിഹാരമായി എൽ.ഡി.എഫിനൊപ്പമുണ്ടായിരുന്ന ആർ.എസ്.പി. യു.ഡി.എഫിനൊപ്പമെത്തി. ഗൗരിഅമ്മയിൽ നിന്നു വിഘടിച്ച് യു.ഡി.എഫിനൊപ്പം നിലയുറപ്പിച്ച ജെ.എസ്.എസ്. പിന്നെയും പിളർന്ന് പലതായി. അവശിഷ്ട ജെ.എസ്.എസ്സിൽ കെ. കെ. ഷാജുവിനെയും കൂടെയുള്ളവരെയും കോൺഗ്രസ്സിനൊപ്പം കൂട്ടി. രാജൻ ബാബു വിഭാഗം എൻ.ഡി.എയിലെത്തി. കേരളാ കോൺഗ്രസ് –എമ്മിലെ ഭിന്നിപ്പും ജില്ലയിൽ ചലനം സൃഷ്ടിക്കും. ജനാധിപത്യ കേരളാ കോൺഗ്രസ്സുമായി ഇടതുപക്ഷത്തേക്കു പോയ പ്രധാനികളിൽ ഡോ.കെ.സി. ജോസഫ് ഈ ജില്ലക്കാരനാണ്. പഴയ ജോസഫ് ഗ്രൂപ്പുകാരനായ ഇദ്ദേഹത്തിന്റെയും കൂട്ടരുടെയും മുന്നണി മാറ്റം ഗൗരവമുള്ളതു തന്നെ.


പ്രതിഭാ ഹരി

ബി.ഡി.ജെ.എസ്. അഖിലേന്ത്യാ പാർട്ടിയെന്നാണ് അവകാശപ്പെടുന്നതെങ്കിലും ആസ്ഥാനം ആലപ്പുഴയാണ്. പ്രാരംഭപ്രവർത്തനങ്ങളെല്ലാം കണിച്ചുകുളങ്ങരയിലായിരുന്നു. നേതാക്കളിലെ പ്രധാനികൾ പലരും ഇവിടത്തുകാരുമാണ്. അതിനാൽ ജില്ലയെ പാർട്ടിയുടെ ശക്തികേന്ദ്രമാക്കാൻ ശ്രമം നടക്കും. ബി.ജെ.പിയുമായി തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ എസ്.എൻ.ഡി.പി. യോഗം ഉണ്ടാക്കിയ ധാരണ ജില്ലയിലെ തിരഞ്ഞെടുപ്പു ഫലത്തെ സ്വാധീനിച്ചിരുന്നു. ചെങ്ങന്നൂർ, മാവേലിക്കര നിയോജകമണ്ഡലങ്ങളിൽ വൻനേട്ടമുണ്ടാക്കാൻ ബി.ജെ.പി. കൂട്ടുകെട്ടിനായി. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആദ്യമായി ഒരു ഗ്രാമപഞ്ചായത്ത് ഭരണവും ബി.ജെ.പി.ക്കു കിട്ടി. അതിനാൽത്തന്നെ എൻ.ഡി.എ. പിടിക്കുന്ന വോട്ടുകൾ ഇപ്പോൾ തിരഞ്ഞെടുപ്പു പ്രവചനം അസാദ്ധ്യമാക്കുന്നു. ജില്ലയിലെ എട്ടു മണ്ഡലങ്ങളിലും സിറ്റിങ് എം.എൽ.എമാർ തന്നെ വീണ്ടും മത്സരിക്കുന്നു. ഇതിൽ ആറു പേർ ഇടതുപക്ഷത്തും രണ്ടു പേർ യു.ഡി.എഫിലുമാണ്. സി.പി.എമ്മിലെ സി.കെ.സദാശിവൻ മാത്രമാണ് മത്സരിക്കാനില്ലാത്ത സിറ്റിങ് എം.എൽ.എ. സദാശിവന് സീറ്റു നൽകാത്തത് പാർട്ടിയിൽ ഒരു വിഭാഗം പ്രശ്നമാക്കിയിരുന്നു. എന്നാൽ, പ്രതിഷേധങ്ങൾ പറഞ്ഞുതീർക്കുന്നതിൽ പാർട്ടി ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്.



ശോഭന ജോർജ്

പ്രധാന നേതാക്കളുടെ സ്ഥാനാർഥിത്വം ജില്ലയിലെ നാലു മണ്ഡലങ്ങളെ ശ്രദ്ധേയമാക്കുന്നു.

## സി.പി.എമ്മും വെള്ളാപ്പള്ളിയും തമ്മിൽ നിയമസഭാ തിരഞ്ഞെടുപ്പിലുണ്ടാക്കിയ രഹസ്യധാരണയുടെ ഭാഗമാണോ കണിച്ചുകുളങ്ങരെ തിരഞ്ഞെടുപ്പ് ഫലമെന്ന സംശയം അദ്ദേഹത്തിന്റെ പാർട്ടിയായ ബി.ഡി.ജെ.എസ്സിന്റെ സഖ്യകക്ഷി ബി.ജെ.പിയും എതിരാളിയായ യു.ഡി.എഫും ഒരു പോലെ പ്രകടിപ്പിക്കുന്നുണ്ട്

എൽ.ഡി.എഫിനായി ടി.എം.തോമസ് ഐസക് മത്സരിക്കുന്ന ആലപ്പുഴ, ജി.സുധാകരൻ നിൽക്കുന്ന അമ്പലപ്പുഴ, യു.ഡി.എഫിനായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഇറങ്ങുന്ന ഹരിപ്പാട്, ബി.ജെ.പിയുടെ പി.എസ്. ശ്രീധരൻ പിള്ള മത്സരിക്കുന്ന ചെങ്ങന്നൂർ എന്നിവയാണവ. മറ്റൊരു കാരണം കൂടി ചെങ്ങന്നൂരിനെ ശ്രദ്ധാകേന്ദ്രമാക്കുന്നു, ശക്തയായ യു.ഡി.എഫ്. റിബലിന്റെ സാന്നിദ്ധ്യം. ഫലത്തിൽ ചതുഷ്കോണ മത്സരമാണവിടെ. ഉമ്മൻ ചാണ്ടിയുടെ ഏറ്റവും അടുത്തയാളുകളിൽ ഒരാളായി അറിയപ്പെടുന്ന പി.സി.വിഷ്ണുനാഥാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി. തുടർച്ചയായ മൂന്നാം ജയം തേടിയാണ് വിഷ്ണു ഇറങ്ങിയിരിക്കുന്നത്. എൽ.ഡി.എഫിനു വേണ്ടി സി.പി.എമ്മിലെ കെ.കെ.രാമചന്ദ്രൻ നായരും ബി.ജെ.പിക്കു വേണ്ടി മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീധരൻ പിള്ളയും രംഗത്ത്. ഈ മണ്ഡലത്തിൽ എൻ.ഡി.എയ്ക്കുണ്ടായിട്ടുള്ള വളർച്ച അവിശ്വസനീയമാണ്. 2011ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 6,062 വോട്ടു പിടിച്ച എൻ.ഡി.എ. 2015 തദ്ദേശ തിരഞ്ഞെടുപ്പിൽ അത് ആറിരട്ടിയോളം വർദ്ധിപ്പിച്ച് 36,000 തൊട്ടു. എന്നാൽ, വിഷ്ണുവിന് ഏറ്റവുമധികം തലവേദന സൃഷ്ടിക്കുന്നത് റിബലായി നിൽക്കുന്ന മുൻ എം.എൽ.എ. ശോഭനാ ജോർജ്ജാണ്. ശോഭനയ്ക്ക് ഓർത്തഡോക്സ് സഭാ നേതൃത്വം പിന്തുണ പ്രഖ്യാപിച്ചിട്ടുമുണ്ട്. മണ്ഡലത്തിൽ ജയപരാജയങ്ങൾ നിർണ്ണയിക്കാൻ കഴിവുള്ളവരാണ് ഓർത്തഡോക്സ് സഭാ വിശ്വാസികൾ.

രമേശ് ചെന്നിത്തല മത്സരിക്കുന്ന ഹരിപ്പാട് യു.ഡി.എഫിന് മുൻതൂക്കമുള്ള മണ്ഡലമായിട്ടാണ് അറിയപ്പെടുന്നത്. തദ്ദേശ തിരഞ്ഞെടുപ്പു ഫലം ഇതു ശരിവയ്ക്കുന്നു. എന്നാൽ, സ്ഥാനാർത്ഥിയുടെ മികവ് മറ്റു പല ഘടകങ്ങളെയും കവച്ചുവയ്ക്കും എന്നു പറയുന്നത് ഈ മണ്ഡലത്തിൽ കാണാം. രമേശിനെ നേരിടാൻ എൽ.ഡി.എഫിന് നിർത്താൻ കഴിയുന്ന ഏറ്റവും മികച്ച സ്ഥാനാർത്ഥിയാണ് ആറന്മുള വിമാനത്താവള വിരുദ്ധ സമരപോരാളി കൂടിയായ സി.പി.ഐയുടെ പി.പ്രസാദ്. മത്സരച്ചൂടിൽ രമേശ് നന്നായി വിയർക്കുന്നുണ്ട്. കായംകുളം നഗരസഭാ കൗൺസിലർ കൂടിയായ ബി.ജെ.പി. സ്ഥാനാർത്ഥി ഡി.അശ്വിനിദേവ് പിടിക്കുന്ന വോട്ടുകൾ ഒരു പക്ഷേ, നിർണ്ണായകമാവും. സി.പി.എം. കേന്ദ്ര സമിതി അംഗമായ തോമസ് ഐസക് ജനകീയ എം.എൽ.എ. എന്ന നിലയിൽ പേരെടുത്തയാളാണ്. ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്തി നടപ്പാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന അദ്ദേഹത്തിന് മണ്ഡലത്തിൽ ശക്തമായ സ്വാധീനവലയം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. ഐസക്കിനെ മെരുക്കാനുള്ള ദൗത്യം കെ.പി.സി.സി. വൈസ് പ്രസിഡന്റ് ലാലി വിൻസന്റിനെയാണ് യു.ഡി.എഫ്. ഏൽപ്പിച്ചിരിക്കുന്നത്. ലാലിയുടെ സ്ഥാനാർത്ഥിത്വത്തിനെതിരെ ചില അപസ്വരങ്ങൾ ആദ്യം ഉയർന്നുവെങ്കിലും അതൊക്കെ പറഞ്ഞുതീർത്തുവെന്ന് യു.ഡി.എഫ്. കേന്ദ്രങ്ങൾ അവകാശപ്പെടുന്നു. കേരള ധീവര മഹാസഭ ജില്ലാ സെക്രട്ടറി രൺജിത് ശ്രീനിവാസാണ് ബി.ജെ.പിക്കുവേണ്ടി ആലപ്പുഴയിൽ മത്സരിക്കുന്നത്.


തോമസ് ഐസക്


ലാലി വിൻസെന്റ്


ജി.സുധാകരൻ


എം.ലിജു

സി.പി.എമ്മിലെ മുൻ മന്ത്രി ജി.സുധാകരൻ മത്സരിക്കുന്ന അമ്പലപ്പുഴയിൽ വാശിയേറിയ മത്സരമാണ്. ജെ.ഡി.യു. സംസ്ഥാന ജനറൽ സെക്രട്ടറി ഷെയ്ഖ് പി.ഹാരിസാണ് യു.ഡി.എഫ്. സ്ഥാനാർഥി. എൻ.ഡി.എ.സ്ഥാനാർഥി ബി.ജെ.പിയിലെ എൽ.പി.ജയചന്ദ്രനും. പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് അംഗമാണ് ജയചന്ദ്രൻ. തദ്ദേശ തിരഞ്ഞെടുപ്പിൽ ഇടതിനോട് ആഭിമുഖ്യം കാട്ടിയ രണ്ടു മണ്ഡലങ്ങളിലൊന്നാണ് അമ്പലപ്പുഴ. എന്നാൽ, സുധാകരന് അനായാസ ജയം നൽകില്ലെന്നു പ്രഖ്യാപിച്ച ഷെയ്ഖ് മത്സരച്ചൂട് പുതിയ തലങ്ങളിലേക്കെത്തിച്ചിട്ടുണ്ട്. യു.ഡി.എഫിലേക്കു പോകുന്നു എന്നു പല വട്ടം അപവാദം കേൾക്കേണ്ടി വന്ന എ.എം.ആരിഫിനെ തുടർച്ചയായ മൂന്നാം തവണ അരൂരിൽ സ്ഥാനാർത്ഥിയാക്കി അദ്ദേഹത്തിലിപ്പോഴും പൂർണ്ണ വിശ്വാസമാണെന്ന് സി.പി.എം. തെളിയിച്ചു. കെ.പി.സി.സി. ജനറൽ സെക്രട്ടറി സി.ആർ.ജയപ്രകാശ് യു.ഡി.എഫിനു വേണ്ടിയും ബി.ഡി.ജെ.എസ്സിലെ ടി.അനിയപ്പൻ എൻ.ഡി.എയ്ക്കു വേണ്ടിയും ഇവിടെ പടനയിക്കുന്നു.

സിറ്റിങ് എം.എൽ.എ. മത്സരിക്കാത്ത കായംകുളത്ത് സി.പി.എമ്മിന്റെ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് യു.പ്രതിഭാഹരിയാണ് എൽ.ഡി.എഫിന്റെ പകരക്കാരി. യു.ഡി.എഫ്. സ്ഥാനാർഥി കെ.പി.സി.സി. ജനറൽ സെക്രട്ടറി എം.ലിജുവാണ്. മത്സരം ത്രികോണമാക്കാൻ എൻ.ഡി.എയുടെ ബാനറിൽ ബി.ഡി.ജെ.എസ്. സ്ഥാനാർത്ഥി ഷാജി എം.പണിക്കരുമുണ്ട്. പ്രതിഭയുടെ വിജയം സി.പി.എം. ഔദ്യോഗിക പക്ഷത്തിന് അഭിമാനപ്രശ്നമാണ്. ഫലം എതിരായാൽ പല പ്രമുഖരുടെയും തലയുരുളും എന്നത് ഉറപ്പ്. അതുപോലെ തന്നെയാണ് എം.ലിജുവിന്റെ കാര്യത്തിൽ കോൺഗ്രസ് ഹൈക്കമാൻഡിന്റെയും നിലപാട്. ഈഴവർക്ക് വളരെയധികം സ്വാധീനമുള്ള മണ്ഡലത്തിൽ വിജയിക്കുകയെന്നത് ബി.ഡി.ജെ.എസ്സിനും അഭിമാനപ്രശ്നമാവുമ്പോൾ ഫലം പ്രവചനാതീതം. ചേർത്തലയിൽ സി.പി.ഐയുടെ പി.തിലോത്തമനാണ് എൽ.ഡി.എഫിനുവേണ്ടി മത്സരിക്കുന്നത്. യു.ഡി.എഫ്. സ്ഥാനാർഥി നവാഗതനായ എൻ.എസ്.യു. ദേശീയ സെക്രട്ടറി എസ്.ശരത്. ബി.ഡി.ജെ.എസ്സിലെ പി.എസ്.രാജീവാണ് എൻ.ഡി.എ. സ്ഥാനാർഥി.

തദ്ദേശ തിരഞ്ഞെടുപ്പിൽ എൻഡി.എ. മുന്നേറ്റമുണ്ടായ മാവേലിക്കര, കുട്ടനാട് മണ്ഡലങ്ങളിലും ചൂടേറിയ മത്സരമാണ്. മാവേലിക്കരയിൽ സി.പി.എമ്മിന്റെ സിറ്റിങ് എം.എൽ.എ. ആർ.രാജേഷ് എൽ.ഡി.എഫിനായി മത്സരിക്കുന്നു. ആറു വർഷം കെ.പി.എം.എസ്. –പുന്നല വിഭാഗം ജനറൽ സെക്രട്ടറിയായിരുന്ന ബൈജു കലാശാലയാണ് കോൺഗ്രസ് സ്ഥാനാർത്ഥിയായി യു.ഡി.എഫിനു വേണ്ടിയിറങ്ങുന്നത്. ബി.ജെ.പി. സംസ്ഥാന വൈസ് പ്രസിഡന്റ് പി.എം.വേലായുധൻ പിടിക്കുന്ന വോട്ടുകൾ ഇവിടെ നിർണ്ണായകമാവും. കുട്ടനാട്ടിലും വിധി നിർണ്ണയിക്കുന്നത് എൻ.ഡി.എ. ആയിരിക്കുമെങ്കിലും മത്സരം കൊഴുപ്പിക്കുന്നത് യു.ഡി.എഫ്. വിമതനാണ്. സഖ്യത്തിനായി ബി.ഡി.ജെ.എസ്സിൽ നിന്നു മത്സരിക്കുന്ന ഏറ്റവും വലിയ നേതാവാണ് ജനറൽ സെക്രട്ടറിയായ സുഭാഷ് വാസു. അദ്ദേഹത്തിനു വേണ്ടി എൻ.ഡി.എ. വൻപ്രചാരണമാണ് നടത്തുന്നത്. സിറ്റിങ് എം.എൽ.എ. എൻ.സി.പി.യുടെ തോമസ് ചാണ്ടിയാണ് എൽ.ഡി.എഫ്. സ്ഥാനാർഥി. യു.ഡി.എഫ്. സ്ഥാനാർഥി കേരളാകോൺഗ്രസ് –എമ്മിലെ ജേക്കബ് എബ്രഹാമും. ജേക്കബ്ബ് എബ്രഹാമിന് വൻ ഭീഷണിയായി കേരളാ കോൺഗ്രസ് –എം നേതാവ് ജോസ് കോയിപ്പള്ളി റിബലായി മത്സരരംഗത്തുണ്ട്. അതിനാൽത്തന്നെ മത്സരത്തിന് ഏതാണ്ടൊരു ചതുഷ്കോണ സ്വഭാവമാണ്. കഴിഞ്ഞ തവണ കുട്ടനാട്ടിൽ തോമസ് ചാണ്ടിയോട് മത്സരിച്ചു തോറ്റ കേരളാ കോൺഗ്രസ് –എമ്മിലെ ഡോ.കെ.സി.ജോസഫ് ജനാധിപത്യ കേരളാ കോൺഗ്രസ്സിലൂടെ എൽ.ഡി.എഫിലെത്തി. അദ്ദേഹം കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയുമാണ്.


ശ്രീധരൻ പിള്ള

അടിയൊഴുക്കുകൾക്ക് ആലപ്പുഴയിൽ വലിയ സാദ്ധ്യത നിലനിൽക്കുന്നു. തിരഞ്ഞെടുപ്പ് രംഗത്ത് ഏറ്റവുമൊടുവിൽ ചൂടേറിയ ചർച്ചാവിഷയമായ കണിച്ചുകുളങ്ങര ദേവസ്വം തിരഞ്ഞെടുപ്പ് തന്നെയാണ് ഇതിനുദാഹരണം. എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ച തിരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട നിലപാട് ചർച്ചചെയ്യാൻ സി.പി.എം. ജില്ലാസെക്രട്ടേറിയറ്റ് കൂടിയതും സംസ്ഥാനനേതൃത്വം ഇടപെട്ടതും എല്ലാവരിലും അത്ഭുതമുളവാക്കി. ഒടുവിൽ കണിച്ചുകുളങ്ങര ദേവസ്വം തിരഞ്ഞെടുപ്പിൽ വെള്ളാപ്പള്ളിയുടെ പാനലിനെ എതിർക്കേണ്ടെന്ന് പാർട്ടി തീരുമാനമെടുത്തു. ഇവിടത്തെ 12,400 വോട്ടർമാരിൽ ഭൂരിപക്ഷവും സി.പി.എം. അനുഭാവികളാണെന്നതാണ് രാഷ്ട്രീയപ്രാധാന്യമുള്ള കാര്യം. ഒടുവിൽ നടേശൻ പ്രസിഡന്റായും മകൻ തുഷാർ വെള്ളാപ്പള്ളി വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. 9,000ലേറെ വോട്ടുകളാണ് അവരുടെ പാനലിനു ലഭിച്ചത്. 51 വർഷമായി വെള്ളാപ്പള്ളി ഈ ദേവസ്വം പ്രസിഡന്റായി തുടരുകയാണ്. സി.പി.എമ്മും വെള്ളാപ്പള്ളിയും തമ്മിൽ നിയമസഭാ തിരഞ്ഞെടുപ്പിലുണ്ടാക്കിയ രഹസ്യധാരണയുടെ ഭാഗമാണോ കണിച്ചുകുളങ്ങരെ തിരഞ്ഞെടുപ്പ് ഫലമെന്ന സംശയം അദ്ദേഹത്തിന്റെ പാർട്ടിയായ ബി.ഡി.ജെ.എസ്സിന്റെ സഖ്യകക്ഷി ബി.ജെ.പിയും എതിരാളിയായ യു.ഡി.എഫും ഒരു പോലെ പ്രകടിപ്പിക്കുന്നുണ്ട്.

രാഷ്ട്രീയ ജ്യോൽസ്യരുടെ കണക്കുകൂട്ടലുകളെ എന്നും അട്ടിമറിച്ച ചരിത്രമാണ് ആലപ്പുഴയുടേത്. അതിനാൽത്തന്നെ പ്രവചനത്തിന് ആരും ധൈര്യം കാണിക്കുന്നില്ല.


സ്ഥാപിതം: 2003

അസെൻഡ് പബ്ലിക്കേഷൻസ്
കോട്ടയം

പ്രസിദ്ധീകരിച്ച കഥാസമാഹാരം

ഗാസ്മണ്ടി

രാജീവ് ജി ഇടവ



വില : 90 രൂപ

പുസ്തകം ഇപ്പോൾ പ്രധാന ബുക്സ്റ്റാളുകളിലെല്ലാം ലഭ്യമാണ്

കേരള സംസ്ഥാന സാംസ്കാരികവകുപ്പിന്റെ തകഴി സ്മാരക പുരസ്കാരം നേടിയ കഥാസമാഹാരം

മനുഷ്യാനുഭവത്തിന്റെ ദേശീയവും പ്രാദേശികവുമായ ആവിഷ്ക്കാരം. ഓരോ കഥകളും വൈകാരികമായ അനുഭവം എന്നതിലുപരി മൂല്യവത്തായ സാംസ്കാരിക അവബോധം വളർത്തുവാനുതകുന്നവയുമാണ്.

പുസ്തകം ആവശ്യമുള്ളവർ താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക: 8281421593, 9495445983, 0481 2300646, 2300206

*വി.പി.പി ചാർജ്ജുകളോ പാഴ്സൽ ചിലവുകളോ ഇല്ലാതെ പുസ്തകം നിങ്ങളുടെ കൈകളിലെത്തുന്നു*

ASCEND PUBLICATIONS
Kattuveettil Bldgs
(Opp. Passport Seva Kendra)
Nagampadam, Kottayam - 686 006,
Phone: 0481- 2300206, 2300646
Branch: Pala (Near St.Thomas college)
Website: www.ascendpublications.com
E-mail: ascendpublication14@gmail.com

# കോട്ടയം വലത്തോട്ടു തന്നെ

## ഉമ്മൻ ചാണ്ടി, കെ.എം.മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി.സി.ജോർജ്, സുരേഷ് കുറുപ്പ്, മോൻസ് ജോസഫ്, സി.എഫ്.തോമസ്, എൻ.ജയരാജ് എന്നീ സിറ്റിങ് എം.എൽ.എമാർ കോട്ടയത്തിന്റെ മുഖമാണ്. ഇവരിൽ ആരു തോറ്റാലും അതു വാർത്തയാണ്, വലിയ വാർത്ത

തങ്ങൾക്കൊപ്പമെന്ന് യു.ഡി.എഫിന് ഏറ്റവും ഉറപ്പുള്ള ജില്ലയാണ് കോട്ടയം. ഇതുവരെയുള്ള ചരിത്രം അതു ശരിവയ്ക്കുന്നു. 2011ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഒമ്പത് മണ്ഡലങ്ങളിൽ ഏഴും യു.ഡി.എഫിനൊപ്പം നിന്നു. വൈക്കവും ഏറ്റുമാനൂരും മാത്രമാണ് എൽ.ഡി.എഫിന് ലഭിച്ചത്. 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പായപ്പോൾ യു.ഡി.എഫിന്റെ നില അല്പം കൂടി മെച്ചപ്പെട്ടു. ജില്ലയിലെ ഒമ്പത് നിയമസഭാ മണ്ഡലങ്ങളിലും അവർ തന്നെ മുന്നിൽ. 2015ലെ തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിലും യു.ഡി.എഫ്. നേട്ടം ആവർത്തിച്ചു, തിളക്കം അല്പം കുറഞ്ഞുവെങ്കിലും. എൽ.ഡി.എഫുമായി ധാരണയുണ്ടാക്കിയ പി.സി.ജോർജ് പാലായിലെയും പൂഞ്ഞാറിലെയും യു.ഡി.എഫ്. കേന്ദ്രങ്ങളിൽ വിള്ളൽ വീഴ്ത്തുന്നതിൽ വിജയിച്ചതാണ് തിളക്കം കുറയാൻ കാരണം. ജില്ലാ പഞ്ചായത്ത് കക്ഷിനില നോക്കിയാൽ





മതി യു.ഡി.എഫിന്റെ മേൽക്കൈ വ്യക്തമാവാൻ. യു.ഡി.എഫിന് 14 സീറ്റ് ലഭിച്ചപ്പോൾ എൽ.ഡി.എഫിന് എട്ടു മാത്രം. എന്നാൽ, ഇത്തവണ സ്ഥിതിഗതികൾ പിന്നെയും മാറുകയാണ്. എൽ.ഡി.എഫ്. പഴയതുപോലെ ദുർബലരല്ല. കേരളാകോൺഗ്രസ് –മാണി വിഭാഗം പിളർന്ന് ജനാധിപത്യ കേരളാ കോൺഗ്രസ് പിറന്നത് ഫലത്തിൽ ഇടതുപക്ഷത്തിന് നേട്ടം തന്നെയാണ്. ഈ നേട്ടം വിജയമായി മാറുമോ എന്നത് കാത്തിരുന്നു കാണണം. റബ്ബർ വിലയിടിവായിരിക്കും തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന മറ്റൊരു ഘടകം. ഈ വിലയിടിവിന്റെ യഥാർത്ഥ ഉത്തരവാദി ആരെന്ന ആശയക്കുഴപ്പം വോട്ടർമാരിൽ പ്രകടമാണെന്ന സവിശേഷതയുമുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളാണ് കാരണമെന്ന് യു.ഡി.എഫ്. പറയുമ്പോൾ റബ്ബർ കർഷകർക്കു വേണ്ടി സംസ്ഥാന സർക്കാർ ഒന്നും ചെയ്തില്ലെന്നാണ് എൽ.ഡി.എഫ്.



ജെയ്ക് സി. തോമസ്

വാദം. കേന്ദ്രത്തിൽ നരേന്ദ്ര മോദിക്കൊപ്പം മൻമോഹൻ സിങ്ങിന്റെ നയങ്ങളും റബ്ബർ വിലയിടിവിനു കാരണമായിട്ടുണ്ടെന്നും എൽ.ഡി.എഫ്. പറയുന്നു. ഈ നിലയിൽ റബ്ബർ പ്രശ്നത്തിന്റെ പേരിലുള്ള വോട്ട് ഇടതു പെട്ടിയിലാവണം. പക്ഷേ, അത് ഉറപ്പില്ല. വികസന പ്രവർത്തനങ്ങൾ, ബി.ഡി.ജെ.എസ്സിന്റെ വരവ്, യു.ഡി.എഫിലെ പടലപ്പിണക്കങ്ങൾ എന്നിവയും ഫലത്തെ സ്വാധീനിക്കാവുന്ന ഘടകങ്ങൾ തന്നെ.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ സ്വന്തം ജില്ലയാണ് കോട്ടയം. ജില്ലയിലെ ഏറ്റവും തലയെടുപ്പുള്ള സ്ഥാനാർത്ഥി പുതുപ്പള്ളിയിൽ വീണ്ടും ജനവിധി തേടുന്ന അദ്ദേഹം തന്നെ. കേരളാ കോൺഗ്രസ്സുകളുടെ ഈറ്റില്ലമായ കോട്ടയത്ത് മത്സരരംഗത്തുള്ളത് അഞ്ച് വിഭാഗങ്ങൾ. മാണി, സ്കറിയാ തോമസ്, പി.സി.തോമസ്, സെക്യുലർ തുടങ്ങിയ ബ്രായ്ക്കറ്റ് പാർട്ടികളും പിന്നെ ജനാധിപത്യ കേരളാ കോൺഗ്രസ്സും. പോരാട്ടത്തിന് വാശിയേറെ. കേരളാ കോൺഗ്രസ് –എമ്മിന്റെ എല്ലാമെല്ലാമായ കെ.എം.മാണിയും മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനുമെല്ലാം മത്സരിക്കുന്നുണ്ടെങ്കിലും സ്വന്തം രാഷ്ട്രീയഭാവി വച്ച് പന്താടുന്ന പി.സി.ജോർജ് തന്നെയാണ് മത്സരരംഗത്തെ താരം. കേരളാ കോൺഗ്രസ് –എമ്മിലെ പിളർപ്പ് നേരിട്ട് ബാധിച്ചിട്ടുള്ള മണ്ഡലങ്ങളാണ് പൂഞ്ഞാറും ചങ്ങനാശ്ശേരിയും. പിളർന്നു മാറിയ ജനാധിപത്യ കേരളാ കോൺഗ്രസ്സും മാണി വിഭാഗവും മുഖാമുഖം വരികയാണിവിടെ.

1970ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ സി.പി.എമ്മിലെ കരുത്തനായ ഇ.എം.ജോർജ്ജിനെ വെറും 26 വയസ്സു മാത്രമുള്ള ഉമ്മൻ ചാണ്ടി എന്ന ചെറുപ്പക്കാരൻ 7,288 വോട്ടുകൾക്ക് അട്ടിമറിച്ച് പുതുപ്പള്ളി മണ്ഡലം പിടിച്ച കഥ ഇപ്പോഴും കോട്ടയത്ത് പറഞ്ഞുകേൾക്കാം. അതിനുശേഷം പുതുപ്പള്ളിക്കാർ വേറാരെയും ജയിപ്പിച്ചിട്ടില്ല. 1977, 1980, 1982, 1987, 1991, 1996, 2001, 2006, 2011 വർഷങ്ങളിൽ മത്സരിക്കാനിറങ്ങിയപ്പോഴെല്ലാം ഉമ്മൻ ചാണ്ടിയുടെ ഭൂരിപക്ഷമെത്ര എന്നു മാത്രമേ പുതുപ്പള്ളിക്കാർ നോക്കിയിട്ടുള്ളൂ. 1970നു ശേഷം ഒരു തവണ മാത്രമാണ് പുതുപ്പള്ളിയിൽ ഉമ്മൻ ചാണ്ടിയുടെ ഭൂരിപക്ഷം 10,000ൽ താഴെ പോയത് –1987ൽ വി.എൻ.വാസവനെതിരെ 9,164. 2011ൽ സുജ സൂസൻ ജോർജ്ജിനെതിരെ 33,255 വോട്ടിന്റെ ഭൂരിപക്ഷമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. 2014 ലോക്സഭാ തിരഞ്ഞെടുപ്പിലും 24,759 വോട്ടിന്റെ മേൽക്കൈ പുതുപ്പള്ളിയിൽ യു.ഡി.എഫിനുണ്ടായിരുന്നു. ഇക്കണക്കുകൾ പ്രകാരം പുതുപ്പള്ളി ഇത്തവണ ചർച്ചാവിഷയമാകേണ്ട കാര്യം പോലുമില്ല. എന്നാൽ, സ്ഥിതി അങ്ങനെയല്ല. 1970 ആവർത്തിക്കാൻ പുതുപ്പള്ളി ഒരുങ്ങുകയാണെന്ന് ചില അടക്കംപറച്ചിലുകൾ. അന്നത്തെ ഇ.എം.ജോർജ്ജിന്റെ സ്ഥാനത്ത് ഇന്ന് ഉമ്മൻ ചാണ്ടി. അന്നത്തെ ഉമ്മൻ ചാണ്ടിയുടെ സ്ഥാനത്ത് എസ്.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് 26കാരനായ ജെയ്ക് സി.തോമസ്. വീണ്ടുമൊരു ദാവീദ് –ഗോലിയാത്ത് പോരാട്ടം. മഹാമേരു പോലെ നിൽക്കുന്ന ഉമ്മൻ ചാണ്ടിക്കെതിരെ ഇത്തരമൊരു ചർച്ചയ്ക്ക് വഴിവച്ചു എന്നതു തന്നെ എൽ.ഡി.എഫ്. സ്ഥാനാർത്ഥി ജെയ്ക്കിന്റെ വിജയമാണ്. പിന്നെ, ചിലരൊക്കെ പറയുമ്പോലെ 1970 ആവർത്തിക്കുകയോ മറ്റോ ചെയ്യുകയാണെങ്കിൽ ആ ഒറ്റക്കാരണം കൊണ്ട് ജെയ്ക് സി.തോമസ് എന്ന പേര് കേരള രാഷ്ട്രീയ ചരിത്രത്തിൽ സ്ഥിരമായി ആലേഖനം ചെയ്യപ്പെടും. സംസ്ഥാന വൈസ് പ്രസിഡന്റ് ജോർജ് കുര്യനെത്തന്നെ രംഗത്തിറക്കി ബി.ജെ.പിയും രംഗം കൊഴുപ്പിക്കുന്നുണ്ട്.


ഉമ്മൻചാണ്ടി


കെ.എം.മാണി



തിരുവഞ്ചൂർ

പി.സി.ജോർജ് ഒന്നു തുമ്മിയാൽപ്പോലും കേരള രാഷ്ട്രീയത്തിൽ അതു വാർത്തയാണ്. ആ ജോർജ് സംസ്ഥാനത്തെ മൂന്നു മുന്നണികളെയും വെല്ലുവിളിച്ച് ഒറ്റയ്ക്ക് മത്സരിക്കുമ്പോൾ പൂഞ്ഞാർ ശ്രദ്ധാകേന്ദ്രമാവുക സ്വാഭാവികം. പൂഞ്ഞാറിലെ സിറ്റിങ് എം.എൽ.എയാണ് പി.സി.ജോർജ്. കഴിഞ്ഞ തവണ ജയിച്ചത് യു.ഡി.എഫിൽ നിന്ന്. അതിനു മുമ്പ് എൽ.ഡി.എഫിലായിരുന്നപ്പോഴും ജോർജ് തന്നെയായിരുന്നു പൂഞ്ഞാർ എം.എൽ.എ. പുനരുജ്ജീവിപ്പിച്ച കേരളാ കോൺഗ്രസ് –സെക്കുലറിന്റെ ബാനറിൽ ഇക്കുറി സർവ്വതന്ത്ര സ്വതന്ത്രനാണ് ഈ രാഷ്ട്രീയ ചാണക്യൻ. ജോർജ്ജിനെ എതിരിടുന്ന ഇടത് –വലത് മുന്നണി സ്ഥാനാർത്ഥികളും കേരളാ കോൺഗ്രസ്സുകാർ തന്നെ. ജനാധിപത്യ കേരള കോൺഗ്രസ്സിലെ പി.സി.ജോസഫാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. യു.ഡി.എഫിന്റെ സ്ഥാനാർഥി കേരള കോൺഗ്രസ് –എം പ്രതിനിധി ജോർജ്കുട്ടി ആഗസ്തിയാണ്. എൻ.ഡി.എ.സ്ഥാനാർഥി ബി.ഡി.ജെ.എസ്സിലെ എം.ആർ.ഉല്ലാസ്. മുമ്പേതന്നെ സീറ്റിൽ നോട്ടമിട്ടിരുന്ന കേരള യൂത്ത് ഫ്രണ്ട് –എം ജില്ലാ പ്രസിഡന്റ് സജി മഞ്ഞക്കടമ്പൻ പിണങ്ങിയത് യു.ഡി.എഫ്. ക്യാമ്പിൽ ഇരുൾപരത്തിയിരുന്നു. എന്നാൽ, പ്രശ്നം താമസിയാതെ പരിഹരിച്ചു. മാണി നേരിട്ടു വിളിച്ചു സംസാരിച്ചു. സജി മഞ്ഞക്കടമ്പൻ യൂത്ത് ഫ്രണ്ട് –എം സംസ്ഥാന പ്രസിഡന്റായി ഉയർത്തപ്പെട്ടു! സീറ്റിൽ കോൺഗ്രസ് അവകാശവാദം ഉന്നയിച്ചതും തർക്കങ്ങൾക്കിടയാക്കിയെങ്കിലും പ്രശ്നങ്ങൾ എന്നേ തീർന്നുവെന്ന് യു.ഡി.എഫ്. ചതുഷ്കോണത്തിൽ ജയിച്ചുകയറാമെന്നാണ് എൽ.ഡി.എഫ്. പ്രതീക്ഷ. ജോർജ്ജിലൂടെ യു.ഡി.എഫ്. വോട്ടുകൾ ഭിന്നിക്കുമ്പോൾ കഴിഞ്ഞ തവണ കിട്ടിയ വോട്ടുകൾ മതി ജയിക്കാനെന്നാണ് അവരുടെ പക്ഷം. എന്നാൽ, ജോർജ് ഇരുപക്ഷത്തെയും വോട്ടുകൾ ഒരുപോലെ ചോർത്തുമെന്നും തങ്ങൾക്കത് ഗുണമാകുമെന്നും യു.ഡി.എഫ്. കണക്കുകൂട്ടുന്നു. മത്സരിച്ച ഏഴിൽ ആറു തവണയും വിജയിച്ച പി.സി.ജോർജ് എട്ടാം തവണ മുന്നണിയുടെ പിന്തുണയില്ലാതെ മത്സരിക്കുമ്പോൾ മൂന്ന് മുന്നണികൾക്കും ശക്തമായ വെല്ലുവിളിയാണ്. അടിയൊഴുക്കുകൾ ഇവിടെ വിധി നിർണ്ണയിക്കും.

ചതുഷ്കോണമത്സരമാണ് ഏറ്റുമാനൂരിലും. യു.ഡി.എഫ്. വിമതന്റെ സാന്നിദ്ധ്യമാണ് മത്സരം ചതുഷ്കോണമാക്കിയതെന്നു മാത്രം. സിറ്റിങ് എം.എൽ.എ. കെ.സുരേഷ് കുറുപ്പ് തന്നെയാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. കേരളാ കോൺഗ്രസ് –എമ്മിലെ തോമസ് ചാഴിക്കാടൻ യു.ഡി.എഫ്. സ്ഥാനാർത്ഥിയായി വന്നതോടെ മത്സരം കഴിഞ്ഞ തവണത്തെ ആവർത്തനമായി. 1,801 വോട്ടുകൾക്കാണ് കഴിഞ്ഞ തവണ സുരേഷ് കുറുപ്പ് ജയിച്ചത്. കണക്കു തീർക്കാൻ രംഗത്തിറങ്ങിയ ചാഴിക്കാടന് ഏറ്റവും വലിയ കടമ്പ സ്വന്തം പാർട്ടിക്കാരനും മുൻ ജില്ലാ പഞ്ചായത്ത് അംഗവുമായ ജോസ്മോൻ മുണ്ടയ്ക്കലാണ്. പത്രിക പിൻവലിപ്പിക്കാൻ കേരളാ

## മൂന്നു കേരളാ കോൺഗ്രസ്സുകൾ മുഖാമുഖം വരുന്ന മത്സരമാണ് കടുത്തുരുത്തിയിൽ. യു.ഡി.എഫിനായി സിറ്റിങ് എം.എൽ.എ. കേരളാ കോൺഗ്രസ് –എമ്മിലെ മോൻസ് ജോസഫും എൽ.ഡി.എഫിനായി കേരളാ കോൺഗ്രസ് –സ്കറിയാ തോമസ് വിഭാഗം ചെയർമാൻ സ്കറിയാ തോമസും മത്സരിക്കുന്നു. കേരളാ കോൺഗ്രസ് –പി.സി.തോമസ് വിഭാഗത്തിനാണ് എൻ.ഡി.എ. ഈ സീറ്റ് നീക്കിവച്ചിരിക്കുന്നത്. സ്റ്റീഫൻ ചാഴിക്കാടനാണ് സ്ഥാനാർത്ഥി

കോൺഗ്രസ് –എം നേതൃത്വം പരമാവധി ശ്രമിച്ചുവെങ്കിലും ജോസ്മോൻ വഴങ്ങിയില്ല. കഴിഞ്ഞ തവണ തോറ്റയാളെ വീണ്ടും സ്ഥാനാർത്ഥിയാക്കുന്നത് സാമാന്യനീതിക്കു നിരക്കുന്നതല്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. ബി.ഡി.ജെ.എസ്സിന്റെ എ.ജി.തങ്കപ്പനാണ് എൻ.ഡി.എ. സ്ഥാനാർത്ഥി. എസ്.എൻ.ഡി.പി. യോഗം കോട്ടയം യൂണിയൻ പ്രസിഡന്റുകൂടിയായ തങ്കപ്പൻ നാട്ടുകാർക്ക് സുപരിചിതനാണ്. ബി.ജെ.പിയുടെയും ബി.ഡി.ജെ.എസ്സിന്റെയും വോട്ടുകൾ ചേർന്നാൽ അദ്ഭുതങ്ങൾ സംഭവിക്കുമെന്ന് എൻ.ഡി.എ. കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ ഏറ്റുമാനൂർ നഗരസഭയിലുൾപ്പെടെ ബി.ജെ.പി. നേട്ടങ്ങളുണ്ടാക്കിയത് ഇതിന്റെ തെളിവായി അവർ നിരത്തുന്നു.


മാണി സി.കാപ്പൻ


ഡോ.കെ.സി.ജോസഫ്


മോൻസ് ജോസഫ്

കേരളാ കോൺഗ്രസ്സുകൾ മുഖാമുഖം വരുന്ന ചങ്ങനാശ്ശേരിയിലും കടുത്ത മത്സരമാണ്. സിറ്റിങ് എം.എൽ.എ. സി.എഫ്.തോമസ് യു.ഡി.എഫിനായി ജനവിധിതേടുന്നു. യു.ഡി.എഫ്. വിട്ടെത്തിയ ജനാധിപത്യ കേരളാ കോൺഗ്രസ് നേതാവ് ഡോ.കെ.സി. ജോസഫാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. കഴിഞ്ഞ തവണ ആലപ്പുഴയിലെ കുട്ടനാട് മണ്ഡലത്തിൽ യു.ഡി.എഫിനായി മത്സരിച്ചു തോറ്റയാളാണ് ഡോ.കെ.സി.ജോസഫ്. ഇവിടെയും യു.ഡി.എഫിന്റെ സ്ഥാനാർത്ഥി നിർണ്ണയം സുഗമമായിരുന്നില്ല. കേരളാ കോൺഗ്രസ് –എമ്മിന്റെ മുതിർന്ന നേതാവായ തോമസിനെ മാറ്റി സീറ്റ് തനിക്കു നൽകാമെന്ന് വാഗ്ദാനമുണ്ടായിരുന്നതായി പാർട്ടി നേതാവ് ജോബ് മൈക്കിൾ പരസ്യമായി പറഞ്ഞത് പ്രതിസന്ധിയായി. പിന്നീട് പ്രശ്നങ്ങൾ പറഞ്ഞുതീർത്തുവെങ്കിലും കനലടങ്ങിയിട്ടില്ലെന്നു തന്നെയാണ് വിവരം. കഴിഞ്ഞ തവണ സി.എഫ്. തോമസിന് 2,554 വോട്ടിന്റെ ഭൂരിപക്ഷം മാത്രമാണുണ്ടായിരുന്നത് എന്ന കാര്യം എൽ.ഡി.എഫിനു പ്രതീക്ഷ പകരുന്നു. ഏറ്റുമാനൂർ രാധാകൃഷ്ണനാണ് ബി.ജെ.പി. സ്ഥാനാർഥി. കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലും ചില പഞ്ചായത്തുകളിലും മുന്നേറ്റം നടത്താൻ ബി.ജെ.പി.ക്ക് കഴിഞ്ഞത് എത്രമാത്രം മുന്നോട്ടു കൊണ്ടുപോകാനാവും എന്നാണ് അവരുടെ നോട്ടം.

മുൻ മന്ത്രിയും കേരളാ കോൺഗ്രസ് –എം. ചെയർമാനുമായ കെ.എം.മാണിയുടെ തട്ടകമായ പാലായിലും ഇക്കുറി വാശിയേറിയ മൽസരത്തിനാണ് കളമൊരുങ്ങുന്നത്. പി.സി.ജോർജ് പിണങ്ങിപ്പോയത് മാണിക്ക് തുടക്കത്തിൽ ചെറിയ ഭയപ്പാടുണ്ടാക്കി. എന്നാൽ, ജോർജിനെ എൽ.ഡി.എഫ്. സ്വീകരിക്കാതിരുന്നത് മാണിക്ക് ആശ്വാസമായി. പാലാ മണ്ഡലം നിലവിൽ വന്നപ്പോൾ മുതൽ എം.എൽ.എ. ആയിരിക്കുന്ന മാണി ഇത്തവണ ബാർ കോഴയിൽ നാറി വീഴുമെന്നാണ് എൽ.ഡി.എഫിന്റെ വീരവാദം. റബ്ബർ വിലയിടിവും മാണിക്കെതിരായ വോട്ടായി മാറുമെന്ന് അവർ പ്രതീക്ഷിക്കുന്നു. മാണിയെ പിടിച്ചുകെട്ടാൻ തുടർച്ചയായ മൂന്നാം തവണയും എൽ.ഡി.എഫ്. നിയോഗിച്ചിരിക്കുന്നത് എൻ.സി.പിയിലെ മാണി സി.കാപ്പനെയാണ്. 2006ൽ 7,759, 2011ൽ 5,259 എന്നിങ്ങനെ ഭൂരിപക്ഷം കുറച്ചു കൊണ്ടുവന്നത് ഇത്തവണ വിജയമാക്കി മാറ്റുമെന്ന് മാണി സി.കാപ്പനും പറയുന്നു. എന്നാൽ 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ കെ.എം.മാണിയുടെ മകൻ ജോസ് കെ.മാണിക്ക് പാലാക്കാർ 24,960 വോട്ടിന്റെ ഭൂരിപക്ഷമാണ് നൽകിയത്. പക്ഷേ, അന്ന് ജോർജ്ജും ജനാധിപത്യ കേരളാ കോൺഗ്രസ്സുമെല്ലാം ഒപ്പമുണ്ടായിരുന്നു. അടുത്തിടെ മണ്ഡലത്തിൽ പാർട്ടിക്കുണ്ടായ മുന്നേറ്റം നിലനിർത്താൻ ജില്ലാ പ്രസിഡന്റ് എൻ. ഹരിയെയാണ് ബി.ജെ.പി. നിയോഗിച്ചിരിക്കുന്നത്. മാണിക്കെതിരെ മത്സരിക്കാൻ പഴയ ശിഷ്യനായ പി.സി.തോമസിനോട് എൻ.ഡി.എ. ആവശ്യപ്പെട്ടുവെങ്കിലും അദ്ദേഹം തയ്യാറായില്ല.

കോട്ടയത്ത് 2011ൽ വെറും 711 വോട്ടുകൾക്കാണ് തിരുവഞ്ചൂർ രാധാകൃഷ്ണൻ യു.ഡി.എഫിന്റെ ബാനറിൽ ജയിച്ചുകയറിയത്. 2016ൽ എത്തുമ്പോഴും കണക്കുകൂട്ടൽ ഈ നേരിയ മാർജിൻ ആധാരമാക്കി തന്നെ. ഭൂരിപക്ഷം കൂട്ടുമെന്ന് തിരുവഞ്ചൂരും മറിച്ചിടുമെന്ന് എൽ.ഡി.എഫും ആണയിടുന്നു. കോട്ടയത്ത് എൽ.ഡി.എഫിന് രസകരമായൊരു പ്രചാരണായുധമുണ്ട് –കരിക്ക്. സോളാർ കേസുമായി ബന്ധപ്പെട്ട ഒരു ഫോട്ടോയാണ് കരിക്കിനെ ശ്രദ്ധാകേന്ദ്രമാക്കിയത്. സി.പി.എമ്മിലെ റെജി സഖറിയയാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. ബി.എം.എസ്. ദേശീയ നിർവ്വാഹക സമിതി അംഗം എം.എസ്.കരുണാകരൻ ബി.ജെ.പി. സ്ഥാനാർത്ഥിയായി മത്സരിക്കുന്നു. കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പിൽ കോട്ടയം നഗരസഭയിലും സമീപ പഞ്ചായത്തുകളിലും നേട്ടമുണ്ടാക്കിയ ബി.ജെ.പി. ഇക്കുറി അൽപ്പം കൂടി മുന്നോട്ടു പോകുമെന്ന് എൻ.ഡി.എ. കേന്ദ്രങ്ങൾ അവകാശപ്പെടുന്നു. മൂന്നു കേരളാ കോൺഗ്രസ്സുകൾ മുഖാമുഖം വരുന്ന മത്സരമാണ് കടുത്തുരുത്തിയിൽ. യു.ഡി.എഫിനായി സിറ്റിങ് എം.എൽ.എ. കേരളാ കോൺഗ്രസ് –എമ്മിലെ മോൻസ് ജോസഫും എൽ.ഡി.എഫിനായി കേരളാ കോൺഗ്രസ് –സ്കറിയാ തോമസ് വിഭാഗം ചെയർമാൻ സ്കറിയാ തോമസും മത്സരിക്കുന്നു. കേരളാ കോൺഗ്രസ് –പി.സി.തോമസ് വിഭാഗത്തിനാണ് എൻ.ഡി.എ. ഈ സീറ്റ് നീക്കിവച്ചിരിക്കുന്നത്. സ്റ്റീഫൻ ചാഴിക്കാടനാണ് സ്ഥാനാർത്ഥി.

റബ്ബർ വിലയിടിവ് പ്രധാന ചർച്ചാവിഷയമാണെങ്കിലും കേരളാ കോൺഗ്രസ് –എമ്മിന്റെ ഉറച്ച പ്രതീക്ഷയായ കാഞ്ഞിരപ്പള്ളിയിൽ സിറ്റിങ് എം.എൽ.എ. ഡോ.എൻ. ജയരാജ് മത്സരിക്കുന്നു. സി.പി.ഐ. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം വി.ബി.ബിനുവാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. 2000 മുതൽ വാഴൂർ പഞ്ചായത്തംഗവും നിലവിൽ വികസനകാര്യ സ്ഥിരം സമിതി ചെയർമാനുമായ വി.എൻ.മനോജാണ് ബി.ജെ.പി. സ്ഥാനാർത്ഥി. തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിലുണ്ടായ നേട്ടത്തിൽ ബി.ജെ.പിയുടെ ആത്മവിശ്വാസം കുടികൊള്ളുന്നു. കോട്ടയത്തിന്റെ പൊതുസ്വഭാവത്തിനു വിരുദ്ധമായി ഇടത് ആഭിമുഖ്യം പ്രകടിപ്പിക്കുന്ന മണ്ഡലമാണ് വൈക്കം. എന്നാൽ, സ്ഥിരമായി സി.പി.ഐ. മത്സരിക്കുന്ന ഇവിടത്തെ സ്ഥാനാർത്ഥി നിർണ്ണയം ഇക്കുറി എളുപ്പമായിരുന്നില്ല. രണ്ടു തവണ മത്സരിച്ച ബാക്കി എല്ലാ എം.എൽ.എമാർക്കും ഇളവു നൽകിയ സി.പി.ഐ. അജിത്തിനു മാത്രം അത് അനുവദിച്ചില്ല. ഇതിലുള്ള നീരസം അജിത്ത് പരസ്യമായി പ്രകടിപ്പിച്ചത് പാർട്ടിയെ അങ്കലാപ്പിലാക്കുകയും ചെയ്തു. എന്നാൽ, ജയമുറപ്പായ സീറ്റിൽ വനിതയ്ക്ക് സ്ഥാനം നൽകണമെന്ന തീരുമാനമനുസരിച്ചാണ് സി.കെ.ആശയെ സ്ഥാനാർത്ഥിയാക്കുന്നതെന്ന വിശദീകരണം ഒടുവിൽ അജിത്ത് സ്വീകരിച്ചു. കെ.പി.എം.എസ്. –പുന്നല ശ്രീകുമാർ വിഭാഗം സംസ്ഥാന നേതാവുകൂടിയായ ഡി.സി.സി. ജനറൽ സെക്രട്ടറി എ.സനീഷ് കുമാറാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി. കെ.പി.എം.എസ്. സംസ്ഥാന പ്രസിഡന്റ് എൻ.കെ.നീലകണ്ഠൻ ബി.ഡി.ജെ.എസ്. പ്രതിനിധിയായി എൻ.ഡി.എയ്ക്കു വേണ്ടി രംഗത്തിറങ്ങുന്നു. എൻ.ഡി.എ. പിടിക്കുന്നത് ആരുടെ വോട്ടാണെന്നതിനെ ആശ്രയിച്ചായിരിക്കും വൈക്കത്തെ ഫലം. തദ്ദേശ തിരഞ്ഞെടുപ്പിൽ വൈക്കം നഗരസഭയിലേക്ക് ബി.ജെ.പി. കൗൺസിലർമാരെ ജയിപ്പിക്കാനായത് കരുത്തിന്റെ തെളിവാണെന്ന് എൻ.ഡി.എ. പറയുന്നു.


സി.കെ.ആശ

ഉമ്മൻ ചാണ്ടി, കെ.എം.മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി.സി.ജോർജ്, സുരേഷ് കുറുപ്പ്, മോൻസ് ജോസഫ്, സി.എഫ്.തോമസ്, എൻ.ജയരാജ് എന്നീ സിറ്റിങ് എം.എൽ.എമാർ കോട്ടയത്തിന്റെ മുഖമാണ്. ഇവരിൽ ആരു തോറ്റാലും അതു വാർത്തയാണ്, വലിയ വാർത്ത.


മെലിൻഡ ബുക്സ്
MELINDA
വായനയുടെ വസന്തകാലം





ഒരുമിച്ച് ഉടൻ പുറത്തിറങ്ങുന്നു

മലയാളത്തിലെ 25 കവികളുടെ 25 കവിതാ സമാഹാരങ്ങൾ


വായനയെ കവിതയോട് ചേർത്തുനിർത്താനുള്ള പ്രസാധക ധർമ്മനിർവ്വഹണം

മെലിൻഡ ബുക്സ്
MELINDA
മെലിൻഡ ബുക്സ്, പി.എം.ജി, ജംഗ്ഷൻ, തിരുവനന്തപുരം 33, ഫോൺ: 0471 2721155, 9037560167
melindabookskerala@gmail.com

# ഇടുക്കിയിൽ അവ്യക്തത



ഫലത്തെ സ്വാധീനിക്കുന്ന ഒരുപാട് ഘടകങ്ങൾ. ഇതിൽ ഏതു ഘടകം ആർക്ക് നേട്ടമാവുമെന്ന് ഒരു പിടിയുമില്ല. സാമുദായികവും ഭാഷാപരവുമായ ചേരിതിരിവുകൾ കൂടിയാവുമ്പോൾ ഇടുക്കിയിലെ സ്ഥിതി അവിയൽപ്പരുവം. അഞ്ചു നിയമസഭാ മണ്ഡലങ്ങളുള്ള ഇടുക്കിയിൽ എൽ.ഡി.എഫിന് മൂന്ന്, യു.ഡി.എഫിന് രണ്ട് എന്നാണ് നിലവിലുള്ള സ്ഥിതി. ഉടുമ്പൻചോല, ദേവികുളം എന്നിവ സി.പി.എമ്മും പീരുമേട് സി.പി.ഐയും കൈവശം വച്ചിരിക്കുന്നു. തൊടുപുഴയും ഇടുക്കിയും കേരളാ കോൺഗ്രസ് –എമ്മിന്റെ കയ്യിൽ. നിയമസഭയിൽ നിന്നു വ്യത്യസ്തമാണ് തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിതി. ജില്ലാ പഞ്ചായത്തിൽ യു.ഡി.എഫിന് 10 സീറ്റുള്ളപ്പോൾ എൽ.ഡി.എഫിന് ആറു മാത്രം. ബ്ലോക്ക് പഞ്ചായത്തുകളിൽ ആറിടത്ത് യു.ഡി.എഫ്. ഭരണവും രണ്ടിടത്ത് എൽ.ഡി.എഫ്. ഭരണവുമാണ്. ഗ്രാമപഞ്ചായത്തുകളിൽ 29 എണ്ണം യു.ഡി.എഫ്. പക്ഷത്തു നിൽക്കുമ്പോൾ 23 എണ്ണം എൽ.ഡി.എഫിനൊപ്പമാണ്. പുതിയതായി വന്ന കട്ടപ്പനയടക്കം രണ്ടു നഗരസഭകളും വലതുപക്ഷത്തു തന്നെ. പക്ഷേ, 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് ജില്ലയിൽ 59,590 വോട്ടിന്റെ ഭൂരിപക്ഷമുണ്ടായിരുന്നു. ഹൈറേഞ്ച് സംരക്ഷണ സമിതി സമ്മാനിച്ചതാണ് ഈ ഭൂരിപക്ഷമെന്നത് എല്ലാവർക്കുമറിയാം. കർഷകരുടെയും ക്രൈസ്തവ സഭകളുടെയും പിന്തുണയുള്ള ഹൈറേഞ്ച് സംരക്ഷണ സമിതി ഇത്തവണയും എൽ.ഡി.എഫിനൊപ്പം തന്നെ. കേരളാ കോൺഗ്രസ് –എം പിളർത്തി ജനാധിപത്യ കോൺഗ്രസ്സുമായി വന്നു കയറിയ ഫ്രാൻസിസ് ജോർജ്ജിന്റെ സാന്നിദ്ധ്യവും എൽ.ഡി.എഫിന് ആത്മവിശ്വാസം പകരുന്നു. യു.ഡി.എഫിന് ആധിയേറ്റുന്ന ഘടകങ്ങളാണിത്, പുറമേയ്ക്കവർ അതു പ്രകടിപ്പിക്കുന്നില്ലെങ്കിലും.



ബിജിമോൾ

പെമ്പിളൈ ഒരുമൈ എന്നു കേൾക്കുമ്പോൾ തന്നെ രാഷ്ട്രീയകക്ഷികൾക്ക് അരിശം വരും. എല്ലാ കക്ഷികളെയും വെല്ലുവിളിച്ചുകൊണ്ടുള്ള ഈ പെൺകൂട്ടിന്റെ നില്പ് എല്ലാ കണക്കുകൂട്ടലുകളും തെറ്റിക്കുന്നു. തമിഴ്നാട്ടിൽ ഉണ്ടെന്നു പറയുന്ന വികസനം കേരളത്തിൽ വോട്ടാക്കി മാറ്റാൻ ശ്രമിക്കുന്ന അണ്ണാ ഡി.എം.കെ. നേടുന്ന വോട്ടുകളും മുന്നണികളുടെ പിടിക്കു പുറത്തുതന്നെ. അതിർത്തി മണ്ഡലങ്ങളായ ഉടുമ്പൻചോല, ദേവികുളം, പീരുമേട് എന്നിവയാണ് അണ്ണാ ഡി.എം.കെയുടെ ലക്ഷ്യം. ബി.ജെ.പി. –ബി.ഡി.ജെ.എസ്. സഖ്യവും ഇടുക്കിയിലെ ഫലങ്ങൾ മാറ്റിമറിക്കാൻ ശേഷിയുള്ളവർ തന്നെ. കുടിയേറ്റ കർഷകരുടെ ജില്ലയിൽ പതിവു പോലെ പട്ടയമാണ് പ്രധാന പ്രചാരണവിഷയം. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു ശേഷം പട്ടയവുമായി ബന്ധപ്പെട്ട് പുറത്തുവന്ന ഒരു വാർത്ത യു.ഡി.എഫിനു സൃഷ്ടിക്കുന്ന തലവേദന ചില്ലറയല്ല. ലക്ഷത്തോളം പേർക്ക് പട്ടയം കൊടുക്കാനുള്ളപ്പോൾ ഹോപ്പ് പ്ലാന്റേഷന് വഴിവിട്ട് ഭൂമി ദാനംചെയ്യാൻ സർക്കാർ കാണിച്ച തിടുക്കം പ്രധാന ചർച്ചാവിഷയമാണ്. അധികാരത്തിൽ വന്നാൽ അർഹതപ്പെട്ടവർക്കെല്ലാം പട്ടയം എന്ന് എൽ.ഡി.എഫ്. പ്രഖ്യാപിച്ചതും ഇതിന്റെ തുടർച്ചയായിത്തന്നെ.

യു.ഡി.എഫിൽ നിന്ന് കോൺഗ്രസ് പീരുമേട്, ഉടുമ്പൻചോല, ദേവികുളം സീറ്റുകളിലും കേരളാ കോൺഗ്രസ് –എം ഇടുക്കി, തൊടുപുഴ സീറ്റുകളിലും മത്സരിക്കുന്നു. എൽ.ഡി.എഫിൽ നിന്ന് ഉടുമ്പൻചോല, ദേവികുളം, തൊടുപുഴ സീറ്റുകളിൽ സി.പി.എമ്മും പീരുമേട്ടിൽ സി.പി.ഐയും ഇടുക്കിയിൽ ജനാധിപത്യ കേരളാ കോൺഗ്രസ്സും മത്സരിക്കുന്നു. ജില്ലയിൽ ഏവരും ഉറ്റുനോക്കുന്ന മത്സരം ഇടുക്കിയിലേതാണ്. കഴിഞ്ഞ മൂന്നു തവണയും ഇടുക്കിക്കാർ ജയിപ്പിച്ചുവിട്ട റോഷി അഗസ്റ്റിനാണ് കേരളാ കോൺഗ്രസ്–എം സ്ഥാനാർത്ഥിയായി യു.ഡി.എഫിനു വേണ്ടി രംഗത്തിറങ്ങുന്നത്. രണ്ടു തവണ ഇടുക്കിയെ ലോക്സഭയിൽ പ്രതിനിധീകരിച്ച ഫ്രാൻസിസ് ജോർജ്ജ് ജനാധിപത്യ കേരള കോൺഗ്രസ്സിന്റെ പേരിൽ എൽ.ഡി.എഫിന്റെ പട നയിക്കുന്നു. മലനാട് എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡന്റ് ബിജു മാധവനാണ് ബി.ഡി.ജെ.എസ്. പ്രതിനിധിയായി എൻ.ഡി.എയ്ക്കു വേണ്ടി രംഗ



## റബ്ബറിന്റെയും ഏലത്തിന്റെയും വിലയിടിവ്, കാർഷിക മേഖലയുടെ തകർച്ച, പട്ടയ പ്രശ്നം, വിലക്കയറ്റം, തോട്ടങ്ങളിലെ ദാരിദ്ര്യം, ഗാഡ്ഗിൽ –കസ്തൂരി രംഗൻ റിപ്പോർട്ടുകൾ എന്നിവയെല്ലാം ഇടുക്കിയിലെ തിരഞ്ഞെടുപ്പിനെ ശബ്ദമുഖരിതമാക്കി

ത്ത്. ഇടുക്കി യു.ഡി.എഫിന്റെ ശക്തികേന്ദ്രമാണ്. പക്ഷേ, ഇത്തവണ എൽ.ഡി.എഫിനും തുല്യ സാദ്ധ്യത കൽപ്പിക്കപ്പെടുന്നു. 1996ൽ മാത്രമാണ് ഇടുക്കി ഇടത്തേക്കു ചാഞ്ഞത്. അന്ന് ജനതാദൾ സ്ഥാനാർത്ഥിയായി ജയിച്ച പി.പി.സുലൈമാൻ റാവുത്തർ ഇപ്പോൾ കോൺഗ്രസ്സിലാണെന്നത് വേറെ കാര്യം. റോഷിയുടെ ഭൂരിപക്ഷം ഇതുവരെ 10,000ൽ താഴെ പോയിട്ടില്ല. അവിടെ നിന്നാണ് റോഷിയെ വേണമെങ്കിൽ തോൽപ്പിക്കാമെന്ന സ്ഥിതിയിലേക്ക് ഫ്രാൻസിസ് ജോർജ്ജ് മത്സരത്തെ എത്തിച്ചിരിക്കുന്നത്. അതിനാൽത്തന്നെ പോരാട്ടം തീപാറുന്നു.

എം.എം.മണിയാണ് സി.പി.എം. സ്ഥാനാർത്ഥി എന്നതാണ് ഉടുമ്പൻചോലയിലെ മണ്ഡലത്തെ ശ്രദ്ധേയമാക്കുന്ന ഘടകം. തൊടുപുഴയ്ക്കടുത്ത് മണക്കാട് നടത്തിയ "ഒന്ന്, രണ്ട്, മൂന്ന്...' പ്രസംഗത്തിലൂടെ കുപ്രസിദ്ധനായ മണിയുടെ ദൗത്യം സീറ്റു നിലനിർത്തുക എന്നതാണ്. യു.ഡി.എഫിനു വേണ്ടി രംഗത്തിറങ്ങുന്ന കോൺഗ്രസ്സിലെ സേനാപതി വേണുവും പ്രസംഗവീരൻ തന്നെ. എ.ഐ.സി.സി.യോഗത്തിൽ സോണിയാ ഗാന്ധിയടക്കമുള്ള നേതാക്കളുടെ സാന്നിധ്യത്തിൽ ചായ വാങ്ങിക്കൊണ്ടുവരുന്ന നേതാക്കൾക്കെതിരെ പ്രതികരിച്ച് ശ്രദ്ധേയനായ ആളാണ് ഇദ്ദേഹം. എൻ.ഡി.എയ്ക്കു വേണ്ടി ബി.ഡി.ജെ.എസ്. സ്ഥാനാർത്ഥിയായി എത്തുന്ന എസ്.എൻ.ഡി.പി. യോഗം നെടുങ്കണ്ടം യൂണിറ്റ് പ്രസിഡന്റ് സജി പറമ്പത്തും ചില്ലറക്കാരനല്ല. അണ്ണാ ഡി.എം.കെ. പതാകയേന്തുന്ന ബി.സോമനും മുന്നണികളുടെ താളം തെറ്റിക്കാനുള്ള ശേഷിയുണ്ട്. നിലവിൽ സി.പി.എമ്മിലെ കെ.കെ.ജയചന്ദ്രനാണ് ഉടുമ്പൻചോല എം.എൽ.എ. അദ്ദേഹം ജില്ലാ സെക്രട്ടറിയായതോടെ ഇക്കുറി മത്സരിക്കില്ലെന്ന് ഉറപ്പായിരുന്നു. മണിയായിരിക്കും മത്സരിക്കുക എന്നു നേരത്തേ ഉറപ്പായതിനാൽ പ്രചാരണത്തിൽ എൽ.ഡി.എഫ്. ഒരു പടി മുന്നിലാണ്. ജയത്തിൽ കുറഞ്ഞ ഒന്നും അദ്ദേഹത്തിന് സ്വീകാര്യമല്ല. പാർട്ടിയിൽ വി.എസ്.അച്യുതാനന്ദന്റെ ഏറ്റവും വലിയ വിമർശകനായ മണി തനിക്കു വേണ്ടി പ്രചാരണം നടത്താൻ വി.എസ്സിന്റെ കാലുപിടിച്ചതും വെറുതെയല്ല. മണിക്കു വേണ്ടി വോട്ടഭ്യർത്ഥിക്കാൻ വി.എസ്. വന്നത് വലിയ വാർത്തയാവുകയും ചെയ്തു. ദീർഘകാലം സി.പി.എം. ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ച മണിക്ക് 71–ാംവയസ്സിൽ നിയസഭയിലേക്ക് രണ്ടാമങ്കമാണ്. സേനാപതി വേണുവിന് ഇത് കന്നി മത്സരം.



പി.ജെ.ജോസഫ്



എസ്. രാജേന്ദ്രൻ

നിയമസഭയിൽ സി.പി.ഐയുടെ തീപ്പൊരി വനിത ഇ.എസ്.ബിജിമോൾ പീരുമേട്ടിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി വീണ്ടും മത്സരിക്കുന്നു. യു.ഡി.എഫിൽ നിന്ന് കോൺഗ്രസ്സിലെ സിറിയക് തോമസാണ് പ്രധാന എതിരാളി. ബി.ജെ.പി. സ്ഥാനാർത്ഥി കെ.കുമാറും അണ്ണാ ഡി.എം.കെ. സ്ഥാനാർത്ഥി അബ്ദുൾ ഖാദറും കൂടിയാവുമ്പോൾ ചിത്രം പൂർണ്ണമാവുന്നു. തോട്ടംതൊഴിലാളികൾക്ക് ഏറെ വോട്ടുള്ള മണ്ഡലത്തിൽ കാർഷികമേഖലയിലെ പ്രശ്നങ്ങൾ എന്നും ചർച്ചാവിഷയമാണ്. പഴയ തോട്ടം തൊഴിലാളിയായ ബിജിമോൾ പെമ്പിളൈ ഒരുമൈയ്ക്ക് സ്വീകാര്യയാണ് എന്നത് ഇവിടെ എൽ.ഡി.എഫിന് ആത്മവിശ്വാസം പകരുന്നു. മന്ത്രി പി.ജെ.ജോസഫ് കേരളാ കോൺഗ്രസ് –എമ്മിലൂടെ യു.ഡി.എഫിന്റെ തേരാളിയാകുന്ന തൊടുപുഴയിൽ എൽ.ഡി.എഫിന് കാര്യങ്ങൾ അത്ര പന്തിയല്ല എന്നു തന്നെയാണ് സൂചനകൾ. റോയ് വാരിക്കാട്ടാണ് ഇടതു സ്ഥാനാർത്ഥി. പ്രാദേശിക ഘടങ്ങളുടെ എതിർപ്പിനെ അവഗണിച്ച് സി.പി.എം. ജില്ലാ നേതൃത്വം തീരുമാനിച്ച സ്വതന്ത്ര സ്ഥാനാർത്ഥിക്കെതിരായ വികാരം ശക്തമാണ്. പേമെന്റ് സീറ്റെന്നാരോപിച്ച് സജീവ സി.പി.എം. പ്രവർത്തകർ പലരും പ്രചാരണത്തിനിറങ്ങാത്തത് പരസ്യമായ രഹസ്യം. ബി.ജെ.പിയുടെ ജില്ലയിലെ പ്രധാന തട്ടകമാണ് തൊടുപുഴ. എന്നാൽ, എൻ.ഡി.എയിൽ നിന്നു മത്സരിക്കുന്നത് ബി.ഡി.ജെ.എസ്സാണ്. തൊടുപുഴ എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡന്റ് എസ്.പ്രവീണാണ് സ്ഥാനാർത്ഥി. ദേവികുളത്ത് സി.പി.എമ്മിന്റെ സിറ്റിങ് എം.എൽ.എ. എസ്.രാജേന്ദ്രനാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. യു.ഡി.എഫിലെ സ്ഥാനാർത്ഥി നിർണ്ണയം ഒട്ടും സുഗമമായിരുന്നില്ല. മൂന്നുതവണ മാറ്റിമറിച്ചാണ് ഒടുവിൽ ഇപ്പോഴത്തെ സ്ഥാനാർത്ഥി എ.കെ.മണിയിൽ കോൺഗ്രസ് എത്തിയത്. ഇതിന്റെ ഭാഗമായുണ്ടായ മുറിവുകൾ ഉണങ്ങുന്നില്ല.എൻ.ഡി.എയിലെ ബി.ജെ.പി. സ്ഥാനാർത്ഥി എൻ.ചന്ദ്രൻ മണ്ഡലത്തിൽ വ്യാപകമായുള്ള സൗഹൃദം മുതൽക്കൂട്ടാകുമെന്ന പ്രതീക്ഷയിലാണ്. പ്രചാരണത്തിൽ അതു പ്രകടം. പക്ഷേ, പെമ്പിളൈ ഒരുമൈ സ്ഥാനാർത്ഥി ജെ.രാജേശ്വരിയും അണ്ണാ ഡി.എം.കെ. സ്ഥാനാർത്ഥി ആർ.എം.ധനലക്ഷ്മിയും ചേർന്നാണ് ഈ മണ്ഡലത്തിലെ വിധിയെഴുതുക. ഇവർ പിടിക്കുന്ന വോട്ടുകൾ വിജയിയെ തീരുമാനിക്കുമെന്നുറപ്പ്.

റബ്ബറിന്റെയും ഏലത്തിന്റെയും വിലയിടിവ്, കാർഷിക മേഖലയുടെ തകർച്ച, പട്ടയ പ്രശ്നം, വിലക്കയറ്റം, തോട്ടങ്ങളിലെ ദാരിദ്ര്യം, ഗാഡ്ഗിൽ –കസ്തൂരി രംഗൻ റിപ്പോർട്ടുകൾ എന്നിവയെല്ലാം ചേർന്ന് ഇടുക്കിയിലെ തിരഞ്ഞെടുപ്പിനെ ശബ്ദമുഖരിതമാക്കിയിരിക്കുന്നു. ഇവിടെ ജയപരാജയങ്ങൾ ഉറപ്പിച്ചു കണക്കുകൂട്ടാൻ യു.ഡി.എഫിനും എൽ.ഡി.എഫിനും ധൈര്യമില്ല. എൻ.ഡി.എയും അണ്ണാ ഡി.എം.കെയും പെമ്പിളൈ ഒരുമയുമെല്ലാം ചേർന്ന് പിടിക്കുന്ന വോട്ടുകൾ ആരുടേതായിരിക്കും എന്നതിനെ ആശ്രയിച്ചാണ് ഇരു മുന്നണികളുടെ സാദ്ധ്യതകൾ നിലനിൽക്കുന്നത്.

**2011ൽ ആലുവ, കളമശ്ശേരി, പറവൂർ, കൊച്ചി, തൃപ്പൂണിത്തുറ, എറണാകുളം, തൃക്കാക്കര, കുന്നത്തുനാട്, മൂവാറ്റുപുഴ, കോതമംഗലം എന്നിവ യു.ഡി.എഫിനൊപ്പം നിന്നപ്പോൾ പെരുമ്പാവൂർ, അങ്കമാലി, വൈപ്പിൻ എന്നിവ എൽ.ഡി.എഫ്. കയ്യടക്കി. ഫലം നിർണ്ണയിക്കാൻ ശേഷിയുള്ള സമുദായങ്ങളുടെ പിന്തുണ ഇക്കുറി ഇടതിനാണ്. യാക്കോബായ -ഓർത്തഡോക്സ് വിഭാഗങ്ങൾ അവരുമായി രമ്യതയിലാണ്. ജില്ലയിലെ നാലു മണ്ഡലങ്ങളിലെങ്കിലും ഇത് സ്വാധീനം ചെലുത്തും**

# എറണാകുളം നിലനിർത്താൻ യു.ഡി.എഫ്




പരമ്പരാഗതമായി എറണാകുളത്തിനൊരു വലതുപക്ഷ സ്വഭാവമുണ്ട്. അപൂർവ്വമായി ചിലപ്പോഴൊക്കെ ഇടതുപക്ഷത്തോട് ആഭിമുഖ്യം പ്രകടിപ്പിക്കാറുമുണ്ട്. 2006ൽ ജില്ലയിലെ 14 മണ്ഡലങ്ങളിൽ ഒമ്പതിടത്തും ചെങ്കൊടി പാറി. 2011ൽ ആകെയുള്ള 14 സീറ്റുകളിൽ 11 എണ്ണവും യു.ഡി.എഫ്. പിടിച്ചെടുത്തു. എൽ.ഡി.എഫിന് കിട്ടിയത് മൂന്നെണ്ണം മാത്രം. 2014 ലോക്സഭാ തിരഞ്ഞെടുപ്പിൽ പെരുമ്പാവൂരും കുന്നത്തുനാടും ഒഴികെ ബാക്കി 12 ഇടത്തും യു.ഡി.എഫ്. തന്നെ മുന്നിൽ. 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ കാര്യമായ മുന്നേറ്റം നടത്തിയ ഇടതിന് പല യു.ഡി.എഫ്. കോട്ടകളിലും വിള്ളൽ വീഴ്ത്താൻ സാധിച്ചു. 2011ൽ ആലുവ, കളമശ്ശേരി, പറവൂർ, കൊച്ചി, തൃപ്പൂണിത്തുറ, എറണാകുളം, തൃക്കാക്കര, കുന്നത്തുനാട്, മൂവാറ്റുപുഴ, കോതമംഗലം എന്നിവ യു.ഡി.എഫിനൊപ്പം നിന്നപ്പോൾ പെരുമ്പാവൂർ, അങ്കമാലി, വൈപ്പിൻ എന്നിവ എൽ.ഡി.എഫ്. കയ്യടക്കി. ഫലം നിർണ്ണയിക്കാൻ ശേഷിയുള്ള സമുദായങ്ങളുടെ പിന്തുണ ഇക്കുറി ഇടതിനാണ്. യാക്കോബായ -ഓർത്തഡോക്സ് വിഭാഗങ്ങൾ അവരുമായി രമ്യതയിലാണ്. ജില്ലയിലെ നാലു മണ്ഡലങ്ങളിലെങ്കിലും ഇത് സ്വാധീനം ചെലുത്തും. സിറോ മലബാർ, ലത്തീൻ സഭകളുടെ നിലപാടിലും കാലുഷ്യമില്ലെന്ന് എൽ.ഡി.എഫ്. വിലയിരുത്തുന്നു. കൊച്ചിയിൽ യു.ഡി.എഫിനോടുള്ള എതിർപ്പ് ലത്തീൻ സഭ പരസ്യമാക്കിയത് മറ്റു മണ്ഡലങ്ങളിലും ബാധിക്കാൻ സാധ്യതയുണ്ട്. എന്നാൽ, തങ്ങൾക്കു ജയിച്ചുകയറാൻ പരമ്പരാഗത വോട്ടുകൾ മാത്രം മതിയെന്നാണ് യു.ഡി.എഫ്. വിലയിരുത്തൽ. ഇക്കുറി 13 മണ്ഡലവും പിടിക്കുമെന്നാണ് യു.ഡി.എഫ്. അവകാശവാദം. വൈപ്പിൻ മാത്രമാണ് അവർ വിട്ടുകളയുന്നത്. മുന്നണി എന്ന പേരിൽ മത്സരിക്കുന്നതിനാൽ ഏഴു സീറ്റിലേക്ക് ഒതുങ്ങേണ്ടി വന്നത് ജില്ലയിലെ ബി.ജെ.പി. നേതാക്കൾക്ക് രുചിച്ചിട്ടില്ല.



ഷിജി ശിവജി

ബാർ കോഴ ആരോപണത്തെ തുടർന്ന് പ്രതിച്ഛായയ്ക്കു മങ്ങലേറ്റ മന്ത്രി കെ.ബാബു വീണ്ടും ജനവിധി തേടുമ്പോൾ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ വലംകൈയെന്നറിയപ്പെടുന്ന തൃക്കാക്കരയിലെ സിറ്റിങ് എം.എൽ.എ. ബെന്നി ബെഹനാന് സീറ്റ് കിട്ടിയില്ല. അങ്കമാലിയിലെ ജോസ് തെറ്റയിലാണ് എൽ.ഡി.എഫിൽ നിന്ന് മത്സരരംഗത്തില്ലാത്ത സിറ്റിങ് എം.എൽ.എ. മന്ത്രിമാരായ വി.കെ.ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ്ബ് എന്നിവരും എറണാകുളം ജില്ലക്കാർ തന്നെ. കാൽനൂറ്റാണ്ടായി തൃപ്പൂണിത്തുറയെ നിയമസഭയിൽ പ്രതിനിധീകരിക്കുന്നയാളാണ് കോൺഗ്രസ്സിലെ കെ.ബാബു. ആറാം തവണ മത്സരിക്കാനിറങ്ങുന്നത് അഴിമതി ആരോപണങ്ങളിൽ കുരുങ്ങി നിൽക്കുന്ന വേളയിൽ. ജനകീയ കോടതിയിൽ അനുകൂല വിധിയല്ലെങ്കിൽ അത് അദ്ദേഹത്തിന്റെ രാഷ്ട്രീയ വനവാസത്തിലേക്കു നയിച്ചേക്കും. ബാബുവിനെതിരെ അഴിമതി വിരുദ്ധ കുരിശുയുദ്ധം നടത്താൻ എൽ.ഡി.എഫിനു വേണ്ടി സി.പി.എം. നിയോഗിച്ചിരിക്കുന്നത് ഡി.വൈ.എഫ്.ഐ. സംസ്ഥാന സെക്രട്ടറി എം.സ്വരാജിനെയാണ്. എൽ.ഡി.എഫിലും സ്ഥാനാർത്ഥിയെക്കുറിച്ച് ആശയക്കുഴപ്പമുണ്ടായിരുന്നു. ജില്ലാ സെക്രട്ടറി പി.രാജീവിന്റേതടക്കം എറണാകുളം ജില്ലാ കമ്മിറ്റി നിർദ്ദേശിച്ച പേരുകളൊന്നും അംഗീകരിക്കപ്പെട്ടില്ല. ഒടുവിൽ സ്വരാജിനെ സംസ്ഥാന നേതൃത്വം നേരിട്ട് സ്ഥാനാർത്ഥിയാക്കുകയായിരുന്നു. എറണാകുളം ജില്ലയിൽ സി.പി.എം. വിഭാഗീയതയുടെ തലസ്ഥാനമായിരുന്ന തൃപ്പൂണിത്തുറ, ഉദയംപേരൂർ, പള്ളുരുത്തി മേഖലകളിൽ പ്രവർത്തനം ആദ്യ ഘട്ടത്തിൽ മന്ദഗതിയിൽ ആയിരുന്നു. എന്നാൽ, സ്വരാജിനു വേണ്ടി വോട്ടു ചോദിക്കാൻ സാക്ഷാൽ വി.എസ്.അച്യുതാനന്ദൻ നേരിട്ടെത്തിയതോടെ കഥ മാറി. തിരഞ്ഞെടുപ്പ് പോരാട്ടത്തിൽ സി.പി.എം. വിഭാഗീയതയുടെ കനലുകൾ അണയുന്നു എന്നതു തന്നെയാണ് അവസാനഘട്ടത്തിൽ യു.ഡി.എഫിനെ ആശങ്കയിലാക്കുന്നത്. ബി.ജെ.പി. വലിയ പ്രതീക്ഷ വച്ചുപുലർത്തുന്ന തൃപ്പൂണിത്തുറയിൽ സാംസ്കാരിക നായകനും വാഗ്മിയുമായ പ്രൊഫ.തുറവൂർ വിശ്വംഭരനാണ് രംഗത്ത്. ക്രിക്കറ്റ് താരം ശ്രീശാന്ത് ജന്മനാട്ടിൽ മത്സരിക്കാൻ താത്പര്യം പ്രകടിപ്പിച്ചുവെങ്കിലും പ്രൊഫ. വിശ്വംഭരനു വേണ്ടി അദ്ദേഹത്തെ തിരുവനന്തപുരം മണ്ഡലത്തിലേക്ക് ബി.ജെ.പി. മാറ്റി. ഈഴവർക്കും ധീവരർക്കും വലിയ സ്വാധീനമുള്ള മണ്ഡലത്തിൽ ഈ വിഭാഗങ്ങളിലെ സിംഹഭാഗം വോട്ടുകളും കോൺഗ്രസ്സിനാണ് ലഭിച്ചിരുന്നത്. എന്നാൽ, പ്രൊഫ.വിശ്വംഭരന്റെ സാന്നിദ്ധ്യത്തിലൂടെ അതിലൊരു ഭാഗം ബി.ജെ.പി. കൊണ്ടുപോകുമ്പോൾ 2011ലെ സ്ഥിതിയാവില്ല തൃപ്പൂണിത്തുറയിലെന്നു വ്യക്തം. മണ്ഡലത്തിലെ നായർ വോട്ടുകൾ സ്വരാജിന് അനുകൂലമാവും എന്ന സൂചന കൂടിയാവുമ്പോൾ ബാബുവിന് കാര്യങ്ങൾ പന്തിയല്ല എന്നു തന്നെയാണ്.



ശാരദാമോഹൻ

ജില്ലയിൽ ഏറ്റവും ശ്രദ്ധേയമായ മത്സരം നടക്കുന്നത് കൊച്ചിയിലാണ്. കോൺഗ്രസ്സിന്റെ മുൻ ജില്ലാ പഞ്ചായത്തംഗമായ കെ.ജെ.ലീനസ് യു.ഡി.എഫ്. വിമത സ്ഥാനാർത്ഥിയായി മത്സരിക്കുന്നു എന്നതു തന്നെയാണ് കാരണം. യു.ഡി.എഫിന്റെ സിറ്റിങ് എം.എൽ.എ. കോൺഗ്രസ്സിലെ ഡൊമിനിക് പ്രസന്റേഷന്റെ വിജയസാദ്ധ്യത ഇല്ലാതാക്കാനുള്ള ശേഷി ലീനസിനുണ്ടെന്നാണ് വിലയിരുത്തൽ. മണ്ഡലത്തിൽ സ്വാധീനമുള്ള ലത്തീൻസഭ ഡൊമിനിക്കിനെതിരെ പരസ്യപ്രസ്താവനയിറക്കിയത് ഇടതിന്റെ പ്രതീക്ഷ വർദ്ധിപ്പിക്കുന്നു. ഏഴാം തവണ മത്സരിക്കുന്ന ഡൊമിനിക്കിന്റെ പേര് കെ.പി.സി.സി. പ്രസിഡന്റ് വി.എം.സുധീരൻ അവസാന നിമിഷം വരെ പിടിച്ചുവച്ചതും മണ്ഡലത്തിൽ ചർച്ചാ വിഷയമാണ്. 10 വർഷം തോപ്പുംപടിയിൽ നിന്ന് നഗരസഭാ കൗൺസിലറായിരുന്ന കെ.ജെ.മാക്സിയാണ് സി.പി.എം. സ്ഥാനാർത്ഥി. ബി.ജെ.പി.മുന്നണിയുടെ ശക്തിയറിയിക്കാൻ പ്രവീൺ ദാമോദരപ്രഭുവാണ് രംഗത്തുള്ളത്. ചെല്ലാനം ഗ്രാമപഞ്ചായത്ത് അംഗമാണ് പ്രവീൺ. മണ്ഡലത്തിലെ ഗൗഢസാരസ്വത സമൂഹത്തിന്റെ വോട്ടാണ് ബി.ജെ.പി.യുടെ അടിത്തറ. യു.ഡി.എഫ്. ഇപ്പോൾത്തന്നെ എഴുതിത്തള്ളിയ വൈപ്പിനിൽ സി.പി.എമ്മിന്റെ മുൻ മന്ത്രി എസ്.ശർമ്മയാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. ശർമ്മയ്ക്ക് മണ്ഡലത്തിലുള്ള വ്യക്തിപ്രഭാവം വളരെ വലുതാണ്. മുമ്പ് അഞ്ചു തവണ മത്സരിച്ചപ്പോൾ നാലു തവണയും ശർമ്മ വിജയിച്ചു. അതിനാൽത്തന്നെ മറ്റൊരു പേരും പാർട്ടി പരിഗണിച്ചില്ല. യു.ഡി.എഫിനു വേണ്ടിയിറങ്ങുന്ന കോൺഗ്രസ്സിന്റെ കെ.ആർ.സുഭാഷിന് നിയമസഭയിലേക്ക് കന്നിയങ്കമാണ്. ജില്ലാ പഞ്ചായത്തിലേക്ക് മൂന്നു തവണ ജയിച്ചിട്ടുണ്ട്. കേരള ധീവര മഹാസഭ വർക്കിങ് പ്രസിഡന്റ് കെ.കെ.വാമലോചനനാണ് ബി.ഡി.ജെ.എസ്സിലൂടെ എൻ.ഡി.എ. സ്ഥാനാർത്ഥിയാവുന്നത്.

കെ.പി.സി.സി. പ്രസിഡന്റ് വി.എം.സുധീരനും മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും തമ്മിലുള്ള പോരിലെ ബലിയാടാണ് തൃക്കാക്കര സിറ്റിങ് എം.എൽ.എ. ബെന്നി ബെഹനാൻ. കോൺഗ്രസ്സിനു വേണ്ടി പകരക്കാരനായി എത്തിയത് ഇടുക്കി മുൻ എം.പിയും തൊടുപുഴ മുൻ എം.എൽ.എയുമായ പി.ടി.തോമസ്. മണ്ഡലം പിടിക്കാൻ എൽ.ഡി.എഫ്. നിയോഗിച്ചിരിക്കുന്നത് എറണാകുളത്തിന്റെ മുൻ എം.പിയും എം.എൽ.എയുമായ ഡോ.സെബാസ്റ്റ്യൻ പോളിനെയാണ്. ഇതുവരെയുള്ള തിരഞ്ഞെടുപ്പുകളിലെല്ലാം സ്വതന്ത്ര വേഷത്തിലായിരുന്ന സെബാസ്റ്റ്യൻ പോൾ ഇക്കുറി മത്സരിക്കുന്നത് അരിവാൾ ചുറ്റിക നക്ഷത്രത്തിൽ തന്നെ. തുല്യശക്തികളുടെ പോരാട്ടത്തിന് വീറും വാശിയുമേറെ. എൻ.ഡി.എയിൽ നിന്ന് എൽ.ജെ.പിയുടെ വിവേക് വിജയന്റെ പേരാണ് ആദ്യം പ്രഖ്യാപിക്കപ്പെട്ടതെങ്കിലും തർക്കത്തെത്തുടർന്ന് അവസാനം മാറ്റി. ബി.ജെ.പിയുടെ എസ്.സജിയാണ് ഒടുവിൽ സ്ഥാനാർത്ഥിയായത്.



ഇബ്രാഹിം കുഞ്ഞ്

പെരുമ്പാവൂരിൽ സിറ്റിങ് എം.എൽ.എ. സി.പി.എമ്മിലെ സാജുപോൾ നാലാം തവണയും ഗോദയിലുണ്ട്. മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും യുവനേതാവുമായ എൽദോസ് കുന്നപ്പള്ളിയാണ് കോൺഗ്രസ് സ്ഥാനാർത്ഥി. ഹിന്ദു ഐക്യവേദി സംസ്ഥാന ജനറൽ സെക്രട്ടറി ഇ.എസ്. ബിജു ബി.ജെ.പി. ബാനറിൽ എൻ.ഡി.എയ്ക്കായി മത്സരിക്കുന്നു. ലൈംഗികാരോപണവുമായി ബന്ധപ്പെട്ട് പ്രതിച്ഛായയ്ക്ക് മങ്ങലേറ്റ സിറ്റിങ് എം.എൽ.എ. ജോസ് തെറ്റയിൽ മാറി നിൽക്കുമ്പോൾ അങ്കമാലിയിൽ എൽ.ഡി.എഫിനു വേണ്ടി ജെ.ഡി.എസ്. സ്ഥാനാർത്ഥിയായി വരുന്നത് മുൻ നഗരസഭാ ചെയർമാൻ ബെന്നി മു

ഞ്ഞേലിയാണ്. യു.ഡി.എഫിൽ ജോണി നെല്ലൂരിനു വേണ്ടി കേരളാ കോൺഗ്രസ് –ജേക്കബ് വിഭാഗത്തിന് സീറ്റ് നൽകാതിരുന്നത് പൊട്ടിത്തെറിക്കു കാരണമായി. മുന്നണി വിടുന്നതായി ജോണി പ്രഖ്യാപിച്ചുവെങ്കിലും ഒടുവിൽ യു.ഡി.എഫ്. സെക്രട്ടറി എന്ന പുതിയ തസ്തികയുമായി തിരിച്ചുകയറി. കോൺഗ്രസ് ഏറ്റെടുത്ത സീറ്റിൽ എൻ.എസ്.യു. അദ്ധ്യക്ഷൻ റോജി എം.ജോണിനെ സ്ഥാനാർത്ഥിയാക്കി. കേരളാ കോൺഗ്രസ് –പി.സി.തോമസ് വിഭാഗം ജനറൽ സെക്രട്ടറി പി.ജെ.ബാബുവാണ് എൻ.ഡി.എ. സ്ഥാനാർത്ഥി.

എറണാകുളത്ത് സിറ്റിങ് എം.എൽ.എ. കോൺഗ്രസ്സിലെ ഹൈബി ഈഡനെ എൽ.ഡി.എഫിനു വേണ്ടി ഡി.വൈ.എഫ്.ഐ. നേതാവും മുൻ കൊച്ചി കോർപ്പറേഷൻ കൗൺസിലറുമായ എം.അനിൽകുമാർ നേരിടുന്നു. ബി.ജെ.പി. ജില്ലാ പ്രസിഡന്റ് എൻ.കെ.മോഹൻദാസാണ് എൻ.ഡി.എ. സ്ഥാനാർത്ഥി. ഇരു മുന്നണികളും മാറി മാറി വിജയിച്ചിരുന്ന മണ്ഡലം 2001 മുതൽ തുടർച്ചയായി യു.ഡി.എഫിനൊപ്പമാണ്. സോളാർ കേസുമായി ബന്ധപ്പെട്ടുയർന്ന ആരോപണങ്ങൾ ഹൈബിക്ക് മണ്ഡലത്തിൽ ചെറിയ വിഷമതകൾ സൃഷ്ടിക്കുന്നുണ്ട്. പറവൂരിൽ സിറ്റിങ് എം.എൽ.എയും കെ.പി.സി.സി. വൈസ് പ്രസിഡന്റുമായ വി.ഡി.സതീശൻ തന്നെയാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി. മുൻ മുഖ്യമന്ത്രി പി.കെ.വാസുദേവൻ നായരുടെ മകൾ ശാരദാ മോഹനാണ് എൽ.ഡി.എഫിനായിറങ്ങുന്ന സി.പി.ഐ. സ്ഥാനാർത്ഥി. നിയമസഭയിലേക്ക് ശാരദയുടെ കന്നിപ്പോരാട്ടമാണെങ്കിലും നാലു മാസം മുമ്പ് തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിൽ കാലടി ഡിവിഷനിൽ നിന്ന് എറണാകുളം ജില്ലാ പഞ്ചായത്തിലേക്ക് വിജയിച്ചതിന്റെ കരുത്തുമായിട്ടാണ് നിയമസഭയിലേക്ക് കച്ചമുറുക്കുന്നത്. വെള്ളാപ്പള്ളി നടേശനുമായി കോർത്ത സതീശനെ തോൽപ്പിക്കാൻ എസ്.എൻ.ഡി.പി. യോഗം പറവൂരിൽ അരയും തലയും മുറുക്കി രംഗത്തുണ്ട്. എൻ.ഡി.എയിൽ ബി.ഡി.ജെ.എസ്സിനു വേണ്ടി വെല്ലുവിളി ഏറ്റെടുത്തിരിക്കുന്നത് എസ്.എൻ.ഡി.പി. താലൂക്ക് യൂണിയൻ സെക്രട്ടറി ഹരിവിജയനാണ്.

ആലുവയിൽ സിറ്റിങ് എം.എൽ.എ. കോൺഗ്രസ്സിലെ അൻവർ സാദത്താണ് യു.ഡി.എഫ്. സ്ഥാനാർഥി. ഇത്തവണ സീറ്റ് പിടിച്ചെടുക്കുകയെന്ന ലക്ഷ്യത്തോടെ യുവ നേതാവും മുൻ നഗരസഭാ വൈസ് ചെയർമാനുമായ വി.സലിമിനെ സി.പി.എം. രംഗത്തിറക്കിയിരിക്കുന്നു. ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷയും ബി.ജെ.പി. ജില്ലാ സെക്രട്ടറിയുമായ ലത ഗംഗാധരനാണ് എൻ.ഡി.എ. സാരഥി. പിറവത്ത് കഴിഞ്ഞ തിരഞ്ഞെടുപ്പിന്റെ തനിയാവർത്തനമാണ്.


2012ലെ ഉപതിരഞ്ഞെടുപ്പിൽ മത്സരിച്ചവർ തമ്മിലാണ് ഇക്കുറിയും പോര്. കേരളാ കോൺഗ്രസ് –ജേക്കബ്ബിന്റെ സിറ്റിങ് എം.എൽ.എ. മന്ത്രി അനൂപ് ജേക്കബിനെ തോൽപ്പിക്കാനുള്ള ദൗത്യം മുൻ എം.എൽ.എ. എം.ജെ.ജേക്കബിനു തന്നെ സി.പി.എം. നൽകിയിരിക്കുന്നു. അനൂപിന്റെ പിതാവ് ടി.എം.ജേക്കബ്ബിനെ 2006ൽ തോല്പിച്ച എം.ജെ.ജേക്കബ്ബ് 2011ൽ തോറ്റു. 2012ലെ ഉപതിരഞ്ഞെടുപ്പിൽ അനൂപിനോടും തോറ്റു. ബി.ഡി.ജെ.എസ്സിലെ സി.പി.സത്യനാണ് എൻ.ഡി.എ. സ്ഥാനാർത്ഥി. കളമശ്ശേരിയിൽ സിറ്റിങ് എം.എൽ.എയും മന്ത്രിയുമായ മുസ്‌ലിം ലീഗിലെ വി.കെ.ഇബ്രാഹിം കുഞ്ഞിനെതിരെ സി.പി.എമ്മിന്റെ മുൻ ആലുവ എം.എൽ.എ. എ.എം.യൂസഫിനെയാണ് എൽ.ഡി.എഫ്. രംഗത്തിറക്കിയിരിക്കുന്നത്. എൻ.ഡി.എയിൽ മത്സരിക്കുന്നത് ബി.ഡി.ജെ.എസ്സിലെ വി.ഗോപകുമാർ. കുന്നത്തുനാട്ടിൽ കോൺഗ്രസ്സിന്റെ സിറ്റിങ് എം.എൽ.എ. വി.പി.സജീന്ദ്രൻ വീണ്ടും മത്സരിക്കുന്നു. വടവുകോട് ബ്ലോക്ക് പഞ്ചായത്തംഗമായ സി.പി.എമ്മിലെ ഷിജി ശിവജിയാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. പ്രാദേശികമായ എതിർപ്പുകൾ മറികടന്നായിരുന്നു ഷിജിയുടെ വരവ്. ബി.ഡി.ജെ.എസ്സിന്റെ തുറവൂർ സുരേഷാണ് എൻ.ഡി.എ. സ്ഥാനാർഥി.


ജനാധിപത്യ കേരളാ കോൺഗ്രസ്സിനു സ്വാധീനമുള്ള മണ്ഡലങ്ങളാണ് കോതമംഗലവും മൂവാറ്റുപുഴയും. ഇപ്പോൾ യു.ഡി.എഫിന്റെ കയ്യിലുള്ള മണ്ഡലങ്ങൾ എൽ.ഡി.എഫിന് അനുകൂലമായി തിരിക്കാൻ ഈ മാറ്റത്തിനു കഴിയുമോ എന്നത് കണ്ടറിയേണ്ട കാര്യം. ഏതായാലും കേരളാ കോൺഗ്രസ് –എമ്മിലെ പിളർപ്പ് ഇവിടങ്ങളിലെ മത്സരത്തിന്റെ വീറും വാശിയും വർദ്ധിപ്പിച്ചിട്ടുണ്ട്. കോതമംഗലത്ത് സിറ്റിങ് എം.എൽ.എയും മുൻ മന്ത്രിയുമായ ടി.യു. കുരുവിളയാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി. എൽ.ഡി.എഫിന് വേണ്ടി വിദ്യാർഥി രാഷ്ട്രീയത്തിലൂടെ കടന്നു വന്ന ആന്റണി ജോൺ സി.പി.എം.

സ്ഥാനാർത്ഥിയായി മത്സരിക്കുന്നു. മുൻ തമിഴ്നാട് ചീഫ് സെക്രട്ടറി പി.സി.സിറിയക്ക് എൻ.ഡി.എ. സ്വതന്ത്ര വേഷത്തിലുണ്ട്. മൂവാറ്റുപുഴ എങ്ങനെയും തിരിച്ചുപിടിക്കണമെന്ന വാശിയിലാണ് ഇടതുമുന്നണി. സിറ്റിങ് എം.എൽ.എ. ജോസഫ് വാഴക്കനാണ് കോൺഗ്രസ്സിനു വേണ്ടി വീണ്ടും രംഗത്തുള്ളത്.

സി.പി.ഐയിലെ ചെറുപ്പക്കാരനായ മൂവാറ്റുപുഴ മണ്ഡലം സെക്രട്ടറി എൽദോ എബ്രഹാം എൽ.ഡി.എഫിനായി പട നയിക്കുന്നു. ബി.ജെ.പി. മുൻ ജില്ലാ പ്രസിഡന്റ് പി.ജെ. തോമസാണ് എൻ.ഡി.എയ്ക്കായി രംഗത്തുള്ളത്.


ഇത്തവണ രാഷ്ട്രീയ സമവാക്യങ്ങൾ മാറിമറിഞ്ഞ സാഹചര്യത്തിൽ എറണാകുളം ജില്ലയിൽ എന്തും സംഭവിക്കാമെന്ന നിലയാണ്. ജനാധിപത്യ കേരളാ കോൺഗ്രസ്സിന്റെ വരവ് ചില മണ്ഡലങ്ങളിൽ ഇടതിന് തുണയാകുമെന്നാണ് സൂചന.


റോജി എം.ജോൺ


സെബാസ്റ്റ്യൻ പോൾ


എസ്. ശർമ്മ


ഡൊമിനിക്ക് പ്രസന്റേഷൻ


പി.സി. സിറിയക്





13 മണ്ഡലങ്ങളുള്ള തൃശ്ശൂരിലെ രാഷ്ട്രീയാന്തരീക്ഷം ചുട്ടുപൊള്ളുകയാണ്. 2001ൽ 100 സീറ്റു നേടി യു.ഡി.എഫ്. അധികാരത്തിലേറിയപ്പോൾ തൃശ്ശൂരും ഒപ്പം നിന്നു. 2006ൽ 99 സീറ്റുമായി കേരളം എൽ.ഡി.എഫിനെ അനുഗ്രഹിച്ചപ്പോഴും അങ്ങനെ. 2011ൽ ഇഞ്ചോടിഞ്ച് പോരാട്ടത്തിനൊടുവിലാണ് യു.ഡി.എഫ്. അധികാരത്തിലേറിയത്. തൃശ്ശൂരിലെ ഫലവും അതു തന്നെയായിരുന്നു– എൽ.ഡി.എഫ്. ഏഴിടത്ത് ജയിച്ചപ്പോൾ യു.ഡി.എഫിനൊപ്പം ആറു മണ്ഡലങ്ങൾ

# തൃശ്ശൂരിൽ ഇടതിന് ആത്മവിശ്വാസം

ഏതെങ്കിലും മുന്നണിയോട് പ്രത്യേക ആഭിമുഖ്യം കാണിച്ച ചരിത്രം തൃശ്ശൂർ ജില്ലയ്ക്കില്ല. അതിനാൽത്തന്നെ പ്രത്യേക അവകാശവാദങ്ങൾക്ക് ഒരു മുന്നണിയും മുതിരുന്നില്ല. കൃത്യമായ പ്രവർത്തനത്തിലൂടെ ജനമനസ്സിൽ സ്ഥാനം നേടാൻ സ്ഥാനാർത്ഥികളും പ്രവർത്തകരും ശ്രമിക്കുന്നു. പുറത്തേക്ക് കാണാനില്ലെങ്കിലും 13 നിയമസഭാ മണ്ഡലങ്ങളുള്ള തൃശ്ശൂരിലെ രാഷ്ട്രീയാന്തരീക്ഷത്തിന്റെ ഉള്ളം ചുട്ടുപൊള്ളുകയാണ്. 2001ൽ സംസ്ഥാനത്ത് 100 സീറ്റു നേടി യു.ഡി.എഫ്. അധികാരത്തിലേറിയപ്പോൾ തൃശ്ശൂരും സമാനസ്വഭാവം പ്രകടിപ്പിച്ച് ഒപ്പം നിന്നു. 2006ൽ 99 സീറ്റുമായി കേരളം എൽ.ഡി.എഫിനെ അനുഗ്രഹിച്ചപ്പോഴും അങ്ങനെ തന്നെ. 2011ൽ ഇഞ്ചോടിഞ്ച് പോരാട്ടത്തിനൊടുവിലാണ് യു.ഡി.എഫ്. അധികാരത്തിലേറിയത്. തൃശ്ശൂരിലെ ഫലവും അതു തന്നെയായിരുന്നു –എൽ.ഡി.എഫ്. ഏഴിടത്ത് ജയിച്ചപ്പോൾ യു.ഡി.എഫിനൊപ്പം നിന്നത് ആറു മണ്ഡലങ്ങൾ.

2014 ലോക്സഭാ തിരഞ്ഞെടുപ്പായപ്പോൾ കഥ പൂർണ്ണമായി എൽ.ഡി.എഫിന് അനുകൂലമായി. തൃശ്ശൂർ, ചാലക്കുടി, ആലത്തൂർ എന്നിങ്ങനെ മൂന്നു ലോക്സഭാ മണ്ഡലങ്ങളിലായാണ് തൃശ്ശൂർ ജില്ലയിലെ 13 നിയമസഭാ മണ്ഡലങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നത്. ഈ മൂന്നു ലോക്സഭാ സീറ്റുകളിലും എൽ.ഡി.എഫ്. വെന്നിക്കൊടി പാറിച്ചു. കയ്പമംഗലം, കൊടുങ്ങല്ലൂർ, ഗുരുവായൂർ, മണലൂർ, ഒല്ലൂർ, നാട്ടിക, ഇരിങ്ങാലക്കുട, പുതുക്കാട്, ചേലക്കര, കുന്നംകുളം, വടക്കാഞ്ചേരി എന്നീ 11 മണ്ഡലങ്ങളിലും ഇടതുപക്ഷം മുന്നിലെത്തി. യു.ഡി.എഫിന് മുന്നിലെത്താനായത് ചാലക്കുടി, തൃശ്ശൂർ നിയമസഭാ മണ്ഡലങ്ങളിൽ മാത്രം. 2015ലെ തദ്ദേശഭരണ തിരഞ്ഞെടുപ്പിലും എൽ.ഡി.എഫ്. മേൽക്കൈ നിലനിർത്തിയിട്ടുണ്ട്. തൃശ്ശൂർ കോർപ്പറേഷനിൽ എൽ.ഡി.എഫ്. –26, യു.ഡി.എഫ്. –23, ബി.ജെ.പി. –6 എന്നിങ്ങനെയാണ് കക്ഷിനില. ജില്ലാ പഞ്ചായത്തിൽ 20 ഡിവിഷനുകൾ ഇടത്തേക്കു ചാഞ്ഞപ്പോൾ യു.ഡി.എഫിന് ലഭിച്ചത് ഒമ്പതെണ്ണം മാത്രം. ഈ മേൽക്കൈ എൽ.ഡി.എഫ്. തുടരുകയാണെങ്കിൽ ഇത്തവണ 2006 ആവർത്തിക്കുമെന്ന ആത്മവിശ്വാസത്തിലാണ് ഇടതുമുന്നണി.

മത്സര രംഗത്തില്ലാത്ത കോൺഗ്രസ് സിറ്റിങ് എം.എൽ.എമാരിൽ നാലു പേർ തൃശ്ശൂർ ജില്ലയിലാണെന്ന സവിശേഷതയുണ്ട്. തൃശ്ശൂരിലെ തേറമ്പിൽ രാമകൃഷ്ണന് സീറ്റ് കിട്ടിയില്ല. അതിൽ അദ്ദേഹം അതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. വടക്കാഞ്ചേരിയിലെ മന്ത്രി സി.എൻ.ബാലകൃഷ്ണനും മണലൂരിലെ പി.എ.മാധവനും വ്യക്തിപരമായ കാരണങ്ങളാൽ പിൻമാറിയവർ. കൊടുങ്ങല്ലൂരിലെ ടി.എൻ.പ്രതാപൻ മത്സരത്തിൽ നിന്നു പിന്മാറാൻ നിർബന്ധിതനായി എന്നു തന്നെ പറയാം. കൊടുങ്ങല്ലൂരിൽ പുതിയ ആളുകൾക്ക്





പത്മജ

വഴിമാറുന്നു എന്ന് അദ്ദേഹം തുടക്കത്തിലേ പ്രഖ്യാപിച്ചിരുന്നു. പിന്നീട് കയ്പമംഗലത്ത് മത്സരിക്കാൻ താത്പര്യമുണ്ടെന്നു കാട്ടി കോൺഗ്രസ് ഹൈക്കമാൻഡിന് പ്രതാപൻ രഹസ്യമായി കത്തു കൊടുത്തതായി വാർത്തകൾ വന്നു. കത്തു കൊടുത്തതല്ല, മത്സരിക്കണമെന്ന രാഹുൽ ഗാന്ധിയുടെ ആവശ്യം അംഗീകരിച്ചതാണെന്ന് അദ്ദേഹം വാദിച്ചുവെങ്കിലും വിലപ്പോയില്ല. വിവാദത്തിനൊടുവിൽ പ്രതാപൻ മത്സരരംഗത്തു നിന്നു പിന്മാറാൻ നിർബന്ധിതനായി. എൽ.ഡി.എഫിലും മൂന്ന് എം.എൽ.എമാർക്ക് മാറ്റമുണ്ട്. മുൻ മന്ത്രിയും മുൻ സ്പീക്കറുമൊക്കെയായ സി.പി.എമ്മിലെ കെ.രാധാകൃഷ്ണൻ ചേലക്കരയിൽ മത്സരിക്കാനില്ലെന്ന് നേരത്തേ പ്രഖ്യാപിച്ചു. 1996 മുതൽ തുടർച്ചയായി ജയിച്ചു വരുന്നതിന്റെ പേരിൽ മാറി നിൽക്കാൻ സന്നദ്ധനായ അദ്ദേഹം സി.പി.എം. ജില്ലാ സെക്രട്ടറി സ്ഥാനമേറ്റെടുത്തു. കുന്നംകുളത്തെ സി.പി.എം. എം.എൽ.എ. ബാബു എം.പാലിശ്ശേരിയും ഇത്തവണ രംഗത്തില്ല. കയ്പമംഗലത്തെ സിറ്റിങ് എം.എൽ.എ. സി.പി.ഐയിലെ തീപ്പൊരി വി.എസ്.സുനിൽകുമാറും മാറി. എന്നാൽ, അദ്ദേഹം മത്സരരംഗത്തുണ്ട്. തൃശ്ശൂർ പിടിച്ചെടുക്കാനുള്ള നിയോഗമാണ് പാർട്ടി അദ്ദേഹത്തിനു നൽകിയിരിക്കുന്നത്.


സുനിൽകുമാർ


ഗീതാഗോപി


പ്രൊഫ.സി.രവീന്ദ്രനാഥ്

തൃശ്ശൂരിലെ ഏറ്റവും ശ്രദ്ധേയമായ മത്സരം നടക്കുന്ന മണ്ഡലം തൃശ്ശൂർ തന്നെ. തേറമ്പിൽ രാമകൃഷ്ണൻ തുടർച്ചയായി അഞ്ചുതവണ ജയിച്ച് "സ്വന്തം' മണ്ഡലമാക്കിയ തൃശ്ശൂരിൽ ഇക്കുറി പദ്മജ വേണുഗോപാലാണ് കോൺഗ്രസ് സ്ഥാനാർത്ഥി. തനിക്കു സീറ്റ് കിട്ടാത്തതിൽ തേറമ്പിൽ ആദ്യം പ്രകടിപ്പിച്ച എതിർപ്പ് പിന്നെ ഇല്ലാതായത് പകരമെത്തുന്നത് പദ്മജയാണെന്ന് അറിഞ്ഞതോടെ. മുൻ മുഖ്യമന്ത്രി കെ.കരുണാകരൻ എന്ന ലീഡറുടെ മകളായി തന്നെയാണ് പദ്മജ വോട്ടുചോദിക്കുന്നത്. വ്യക്തിബന്ധങ്ങളെല്ലാം അനുകൂലഘടകമാക്കി മാറ്റാനുള്ള ശ്രമത്തിലാണ് ജില്ലയുടെ ചുമതലയുള്ള ഈ കെ.പി.സി.സി. ജനറൽ സെക്രട്ടറി. കഴിഞ്ഞ നിയമസഭയിൽ മികച്ച സാമാജികരിലൊരാളെന്നു പേരെടുത്ത വി.എസ്. സുനിൽ കുമാറിനെ നഷ്ടപ്പെടുത്താൻ സി.പി.ഐ. ഏതായാലും ഒരുക്കമല്ല. സുനിൽ തൃശ്ശൂരിലെത്തിയിരിക്കുന്നത് ജയിക്കാനായി തന്നെയാണെന്ന് ഉറപ്പിച്ചുപറയുമ്പോൾ മത്സരത്തിന് വല്ലാത്ത ചൂട്. സംസ്ഥാന സെക്രട്ടറി ബി.ഗോപാലകൃഷ്ണനെ രംഗത്തിറക്കി ബി.ജെ.പിയും ശക്തമായ മത്സരം കാഴ്ചവയ്ക്കുന്നു. തദ്ദേശ തിരഞ്ഞെടുപ്പിൽ തൃശ്ശൂർ കോർപ്പറേഷനിലുണ്ടാക്കിയ വോട്ടു വർദ്ധനയാണ് ബി.ജെ.പിക്ക് ആത്മവിശ്വാസം പകരുന്നത്.

നേരിയ ഭൂരിപക്ഷത്തിന്റെപേരിൽ 2011ൽ ശ്രദ്ധ നേടിയ മണ്ഡലങ്ങളാണ് കുന്നംകുളവും മണലൂരും. കുന്നംകുളത്ത് എൽ.ഡി.എഫിനും മണലൂരിൽ യു.ഡി.എഫിനുമായിരുന്നു ഈ നേരിയ വിജയം. ഇത്തവണ ഈ മണ്ഡലങ്ങൾ ശ്രദ്ധേയമാകുന്നത് സി.പി.എമ്മിന്റെയും കോൺഗ്രസ്സിന്റെയും ജില്ലയിലെ നേതൃത്വം വഹിക്കുന്നവർ മത്സരിക്കുന്നു എന്നതിനാലാണ്. കുന്നംകുളത്ത് മുൻ വടക്കാഞ്ചേരി എം.എൽ.എ. എ.സി.മൊയ്തീൻ സി.പി.എം. ജില്ലാ സെക്രട്ടറി സ്ഥാനം അഴിച്ചുവച്ച് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി. കഴിഞ്ഞ തവണ 481 വോട്ടിന് തോറ്റ സി.എം.പിയിലെ സി.പി.ജോൺ തന്നെയാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി. പാർട്ടിക്ക് കിട്ടിയ ഏക സീറ്റിൽ ജോൺ വളരെ നേരത്തേ പ്രവർത്തനങ്ങൾ തുടങ്ങി. ബി.ജെ.പിയിലും കഴിഞ്ഞ തവണത്തെ സ്ഥാനാർത്ഥി ആവർത്തിക്കുന്നു. മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ച കെ.കെ.അനീഷ് കുമാറാണ് സ്ഥാനാർത്ഥി. ഡി.സി.സി. പ്രസിഡന്റ് ഒ.അബ്ദുറഹിമാൻ കുട്ടി യു.ഡി.എഫിന്റെ പട നയിക്കുന്ന മണലൂരിൽ ത്രികോണ മത്സരമാണ്. മണ്ഡലം തിരിച്ചുപിടിക്കാൻ മുൻ എം.എൽ.എ. മുരളി പെരുനെല്ലിയെയാണ് സി.പി.എം. രംഗത്തിറക്കിയിരിക്കുന്നത്. കോൺഗ്രസ്സിന്റെ കുത്തകസീറ്റ് 2006ൽ മികച്ച ഭൂരിപക്ഷത്തോടെ പിടിച്ചെടുത്തയാളാണ് മുരളി. സംസ്ഥാന ജനറൽ സെക്രട്ടറി എ.എൻ.രാധാകൃഷ്ണനിലൂടെ ബി.ജെ.പി. ശക്തമായ സാന്നിദ്ധ്യമാകുന്നു. പുതുക്കാട്ടെ മത്സരത്തിനും ത്രികോണ സ്വഭാവമുണ്ട്. സി.പി.എമ്മിന്റെ സിറ്റിങ് എം.എൽ.എ. പ്രൊഫ.സി.രവീന്ദ്രനാഥ് എൽ.ഡി.എഫിലും ഐ.എൻ.ടി.യു.സി. ജില്ലാ പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളി യു.ഡി.എഫിലും മത്സരിക്കുന്നു. ജില്ലാ പ്രസിഡന്റ് എ.നാഗേഷിനെ സ്ഥാനാർത്ഥിയാക്കി ശക്തമായ മത്സരമാണ് ബി.ജെ.പി. കാഴ്ചവയ്ക്കുന്നത്. 2011ൽ ജില്ലയിൽ ഏറ്റവും കൂടുതൽ വോട്ടു കിട്ടിയ മണ്ഡലമെന്ന നിലയിലും തദ്ദേശ തിരഞ്ഞെടുപ്പിലെ തിളക്കമാർന്ന വിജയത്തിലുമാണ് ബി.ജെ.പി. പ്രതീക്ഷ.

ഇരു മുന്നണികളിലും സ്ഥാനാർത്ഥി നിർണ്ണയം അസ്വാരസ്യം സൃഷ്ടിച്ച മണ്ഡലമാണ് വടക്കാഞ്ചേരി. കോൺഗ്രസ്സിന്റെ സിറ്റിങ് എം.എൽ.എയായ മന്ത്രി സി.എൻ.ബാലകൃഷ്ണൻ ഇനി മത്സരിക്കാനില്ലെന്ന് നേരത്തേ പ്രഖ്യാപിച്ചിരുന്നു. എന്നാൽ, മണ്ഡലത്തിലേക്ക് അദ്ദേഹം നിർദ്ദേശിച്ച പേര് അവഗണിച്ചത് കലാപത്തിന് കാരണമായി. കെ.പി.സി.സിയും ഹൈക്കമാൻഡും മുൻകൈയെടുത്താണ് മുൻ പഞ്ചായത്ത് പ്രസിഡന്റും യുവനേതാവുമായ അനിൽ അക്കരയെ സ്ഥാനാർഥിയാക്കിയത്. മറുഭാഗത്ത് സി.പി.എം. സ്ഥാനാർഥിയായി സംസ്ഥാന നേതൃത്വം പ്രഖ്യാപിച്ച ചലച്ചിത്ര നടി കെ.പി.എ.സി.ലളിത പിന്നീട് പിന്മാറി. ലളിതയ്ക്കെതിരെ മണ്ഡലത്തിൽ പോസ്റ്റർ പതിക്കലും പ്രകടനവും അരങ്ങേറിയതോടെയായിരുന്നു പിന്മാറ്റം. മഹിളാ അസോസിയേഷൻ ജില്ലാ സെക്രട്ടറിയും ജില്ലാ പഞ്ചായത്തംഗവുമായ മേരി തോമസിനാണ് ഒടുവിൽ സി.പി.എം. സ്ഥാനാർത്ഥിയാവാനുള്ള നറുക്ക് വീണത്. ഉല്ലാസ് ബാബുവാണ് ബി.ജെ.പി. സ്ഥാനാർത്ഥി. സിറ്റിങ് എം.എൽ.എമാരായ ബി.ഡി.ദേവസ്സി ചാലക്കുടിയിലും കെ.വി.അബ്ദുൾഖാദർ ഗുരുവായൂരിലും സി.പി.എം. സ്ഥാനാർത്ഥികളായി രംഗത്തുണ്ട്. കോൺഗ്രസ് ചായ്‌വുണ്ടായിരുന്ന ചാലക്കുടിയെ ചുവപ്പുകോട്ടയാക്കി മാറ്റിയ ദേവസിക്കെതിരെ മുൻ എം.എൽ.എയും കെ.പി.സി.സി. സെക്രട്ടറിയുമായ ടി.യു.രാധാകൃഷ്ണനാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി. ബി.ഡി.ജെ.എസ്സിന്റെ കെ.എ.ഉണ്ണികൃഷ്ണൻ



**കയ്പമംഗലത്തെ സ്ഥാനാർഥിനിർണയം യു.ഡി.എഫിന് കീറാമുട്ടിയായിരുന്നു. ഇവിടെ മത്സരിക്കാൻ തയ്യാറെടുത്തിരുന്ന ടി.എൻ.പ്രതാപനു പിന്മാറേണ്ടി വന്ന ശേഷം കെ.എസ്.യു. ജില്ലാ പ്രസിഡന്റ് ശോഭ സുബിന്റെ പേര് കേട്ടു. ഒടുവിൽ സീറ്റ് ആർ.എസ്.പിക്കായി. പിന്നീട് മത്സരിക്കാൻ ആളെത്തേടി ആർ.എസ്.പിക്കാർ പരക്കംപാഞ്ഞു. കെ.എം.നൂർദ്ദീനെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചുവെങ്കിലും അദ്ദേഹവും പിന്മാറി. ഒടുവിൽ പി.എസ്.യു. മുൻ പ്രസിഡന്റ് എം.ടി.മുഹമ്മദ് നഹാസ് ആർ.എസ്.പി. സ്ഥാനാർത്ഥിയായി**

എൻ.ഡി.എയ്ക്കായി മത്സരിക്കുന്നു. 18 വർഷമായി എസ്.എൻ.ഡി.പി. യോഗം ചാലക്കുടി യൂണിയൻ സെക്രട്ടറിയാണ് അദ്ദേഹം. കഴിഞ്ഞ രണ്ടുതവണ കൈവിട്ടുപോയ ഗുരുവായൂർ സീറ്റ് പിടിച്ചെടുക്കാനുള്ള കടുത്തപോരാട്ടത്തിനായി മുസ്ലിം യൂത്ത് ലീഗ് പ്രസിഡന്റ് പി.എം.സാദിഖലിയെ യു.ഡി.എഫ്. സ്ഥാനാർത്ഥിയാക്കിയിരിക്കുന്നു. നിവേദിത സുബ്രഹ്മണ്യനാണ് ബി.ജെ.പി. സ്ഥാനാർത്ഥി.

നാട്ടികയിൽ സി.പി.ഐ. സിറ്റിങ് എം.എൽ.എ. ഗീതാ ഗോപി വീണ്ടും എൽ.ഡി.എഫിനായി ജനവിധി തേടുമ്പോൾ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോൺഗ്രസ്സിലെ കെ.വി.ദാസനാണ് യു.ഡി.എഫിലെ എതിരാളി. കഴിഞ്ഞതവണ സി.എം.പിക്ക് വിട്ടുകൊടുക്കേണ്ടിവന്ന നാട്ടിക ഇത്തവണ കോൺഗ്രസ്സിന് മത്സരിക്കാൻ അധികമായി കിട്ടിയതാണ്. പഴയ സി.പി.ഐക്കാരനെ സ്ഥാനാർത്ഥിയാക്കിയാണ് ഇവിടെ എൻ.ഡി.എയുടെ നിൽപ്പ്. ബി.ഡി.ജെ.എസ്. അഖിലേന്ത്യാ ജനറൽ സെക്രട്ടറിയും കെ.പി.എം.എസ്. സംസ്ഥാന സെക്രട്ടറിയുമായ ടി.വി.ബാബുവാണ് എൻ.ഡി.എ. ബാനറിൽ. രണ്ടു തവണ ചാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. കേരളാ കോൺഗ്രസ് –എമ്മിന്റെ ഇരിങ്ങാലക്കുടയിൽ സർക്കാർ ചീഫ് വിപ്പ് തോമസ് ഉണ്ണിയാടന് അഞ്ചാം മത്സരമാണ്. സ്ഥാനാർത്ഥി നിർണ്ണയം സി.പി.എമ്മിന് തലവേദനയായ രണ്ടാമത്തെ മണ്ഡലമാണ് ഇരിങ്ങാലക്കുട. പല പേരുകൾ പറഞ്ഞു കേട്ടെങ്കിലും പ്രൊഫ.കെ.യു.അരുണനാണ് ഒടുവിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായത്. തീരുമാനത്തിനെതിരെ പോസ്റ്റർ പതിക്കലും പ്രകടനവുമൊക്കെ ഉണ്ടായെങ്കിലും പ്രശ്നങ്ങൾ പെട്ടെന്നു പരിഹരിക്കാൻ സി.പി.എമ്മിന് കഴിഞ്ഞു. ബി.ജെ.പി. സ്ഥാനാർഥി സന്തോഷ് ചെറാക്കുളം പിടിക്കുന്ന വോട്ടുകൾ ഇവിടെ നിർണ്ണായകമാവും. കോൺഗ്രസ്സിന്റെ സിറ്റിങ് എം.എൽ.എമാരിൽ മത്സരിക്കാൻ വീണ്ടും അവസരം ലഭിച്ചത് ഒല്ലൂരിൽ എം.പി.വിൻസെന്റിനു മാത്രം. എന്നാൽ, ഇത്തവണ വിൻസെന്റിനു നേരിടാനുള്ളത് ചില്ലറക്കാരനെയല്ല. എ.ഐ.വൈ.എഫ്. സംസ്ഥാന സെക്രട്ടറിയും സി.പി.ഐ. ദേശീയ കൗൺസിൽ അംഗവുമായ കെ.രാജൻ ജയത്തിൽ കുറഞ്ഞതൊന്നും സ്വീകരിക്കില്ലെന്ന നിലപാടിലാണ്. എസ്.എൻ.ഡി.പി. യോഗം പീച്ചി യൂണിയൻ പ്രസിഡന്റ് പി.കെ.സന്തോഷ് ബി.ഡി.ജെ.എസ്സിലൂടെ എൻ.ഡി.എ. സ്ഥാനാർത്ഥിയാകുന്നു. സന്തോഷ് പിടിക്കുന്ന വോട്ടുകൾ ഏതു മുന്നണിയുടെ പെട്ടിയിൽ നിന്നാണ് ചോരുകയെന്നത് കണ്ടറിയണം.


ധനപാലൻ

തുടർച്ചയായി നാലു തവണ വിജയിച്ച ശേഷം സി.പി.എമ്മിലെ കെ.രാധാകൃഷ്ണൻ ഒഴിഞ്ഞ ചേലക്കരയിൽ യു.ആർ.പ്രദീപാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. ഒരു കാലത്ത് കോൺഗ്രസ്സിന് മേൽക്കൈ ഉണ്ടായിരുന്ന മണ്ഡലം രാധാകൃഷ്ണനിലൂടെയാണ് സി.പി.എം. സ്വന്തമാക്കിയത്. അതു തിരിച്ചുപിടിക്കാനുള്ള ദൗത്യം യു.ഡി.എഫ്. ഏല്പിച്ചിരിക്കുന്നത് കോൺഗ്രസ്സിലെ കെ.എ.തുളസിയെ. ബി.ജെ.പിയുടെ ഷാജുമോൻ വട്ടേക്കാടും സജീവമായുണ്ട്. സി.പി.ഐയുടെ ഉറച്ച സീറ്റായ കൊടുങ്ങല്ലൂർ കഴിഞ്ഞ തവണ പിടിച്ചെടുത്ത ടി.എൻ.പ്രതാപന്റെ അഭാവത്തിൽ കോൺഗ്രസ്സിനു വേണ്ടിയിറങ്ങുന്നത് കഴിഞ്ഞ ലോക്സഭ തിരഞ്ഞെടുപ്പിൽ തൃശൂരിൽ പരാജയം രുചിച്ച കെ.പി.ധനപാലൻ. കൈവിട്ട മണ്ഡലം തിരികെപ്പിടിക്കാൻ സി.പി.ഐ. നിയോഗിച്ചിരിക്കുന്നത് മുൻ മന്ത്രി വി.കെ.രാജന്റെ മകൻ വി.ആർ.സുനിൽകുമാറിനെ.1987ൽ കൊടുങ്ങല്ലൂരിൽ വി.കെ.രാജനെതിരെയായിരുന്നു ധനപാലന്റെ കന്നിയങ്കം. ഇക്കുറി ധനപാലനെതിരെ സുനിൽകുമാറിന് കന്നിയങ്കം. ബി.ഡി.ജെ.എസ്സിന്റെ സംഗീത വിശ്വനാഥനാണ് എൻ.ഡി.എ. സ്ഥാനാർത്ഥി. കയ്പമംഗലത്തെ സ്ഥാനാർഥിനിർണയം യു.ഡി.എഫിന് കീറാമുട്ടിയായിരുന്നു. ഇവിടെ മത്സരിക്കാൻ തയ്യാറെടുത്തിരുന്ന ടി.എൻ.പ്രതാപനു പിന്മാറേണ്ടി വന്ന ശേഷം കെ.എസ്.യു. ജില്ലാ പ്രസിഡന്റ് ശോഭ സുബിന്റെ പേര് കേട്ടു. ഒടുവിൽ സീറ്റ് ആർ.എസ്.പിക്കായി. പിന്നീട് മത്സരിക്കാൻ ആളെത്തേടി ആർ.എസ്.പിക്കാർ പരക്കംപാഞ്ഞു. കെ.എം. നൂർദ്ദീനെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചുവെങ്കിലും അദ്ദേഹവും പിന്മാറി. ഒടുവിൽ പി.എസ്.യു. മുൻ പ്രസിഡന്റ് എം.ടി.മുഹമ്മദ് നഹാസ് ആർ.എസ്.പി. സ്ഥാനാർത്ഥിയായി. കയ്പമംഗലത്തെ സിറ്റിങ് എം.എൽ.എ. വി.എസ്.സുനിൽ കുമാർ തൃശ്ശൂരേക്കു മാറിയപ്പോൾ സി.പി.ഐയിൽ പകരക്കാരനായത് ഇ.ടി.ടൈസൺ. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ അംഗമായിരുന്നതിന്റെ പരിചയവുമായാണ് അദ്ദേഹം മത്സരിക്കുന്നത്. എൻ.ഡി.എയിൽ മത്സരിക്കുന്നത് ബി.ഡി.ജെ.എസ്സിലെ ഉണ്ണിക്കൃഷ്ണൻ തഷ്ണാത്താണ്. നാട്ടിക എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡന്റാണ്.

സ്ഥാനാർത്ഥി നിർണയത്തിൽ ഇരുമുന്നണികൾക്കും തലവേദനയായ വടക്കാഞ്ചേരി, സി.പി.എമ്മിന് പതിവില്ലാത്ത പ്രതിസന്ധി സൃഷ്ടിച്ച ഇരിങ്ങാലക്കുട, സ്ഥാനാർഥിക്കുവേണ്ടി യു.ഡി.എഫ്. നെട്ടോട്ടമോടിയ കയ്പമംഗലം എന്നീ മണ്ഡലങ്ങൾ ഉൾപ്പെടുന്ന തൃശ്ശൂർ ജില്ലയിൽ അടിയൊഴുക്കുകൾ വിധി നിർണ്ണയിക്കും. തർക്കങ്ങൾ വേഗത്തിൽ പരിഹരിക്കാൻ ഇടതു മുന്നണിക്ക് സാധിച്ചുവെങ്കിൽ യു.ഡി.എഫിൽ പിണക്കം തീർക്കലും മുറിവുണക്കലും അവസാന നിമിഷത്തിലും തുടരുന്നു



# ചുട്ടുപൊള്ളുന്ന പാലക്കാട്

**വി.എസ്.അച്യുതാനന്ദൻ, മുഹമ്മദ് മുഹസിൻ, ശോഭാ സുരേന്ദ്രൻ -ഈ മൂന്നു സ്ഥാനാർത്ഥികൾ മത്സരിക്കുന്ന മണ്ഡലങ്ങളിലെ ഫലം ഏവരും ഉറ്റുനോക്കുന്നു. തിരഞ്ഞെടുപ്പ് സർവേകൾ പ്രവചിക്കുമ്പോലെ എൽ.ഡി.എഫ്. അധികാരത്തിലേറണമെങ്കിൽ പാലക്കാട്ടു നിന്ന് അതിലേക്ക് കാര്യമായ സംഭാവന ലഭിക്കണം**

പാലക്കാട് അക്ഷരാർത്ഥത്തിൽ ചുട്ടുപൊള്ളുകയാണ്. വേനൽച്ചൂടും മത്സരച്ചൂടും ചേർന്നുള്ള എരിപൊരി സഞ്ചാരം. ഇടതുപക്ഷത്തിന് സ്വാധീനമുള്ള ജില്ല. എന്നാൽ, സ്ഥാനാർത്ഥികൾ മികച്ചവരാണെങ്കിൽ ചിലപ്പോൾ പാലക്കാട്ടുകാർ രാഷ്ട്രീയത്തിനതീതമായി ജയിപ്പിക്കാറുണ്ട്. അടിതെറ്റിയ കൊമ്പന്മാരും ഏറെ. 2011ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ചില ഇടതു കോട്ടകൾ വലത്തോട്ടു ചാഞ്ഞു. ആ നഷ്ടം പല കാരണങ്ങളാലും വളരെ വലുതായിരുന്നു. നഷ്ടപ്പെട്ടവ തിരിച്ചുപിടിക്കുക എന്നതാണ് ഇത്തവണ എൽ.ഡി.എഫിന്റെ ദൗത്യം. കൈവശമുള്ളവ നിലനിർത്താനും കൂടുതൽ എണ്ണം വരുതിയിലാക്കാനും യു.ഡി.എഫ്. ശ്രമിക്കുമ്പോൾ ഒരിടത്തെങ്കിലും താമര വിരിയിക്കാനുള്ള അശ്രാന്തപരിശ്രമത്തിലാണ് ബി.ജെ.പി. എല്ലാവരും സംസാരിക്കുന്നത് അടിയൊഴുക്കുകളെപ്പറ്റി. ഈ ഒഴുക്കിൽ ആരൊക്കെ ഒലിച്ചുപോകുന്നുവെന്നത് കണ്ടു തന്നെ അറിയണം. ജില്ലയിലാകെയുള്ളത് 12 മണ്ഡലങ്ങൾ. 2011ലെ കണക്കുപ്രകാരം എൽ.ഡി.എഫിന് ഏഴും യു.ഡി.എഫിന് അഞ്ചും എം.എൽ.എമാർ. മലമ്പുഴ, ആലത്തൂർ, തരൂർ, ഷൊർണൂർ, ഒറ്റപ്പാലം, കോങ്ങാട് എന്നിവയാണ് എൽ.ഡി.എഫ്. മണ്ഡലങ്ങൾ. നേരത്തേ കൈവശമുണ്ടായിരുന്ന മണ്ണാർക്കാട്, പട്ടാമ്പി, ചിറ്റൂർ മണ്ഡലങ്ങൾ നിലനിർത്തുന്നതിനൊപ്പം തൃത്താല, പാലക്കാട് മണ്ഡലങ്ങൾ കൂടി പിടിച്ചെടുക്കാനായതാണ് അന്തിമവിശകലനത്തിൽ യു.ഡി.എഫിന് ഭരണം നേടിക്കൊടുത്തത്. തൃത്താലയും പാലക്കാടും തിരിച്ചുപിടിക്കാനാണ് എൽ.ഡി.എഫ്. ശ്രമം. യു.ഡി.എഫ്. ലക്ഷ്യമിടുന്ന മണ്ഡലങ്ങൾ ഒറ്റപ്പാലം, കോങ്ങാട്, നെന്മാറ എന്നിവ. മലമ്പുഴയിൽ വി.എസ്.ജോയി മാരാരിക്കുളം ആവർത്തിക്കുമെന്നും അവർ ആശിക്കുന്നു.



വി.എസ്

1996ലും 2006ലും ആകെയുള്ള 11 സീറ്റിൽ ഒമ്പതും എൽ.ഡി.എഫ്. നേടിയപ്പോൾ രണ്ടിടത്തുമാത്രമാണ് യു.ഡി.എഫിന് വിജയിക്കാനായത്. 2001, 2011 തിരഞ്ഞെടുപ്പുകൾ ഐക്യജനാധിപത്യമുന്നണി മികച്ച നേട്ടമുണ്ടാക്കിയവയാണ്. 2001ൽ 11ൽ അഞ്ചിടത്ത് വിജയിച്ചപ്പോൾ 2011ൽ മണ്ഡലപുനഃസംഘടനയ്ക്കുശേഷം 12ൽ അഞ്ചിടത്ത് വിജയമുറപ്പിച്ചു. 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ചിത്രം മാറി. ജില്ലയിലെ രണ്ട് ലോക്സഭാ മണ്ഡലങ്ങളിലും ഇടതുമുന്നണി വിജയം നിലനിർത്തി. 12 നിയമസഭാ മണ്ഡലങ്ങളിൽ മണ്ണാർക്കാട് മാത്രമാണ് യു.ഡി.എഫ്. മുന്നിലെത്തിയത്, അതും വെറും 288 വോട്ടുകൾക്ക്. 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ ഇടത് ആധിപത്യം തുടർന്നു. ജില്ലയിലെ 68 ഗ്രാമപ്പഞ്ചായത്തുകളിൽ ഇടതുമുന്നണി അധികാരത്തിലെത്തിപ്പോൾ യു.ഡി.എഫിന് 18 പഞ്ചായത്തുകളിൽ മാത്രമാണ് ഭരണം ലഭിച്ചത്. വടകരപ്പതിയിൽ ജനകീയസമര മുന്നണിക്കാണ് ഭരണം. 13 ബ്ലോക്ക് പഞ്ചായത്തുകളിൽ 11ലും ഇടതുമുന്നണി ഭരണമാണെന്നു പറയുമ്പോൾ ആധിപത്യത്തിന്റെ വ്യാപ്തി മനസ്സിലാവും. പാലക്കാട് നഗരസഭയിൽ ഏറ്റവും വലിയ ഒറ്റക്കകക്ഷിയായി ബി.ജെ.പി. ഭരണത്തിലെത്തിയതും എടുത്തുപറയണം. മൂന്നു മുന്നണികളിലെയും പ്രധാന കക്ഷികളുടെ സർവ്വാധിപത്യമാണ് ജില്ലയിൽ. എൽ.ഡി.എഫിൽ സി.പി.എം. മത്സരിക്കുന്നത് ഒമ്പതു സീറ്റിൽ. സി.പി.ഐയുടെ രണ്ടു സീറ്റും ജെ.ഡി.എസ്സിന്റെ ഒന്നും കൂടി ചേർത്താൽ ചിത്രം പൂർണ്ണമായി. യു.ഡി.എഫിൽ കോൺഗ്രസ്



10 മണ്ഡലങ്ങളിലാണ് മത്സരിക്കുന്നത്. മുസ്ലിം ലീഗിനും കേരളാ കോൺഗ്രസ് -എമ്മിനും ഓരോ സീറ്റ് വീതം കിട്ടി. എൻ.ഡി.എയിൽ ബി.ജെ.പി. 10 സീറ്റെടുത്തപ്പോൾ ബി.ഡി.ജെ.എസ്സിന് രണ്ടെണ്ണം നൽകി. വ്യത്യസ്ത കാരണങ്ങളാൽ ദേശീയ ശ്രദ്ധയിലുള്ള മലമ്പുഴയിലെയും പട്ടാമ്പിയിലെയും പാലക്കാട്ടെയും മത്സരങ്ങൾ തന്നെയാണ് ഏവരും ഉറ്റുനോക്കുന്നത്. കേരളത്തിലെ ഏറ്റവും ജനപ്രീതിയുള്ള നേതാവായ വി.എസ്.അച്യുതാനന്ദൻ മത്സരിക്കുന്നതാണ് മലമ്പുഴയെ ശ്രദ്ധാകേന്ദ്രമാക്കുന്നതെങ്കിൽ ജെ.എൻ.യുവിലെ വിദ്യാർത്ഥി നേതാവ് മുഹമ്മദ് മുഹസിന്റെ സാന്നിദ്ധ്യമാണ് പട്ടാമ്പിയുടെ പ്രത്യേകത. ബി.ജെ.പിയുടെ ശോഭാ സുരേന്ദ്രന്റെ സാദ്ധ്യതകൾ പാലക്കാടിനു പ്രാധാന്യം നൽകുന്നു.



ശോഭാസുരേന്ദ്രൻ

തുടർച്ചയായി നാലാംതവണയും മലമ്പുഴയിൽ മത്സരരംഗത്തിറങ്ങുന്ന വി.എസ്. അച്യുതാനന്ദനെ നേരിടാൻ യു.ഡി.എഫ്. രംഗത്തിറക്കിയിട്ടുള്ളത് കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് വി.എസ്.ജോയിയെയാണ്. സാധാരണനിലയിൽ അച്യുതാനന്ദന്റെ ഭൂരിപക്ഷം എത്ര എന്നതു മാത്രമാണ് കൗതുകമുണർത്തുക. കഴിഞ്ഞ തവണ 23,440 വോട്ടുകൾക്കാണ് കോൺഗ്രസ്സിലെ ലതികാ സുഭാഷിനെ വി.എസ്. തോല്പിച്ചത്. 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന്റെ ആധിപത്യം 31,350 വോട്ടുകളായി വർദ്ധിക്കുകയും ചെയ്തു. മലമ്പുഴയിലെ ഏഴു പഞ്ചായത്തുകളും എൽ.ഡി.എഫാണ് ഭരിക്കുന്നത്. അടുത്ത മുഖ്യമന്ത്രി എന്നു പ്രതീക്ഷിക്കപ്പെടുന്ന വി.എസ്. പക്ഷേ, തന്റെ മത്സരത്തെ ലാഘവത്തോടെ കാണുന്നില്ല. 1996ൽ മാരാരിക്കുളത്ത് വി.എസ്സിനെ വീഴ്ത്തിയ ചതിക്കുഴികൾ മലമ്പുഴയിൽ ആവർത്തിക്കപ്പെടുമെന്ന സംസാരം തന്നെ കാരണം. ചതി പറ്റുമെന്നും വി.എസ്. ഇനി നിയമസഭ കാണില്ലെന്നും മുസ്ലിം ലീഗ് നേതാവ് മായിൻ ഹാജി പരസ്യമായി പറഞ്ഞത് വിവാദമാകുകയും ചെയ്തു. മുഖ്യമന്ത്രി സ്ഥാനത്തിനായി പിണറായി വിജയൻ കൂടി മത്സരിക്കുമ്പോൾ ഒരു ഭാഗ്യപരീക്ഷണത്തിന് വി.എസ്. തയ്യാറല്ല തന്നെ. അതുകൊണ്ടു തന്നെ എല്ലാ കാര്യങ്ങളും നേരിട്ട് പരിശോധിച്ച് ഉറപ്പാക്കുന്നു. എൽ.ഡി.എഫിന്റെ താരപ്രചാരകൻ എന്ന നിലയിൽ കേരളത്തിന്റെ വടക്കു നിന്ന് തെക്കോട്ടുള്ള പര്യടനം മെയ് മൂന്നിന് നെടുമങ്ങാട്ട് അവസാനിപ്പിച്ച ശേഷം മണ്ഡലത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അദ്ദേഹം തീരുമാനിച്ചതും വെറുതെയല്ല. മലമ്പുഴയിൽ അച്യുതാനന്ദന്റെ യഥാർത്ഥ എതിരാളി അങ്ങു ദൂരെ കണിച്ചുകുളങ്ങരയിലിരിക്കുന്ന വെള്ളാപ്പള്ളി നടേശനാണ്. വി.എസ്സിനെതിരെ എസ്.എൻ.ഡി.പി. യോഗം മണ്ഡലത്തിലെങ്ങും ഫ്ളക്സുകളും ബോർഡുകളും നിരത്തിയിരിക്കുന്നു. രാഷ്ട്രീയപ്പാർട്ടിയായ ബി.ഡി.ജെ.എസ്സിന്റെ പേരിലല്ല വി.എസ്സിനെതിരായ പ്രചാരണമെന്നതും ശ്രദ്ധേയം. വി.എസ്. ആരോപണം ഉന്നയിച്ചതും കേസു കൊടുത്തതും എസ്.എൻ.ഡി.പി. യോഗത്തിനെതിരെയാണ് എന്നതാണ് അവർ നേരിട്ടിറങ്ങുന്നതിനുള്ള ന്യായീകരണം. വി.എസ്സിനെ തോല്പിക്കാനായില്ലെങ്കിൽ ഭൂരിപക്ഷം 10,000ൽ താഴെയെത്തിക്കാനെങ്കിലും സാധിക്കണമെന്ന് വെള്ളാപ്പള്ളി ശഠിക്കുന്നു. ബി.ജെ.പി. സംസ്ഥാന സെക്രട്ടറി സി.കൃഷ്ണകുമാർ ശക്തി തെളിയിക്കാനുള്ള ശ്രമത്തിലാണെങ്കിലും മണ്ഡലത്തിൽ ശക്തമായ വേരോട്ടമുള്ള ബി.ഡി.ജെ.എസ്സിന്റെ വോട്ടുകൾ പൂർണ്ണമായി എൻ.ഡി.എയ്ക്കു കിട്ടുമോ എന്നതു കണ്ടറിയണം. കോൺഗ്രസ്സിനു വെള്ളാപ്പള്ളി വോട്ടു മറിക്കുമെന്ന് ബി.ജെ.പിക്കാർ ന്യായമായും സംശയിക്കുന്നു. തമിഴ്നാടിനോടു ചേർന്നു കിടക്കുന്ന മണ്ഡലത്തിൽ അണ്ണാ ഡി.എം.കെ. സ്ഥാനാർത്ഥി സി.പി.ശ്രീധരനും രംഗത്തുണ്ട്.



മുഹമ്മദ് മുഹസിൻ



ഷാനിമോൾ ഉസ്മാൻ

ഇ.പി.ഗോപാലനെയും ഇ.എം.എസ്.നമ്പൂതിരിപ്പാടിനെയും പോലുള്ള മുതിർന്ന നേതാക്കളെ ജയിപ്പിച്ച പട്ടാമ്പി 2001 മുതൽ കൈവശം വെച്ചിരിക്കുന്ന കോൺഗ്രസ്സിന്റെ സി.പി.മുഹമ്മദിനെ പിടിച്ചുകെട്ടാനുള്ള ഉത്തരവാദിത്വം സി.പി.ഐ. ഏല്പിച്ചിരിക്കുന്നത് യുവ രക്തത്തെയാണ്. ജെ.എൻ.യുവിലെ വിദ്യാർത്ഥി നേതാവ് മുഹമ്മദ് മുഹസിൻ. മുഹസിന്റെ പിതാവ് കോൺഗ്രസ് അനുഭാവിയാണ് എന്നതാണ് രസം. കനയ്യ കുമാറിന്റെ കൂട്ടാളി എന്ന പേരിൽ പ്രശസ്തനായ മുഹസിൻ മണ്ഡലത്തിൽ നിറഞ്ഞുകഴിഞ്ഞു. എന്നാൽ സി.പി. മുഹമ്മദിന് യഥാർത്ഥത്തിൽ തലവേദന മുഹസിനല്ല, മറിച്ച് ഏറ്റവും അവസാന ദിവസം നാമനിർദ്ദേശ പത്രിക സമർപ്പിച്ച് മത്സരത്തിനിറങ്ങിയ നോബി അഗസ്റ്റിൻ എന്ന സ്വതന്ത്രയാണ്. മുൻ മന്ത്രിയും ജെ.ഡി.എസ്. നേതാവുമായ ജോസ് തെറ്റയിലിനെതിരെ ലൈംഗികാരോപണം ഉന്നയിച്ച് വാർത്തകളിൽ സ്ഥാനം നേടിയ നോബി അങ്കമാലിയിൽ നിന്ന് പട്ടാമ്പിയിൽ മത്സരിക്കാനെത്തിയത് ചില പ്രത്യേക ലക്ഷ്യങ്ങളോടെ. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അഞ്ചു വർഷത്തെ ഭരണം നിലനിർത്തിയത് തന്റെ മാനം ഉപയോഗിച്ചാണെന്ന് നോബി പറയുന്നു. ജോസ് തെറ്റയിലിനും മകൻ ആദർശിനുമെതിരെ വ്യക്തിപരമായി നിലനിന്നിരുന്ന തർക്കങ്ങൾ ഭരണം നിലനിർത്താനും

**മണ്ണാർക്കാട് ലീഗിലെ എൻ.ഷംസുദ്ദീനെതിരെ സി.പി.ഐ. ജില്ലാ സെക്രട്ടറി കെ.പി.സുരേഷ് രാജിനെയാണ് എൽ.ഡി.എഫ്. രംഗത്തിറക്കിയിരിക്കുന്നത്. സാധാരണനിലയിൽ പൊതുശ്രദ്ധയിൽ വരാനിടയില്ലാത്ത ഈ മത്സരം കാന്തപുരം അബൂബക്കർ മുസലിയാരുടെ ഒരു പ്രസ്താവനയോടെ വാർത്തയിൽ നിറഞ്ഞു. രണ്ടു സുന്നി പ്രവർത്തകരുടെ കൊലയാളികളെ സഹായിച്ച ഷംസുദ്ദീനെ തോല്പിക്കണമെന്നായിരുന്നു കാന്തപുരത്തിന്റെ ആഹ്വാനം**

സോളാർ കേസിൽ നിന്നും ജനശ്രദ്ധ തിരിക്കാനും ഉപയോഗിക്കുകയായിരുന്നു. മുഖ്യമന്ത്രിക്കു വേണ്ടി മന്ത്രി കെ ബാബു, പട്ടാമ്പി എം.എൽ.എ. സി.പി.മുഹമ്മദ്, തൃക്കാക്കര എം.എൽ.എ. ബെന്നി ബെഹന്നാൻ എന്നിവർ തന്നെ സമീപിച്ച് ജോസ് തെറ്റയിലുമായുള്ള സ്വകാര്യനിമിഷങ്ങളുടെ ദൃശ്യങ്ങൾ തന്ത്രപരമായി കൈക്കലാക്കി. വക്കീലിനെ കാണിക്കാനെന്നു പറഞ്ഞ് വാങ്ങിയ കിടപ്പറ ദൃശ്യങ്ങൾ ഇവർ മാധ്യമങ്ങളിൽ ചോർത്തി നാണംകെടുത്തി. ജോസ് തെറ്റയിലിനെതിരെ പരാതി നൽകിയാൽ മൂന്നു കോടി രൂപയും ആദർശുമായുള്ള തന്റെ വിവാഹത്തിനുള്ള സൗകര്യവും താമസിക്കാൻ ബംഗളൂരുവിൽ ഫ്ളാറ്റുമായിരുന്നു കോൺഗ്രസ് നേതൃത്വത്തിന്റെ വാഗ്ദാനം. കാര്യം കഴിഞ്ഞപ്പോൾ മുഹമ്മദും ബെന്നിയുമൊക്കെ കൈ മലർത്തി. ആ കൈ ഇനിയും വീശാതിരിക്കാനാണ് മത്സരമെന്നും നോബി പറയുമ്പോൾ കേൾവിക്കാരേറെ. പത്തു വോട്ടുപോലും നേടുമെന്ന് ഉറപ്പില്ലാത്ത താൻ ജയിക്കാനായല്ല, പട്ടാമ്പിയിലെ സ്ത്രീകളെയെങ്കിലും ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്താനുള്ള സൗകര്യമായാണ് സ്ഥാനാർത്ഥിത്വത്തെ കാണുന്നതെന്ന് അവർ പറയുമ്പോൾ സി.പി. മുഹമ്മദ് ശരിക്കും വിയർക്കുന്നുണ്ട്. ബി.ജെ.പിയിലെ പി.മനോജാണ് എൻ.ഡി.എയ്ക്കു വേണ്ടി മത്സരരംഗത്ത്.



കെ. അച്ചുതൻ



കെ.കൃഷ്ണൻകുട്ടി



വി.ടി. ബൽറാം

താമര വിരിയുമോ എന്നറിയാൻ കേരളം ഉറ്റുനോക്കുന്ന മണ്ഡലങ്ങളിലൊന്നാണ് പാലക്കാട്. ബി.ജെ.പി. നഗരസഭാ ഭരണം പിടിച്ച പാലക്കാട്ട് ഇത്തവണ ത്രികോണമത്സരത്തിന് വീറും വാശിയുമേറെ. നിലവിലെ എം.എൽ.എ. കോൺഗ്രസ്സിലെ ഷാഫി പറമ്പിലിനെ നേരിടാൻ ഇടതു മുന്നണി രംഗത്തിറക്കിയത് 1996 മുതൽ നാലു തവണ തുടർച്ചയായി പാലക്കാട് എം.പിയായ സി.പി.എമ്മിലെ എൻ.എൻ. കൃഷ്ണദാസിനെയാണ്. കൃഷ്ണദാസിന് നിയമസഭയിലേക്കിത് കന്നിയങ്കം. പാലക്കാട്ട് നിന്ന് ലോക്സഭയിലേക്കു മത്സരിച്ച് മികച്ച പ്രകടനം കാഴ്ചവെച്ച ബി.ജെ.പി. സംസ്ഥാന ജനറൽ സെക്രട്ടറി ശോഭ സുരേന്ദ്രനാണ് എൻ.ഡി.എ. സ്ഥാനാർഥി. 2014 ലോക്സഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് 8,169 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചിരുന്നുവെങ്കിലും 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ പാലക്കാട് നഗരസഭയിൽ അവർ മൂന്നാം സ്ഥാനത്തേക്കു വീണു. 24 സീറ്റുകളുമായാണ് ബി.ജെ.പി. നഗരസഭാ ഭരണം പിടിച്ചത്. രണ്ടു പഞ്ചായത്തിൽ എൽ.ഡി.എഫും ഒരിടത്ത് യു.ഡി.എഫും ഭരണം നേടി. ഈ പഞ്ചായത്തുകളിലെല്ലാം ബി.ജെ.പി. രണ്ടു സീറ്റു വീതം നേടി. പ്രാദേശികമായ പ്രശ്നങ്ങളാണ് തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്നും അത് നിയമസഭയിൽ ആവർത്തിക്കില്ലെന്നും ഇടതു -വലതു മുന്നണികൾ അവകാശപ്പെടുന്നു. തങ്ങൾ നേടിയ ക്രമമായ വളർച്ച ഇത്തവണ വിജയമായി മാറുമെന്ന് ബി.ജെ.പിയും പറയുന്നു. 2011ൽ ലഭിച്ച 22,317 വോട്ടുകൾ 2014ൽ 25,892 വോട്ടുകളായും 2015ൽ 37,235 വോട്ടുകളായും ബി.ജെ.പി. വർദ്ധിപ്പിച്ചു. ബി.ജെ.പി. കൂടുതൽ നേടുന്ന വോട്ടുകൾ ഇരുമുന്നണികളുടെയും ചങ്കിടിപ്പിക്കുന്നുണ്ട്.

തൃത്താലയിൽ വി.ടി.ബൽറാം തന്നെയാണ് ഇത്തവണയും യു.ഡി.എഫ്. സ്ഥാനാർഥി. സീറ്റ് തിരിച്ചുപിടിക്കേണ്ടത് അഭിമാനപ്രശ്നമായി കരുതുന്ന ഇടതുമുന്നണി മുൻ ജില്ലാപഞ്ചായത്ത് പ്രസിഡൻറു കൂടിയായ സുബൈദ ഇസഹാക്കിനെയാണ് രംഗത്തിറക്കിയത്. സി.പി.എമ്മിന്റെ ഉറച്ച മണ്ഡലമായ തൃത്താലയിൽ കഴിഞ്ഞതവണ ബൽറാം നേടിയ 3,197 വോട്ടുകളുടെ അട്ടിമറി വിജയത്തിന്റെ മുറിവ് ഇപ്പോഴും ഉണങ്ങിയിട്ടില്ല. ആദ്യം ഒറ്റപ്പാലത്തേക്കു നിർദ്ദേശിച്ച സുബൈദയെ തൃത്താലയിലെത്തിച്ചതിനു കാരണവും മറ്റൊന്നല്ല. രണ്ടു ദിശകളിലുള്ള വികസനമാണ് ചർച്ചാവിഷയം. കഴിഞ്ഞ അഞ്ചു വർഷം എം.എൽ.എ. എന്ന നിലയിൽ നടപ്പാക്കിയ വികസനം ബൽറാം ഉയർത്തിക്കാട്ടുമ്പോൾ പഞ്ചായത്ത് പ്രസിഡൻറ്, പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ് എന്നീ നിലകളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ സുബൈദയുടെ കരുത്താകുന്നു. 2014 ലോക്സഭാ തിരഞ്ഞെടുപ്പിൽ നേടിയ 6,433 വോട്ടിന്റെ ഭൂരിപക്ഷം എൽ.ഡി.എഫിന് ആത്മവിശ്വാസം പകരുന്നുണ്ട്. ബി.ജെ.പി. സ്ഥാനാർഥിയായി പ്രൊഫ.വി.ടി.രമ കൂടി രംഗത്തെത്തിയതോടെ ഇവിടെ ശക്തമായ ത്രികോണ മത്സരമാണ്. ഇടതുകോട്ടയായ കോങ്ങാട്ട് സി.പി.എമ്മിലെ സിറ്റിങ് എം.എൽ.എ. കെ.വി.വിജയദാസിനെ നേരിടുന്നത് കോൺഗ്രസ്സിലെ മുൻ മന്ത്രി പന്തളം സുധാകരനാണ്. പന്തളത്തിന്റെ വരവ് പോരാട്ടത്തിന് വീറും വാശിയും പകർന്നിട്ടുണ്ട്. മണ്ഡലം നിലനിർത്തുക എൽ.ഡി.എഫിന് എളുപ്പമാവില്ല എന്ന പ്രതീതി ജനിപ്പിക്കാൻ കഴിഞ്ഞു എന്നതാണ് സുധാകരന്റെ വിജയം. എന്നാൽ, ഈ പ്രചാരണവിപ്ലവം കണ്ടൊന്നും വിജയദാസ് കുലുങ്ങിയിട്ടില്ല. എൻ.ഡി.എയ്ക്കു വേണ്ടിയിറങ്ങിയ ഭാരതീയ മഹിളാമോർച്ച സംസ്ഥാന പ്രസിഡൻറ് രേണു സുരേഷിന്റെ സാന്നിദ്ധ്യം കോങ്ങാട്ടും ത്രികോണ മത്സരത്തിന് അരങ്ങൊരുക്കിയിട്ടുണ്ട്.

മണ്ണാർക്കാട് യു.ഡി.എഫിനു വേണ്ടി സീറ്റ് നിലനിർത്താനിറങ്ങുന്ന മുസ്ലിം ലീഗിലെ എൻ.ഷംസുദ്ദീനെതിരെ സി.പി.ഐ. ജില്ലാ സെക്രട്ടറി കെ.പി.സുരേഷ് രാജിനെയാണ് എൽ.ഡി.എഫ്. രംഗത്തിറക്കിയിരിക്കുന്നത്. കഴിഞ്ഞ തവണ പട്ടാമ്പിയിൽ മത്സരിച്ചു തോറ്റ സുരേഷ് രാജിനും ഇത് രണ്ടാമങ്കം. സാധാരണനിലയിൽ പൊതുശ്രദ്ധയിൽ വരാനിടയില്ലാത്ത ഈ മത്സരം കാന്തപുരം അബൂബക്കർ മുസലിയാരുടെ ഒരു പ്രസ്താവനയോടെ വാർത്തയിൽ നിറഞ്ഞു. രണ്ടു സുന്നി പ്രവർത്തകരുടെ കൊലയാളികളെ സഹായിച്ച ഷംസുദ്ദീനെ തോല്പിക്കണമെന്നായിരുന്നു കാന്തപുരത്തിന്റെ ആഹ്വാനം. ബി.ഡി.ജെ.എസ്സിലെ എം.പി.കേശവദേവാണ് ഇവിടെ എൻ.ഡി.എ. സ്ഥാനാർത്ഥി. തരൂരിൽ സിറ്റിങ് എം.എൽ.എയും മുൻ മന്ത്രിയുമായ സി.പി.എം. കേന്ദ്ര സമിതി അംഗം എ.കെ.ബാലനെ നേരിടുന്നത് കുഴൽമന്ദം പഞ്ചായത്ത് പ്രസിഡൻറു കൂടിയായ സി.പ്രകാശനാണ്. ഭാരതീയ പട്ടികജാതി മോർച്ച ജില്ലാപ്രസിഡൻറ് കെ.വി.ദിവാകരനാണ് ബി.ജെ.പി. സ്ഥാനാർത്ഥി. ഒറ്റപ്പാലത്തെ ഇടതുകോട്ട പിടിച്ചടക്കാൻ മഹിള കോൺഗ്രസ് നേതാവ് ഷാനിമോൾ ഉസ്മാനെയാണ് യു.ഡി.എഫ്. രംഗത്തിറക്കിയിരിക്കുന്നത്. സിറ്റിങ് എം.എൽ.എ. എം.ഹംസ മാറിനിന്നപ്പോൾ സി.പി.എം. മുൻ ജില്ലാ സെക്രട്ടറി പി.ഉണ്ണിയാണ് എൽ.ഡി.എഫ്. സ്ഥാനാർഥി. ഇരുമുന്നണിയിലും സ്ഥാനാർഥി നിർണയത്തെച്ചൊല്ലി അപസ്വരങ്ങൾ ഉയർന്നുവെങ്കിലും ക്രമേണ കെട്ടടങ്ങി.. എൻ.ഡി.എ. സ്ഥാനാർഥിയായി ബി.ജെ.പി. മേഖലാ ജനറൽ സെക്രട്ടറി പി. വേണുഗോപാലാണ് രംഗത്ത്. ഷൊറണൂരിൽ സി.പി.എം. ജില്ലാ സെക്രട്ടേറിയറ്റ് അംഗവും സി.ഐ.ടി.യു. ജില്ലാ സെക്രട്ടറിയുമായ പി.കെ.ശശിയാണ് ഇടതു മുന്നണി സ്ഥാനാർത്ഥി. മുൻ പട്ടാമ്പി പഞ്ചായത്ത് പ്രസിഡന്റ് കോൺഗ്രസ്സിലെ സി.സംഗീത യു.ഡി.എഫിൽ നിന്ന് മത്സരിക്കുന്നു. ഈഴവർക്ക് സ്വാധീനമുള്ള മണ്ഡലത്തിൽ എസ്.എൻ.ഡി.പി. യോഗം ഒറ്റപ്പാലം താലൂക്ക് യൂണിയൻ പ്രസിഡൻറ് വി.പി.ചന്ദ്രൻ ബി.ഡി.ജെ.എസ്സിലൂടെ എൻ.ഡി.എ. സ്ഥാനാർത്ഥിയാവുന്നു.



എ.കെ. ബാലൻ

ആലത്തൂരിൽ സിറ്റിങ് എം.എൽ.എ. എം.ചന്ദ്രൻ ഒഴിഞ്ഞപ്പോൾ സി.പി.എമ്മിലെ കെ.ഡി.പ്രസേനനാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. യു.ഡി.എഫ്. സ്ഥാനാർഥിയായി കേരളാ കോൺഗ്രസ്-എം ജില്ലാ ജനറൽ സെക്രട്ടറി കെ.കുശലകുമാരൻ രണ്ടാം തവണയും രംഗത്തുണ്ട്. ബി.ജെ.പി. ജില്ലാ സെക്രട്ടറി എം.പി.ശ്രീകുമാറാണ് എൻ.ഡി.എ. സ്ഥാനാർത്ഥി.

ഇടതു മുന്നണിയുടെ സിറ്റിങ് സീറ്റായ നെന്മാറയിൽ ഇത്തവണ കടുത്ത പോരാട്ടമാണ്. സി.പി.എം. കൊല്ലങ്കോട് ഏരിയാ സെക്രട്ടറി കെ.ബാബു എൽ.ഡി.എഫിനു വേണ്ടിയും മുൻ ആലത്തൂർ എം.എൽ.എ. എ.വി. ഗോപിനാഥ് യു.ഡി.എഫിനു വേണ്ടിയും മത്സരിക്കുന്നു. എൻ.ഡി.എ. സ്ഥാനാർഥിയായി ബി.ജെ.പി. സംസ്ഥാന വൈസ് പ്രസിഡൻറ് എൻ.ശിവരാജനുമുണ്ട്. സ്ഥിരം പോരാളികളാണ് ചിറ്റൂരിൽ കൊമ്പുകോർക്കുന്നത്. 1996 മുതൽ ചിറ്റൂർ കൈപ്പിടിയിലൊതുക്കി വെച്ചിരിക്കുന്ന കെ.അച്യുതൻ കോൺഗ്രസ്സിൽ അഞ്ചാം തവണ മത്സരിക്കുന്നു. 1980, 82, 91 കാലഘട്ടത്തിൽ ചിറ്റൂരിന്റെ എം.എൽ.എ. ആയിരിക്കുകയും 1996ൽ അച്യുതനോട് തോൽക്കുകയും ചെയ്ത ജെ.ഡി.എസ്സിലെ കെ.കൃഷ്ണൻകുട്ടിയാണ് എൽ.ഡി.എഫിൽ. ഇവർക്കിടയിൽ വീറും വാശിയും സ്വാഭാവികം. എൻ.ഡി.എ. സ്ഥാനാർത്ഥിയായി ബി.ജെ.പിയിലെ എം.ശശികുമാറും രംഗത്തുണ്ട്.

വി.എസ്.അച്യുതാനന്ദൻ, മുഹമ്മദ് മുഹസിൻ, ശോഭാ സുരേന്ദ്രൻ -ഈ മൂന്നു സ്ഥാനാർത്ഥികൾ മത്സരിക്കുന്ന മണ്ഡലങ്ങളിലെ ഫലം ഏവരും ഉറ്റുനോക്കുന്നു. തിരഞ്ഞെടുപ്പ് സർവേകൾ പ്രവചിക്കുമ്പോലെ എൽ.ഡി.എഫ്. അധികാരത്തിലേറണമെങ്കിൽ പാലക്കാട്ടു നിന്ന് അതിലേക്ക് കാര്യമായ സംഭാവന ലഭിക്കണം.


**ഗോത്ര കഥകൾ**
നാരായൻ



₹ 100

ഗോത്രജീവിത വ്യവഹാരങ്ങളെ 'അടികൊണ്ടവ'ന്റെ വീക്ഷണകോണിലൂടെ നോക്കിക്കാണുന്ന പതിനാറ് കഥകളുടെ സമാഹാരം. ''അത്യപൂർവ്വമായ വായനാനുഭവം' - ഡി. ബാബു പോൾ


**സത്യൻ:**
**അരങ്ങിലും അണിയറയിലും**
മാത്തുക്കുട്ടി ജെ.കുന്നപ്പള്ളി



അനശ്വരനായ സത്യനെ, ചലച്ചിത്ര നടനെന്ന നിലയിലും, വ്യക്തിയെന്ന നിലയിലും, വസ്തുനിഷ്ഠമായി വിലയിരുത്തുന്ന ആദ്യകൃതി. ഒട്ടേറെ ചിത്രങ്ങൾ.

₹ 150

**മുക്കണി**
ഡി.രാജൻ



₹ 120

പറയസമുദായ ജീവിതത്തിന്റെ മൗലികമായ ആഖ്യാനമാണ് ഈ കൃതി. 'ഒരു അസാധാരണ നോവൽ,' എന്ന് അവതാരികയിൽ എൻ.വി.കൃഷ്ണവാരിയർ.

**പുലയത്തറ**
**പോൾ ചിറക്കരോട്**
ദലിത് ക്രൈസ്തവരുടെ ജീവിതപരിസരം പശ്ചാത്തലമാക്കി രചിക്കപ്പെട്ട ആദ്യ നോവൽ.



₹ 120

**റെയ്വൻ പബ്ലിക്കേഷൻസ്**
TC 19/1981-1
പൂജപ്പുര പി.ഒ., തിരുവനന്തപുരം-12
ഫോൺ: 9387462555
E-mail: raven.publication@gmail.com
വിതരണം: **കേരള ബുക്ക് മാർക്ക്**
തിരുവനന്തപുരം 23 ഫോൺ: 0471-2473921

# പച്ചക്കോട്ടയിൽ സ്വതന്ത്ര വിള്ളൽ പ്രതീക്ഷിച്ച്




**പി.ഡി.പി., എസ്.ഡി.പി.ഐ, വെൽഫയർ പാർട്ടി എന്നിവയ്ക്കെല്ലാം മലപ്പുറത്ത് സ്വന്തമായി വോട്ടുബാങ്കുണ്ട്. ഇവരൊക്കെ കരുത്തു തെളിയിക്കാൻ ശ്രമിക്കുന്നുമുണ്ട്. ചിലയിടങ്ങളിലെങ്കിലും പ്രധാന മുന്നണികൾക്ക് ഈ പാർട്ടികൾ തലവേദനയുമാണ്. ഇടതിന്റെ സ്വതന്ത്ര തന്ത്രം ലീഗ് കോട്ടകളിൽ വിള്ളൽ വീഴ്ത്തുമോ എന്നാണ് ഏവരും ഉറ്റുനോക്കുന്നത്**

കേരളത്തിൽ ഏറ്റവുമധികം നിയമസഭാ മണ്ഡലങ്ങളുള്ള ജില്ലയാണ് മലപ്പുറം–16. അതിനാൽത്തന്നെ ഏറ്റവുമധികം സ്ഥാനാർത്ഥികൾ മത്സരിക്കുന്നതും അവിടെത്തന്നെ–145. മലപ്പുറം എന്നാൽ മുസ്ലിം ലീഗ്. അതിനാൽത്തന്നെ യു.ഡി.എഫിന്റെ ഉറച്ച കോട്ട. സി.പി.എമ്മിന്റെ ഏറ്റവും വലിയ നേതാക്കളിലൊരാളായ ഇ.എം.എസ്. നമ്പൂതിരിപ്പാട് ജനിച്ച മണ്ണായിട്ടുകൂടി മലപ്പുറത്ത് ചുവടുറപ്പിക്കാൻ ഇടതു കക്ഷികൾക്കു കഴിഞ്ഞിട്ടില്ല. 2006ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ മാത്രമാണ് ഈ പച്ചക്കോട്ടയിൽ ചുവപ്പ് കടന്നുകയറി വിള്ളൽ വീഴ്ത്തിയത്. 12ൽ അഞ്ചിടത്ത് ഇടത് സ്ഥാനാർത്ഥികൾ ജയിച്ചു. 2011ൽ മണ്ഡലപുനർനിർണ്ണയം നടന്നപ്പോൾ ജില്ലയിൽ നാലു സീറ്റ് കൂടി. ലീഗ് വീണ്ടും കോട്ട കെട്ടിയടച്ച് ഭദ്രമാക്കി. നിലവിൽ മുസ്ലിം ലീഗിന് മാത്രം മലപ്പുറത്ത് 12 എം.എൽ.എമാരുണ്ട്. കോൺഗ്രസ്സിന്റെ രണ്ടെണ്ണം കൂടിച്ചേരുമ്പോൾ യു.ഡി.എഫ്. പക്ഷത്ത് 14. സി.പി.എമ്മിന്റെ ഒന്നും സി.പി.എം. സ്വതന്ത്രന്റെ ഒന്നും ചേർത്ത് എൽ.ഡി.എഫിന് രണ്ടു മാത്രം. 2014 ലോക്സഭാ തിരഞ്ഞെടുപ്പിലും രണ്ടു മണ്ഡലങ്ങളിൽ മാത്രമാണ് എൽ.ഡി.എഫിന് മേൽക്കൈ നേടാനായത്. 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് മൃഗീയ ഭൂരിപക്ഷത്തിനാണ് യു.ഡി.എഫ്. പിടിച്ചത്. 27 ഡിവിഷനുകൾ യു.ഡി.എഫിനൊപ്പം നിന്നപ്പോൾ എൽ.ഡി.എഫിന് ലഭിച്ചത് അഞ്ചെണ്ണം മാത്രം. ബി.ജെ.പിക്ക് വിജയപ്രതീക്ഷ ഒട്ടുമില്ലാത്ത ജില്ലയാണിത്. എന്നാൽ, ചിലയിടങ്ങിൽ ഫലത്തെ സ്വാധീനിക്കാൻ അവർക്കു കഴിയും.

2006ലെ തിരിച്ചടിക്കുശേഷം ലീഗ് ഏറെ മാറി. തോൽവിയുടെ കാരണങ്ങൾ വിലയിരുത്തി പ്രവർത്തനശൈലി മാറ്റി. ജനകീയ വിഷയങ്ങളിലും സാമൂഹിക പ്രശ്നങ്ങളിലും വ്യക്തമായ നിലപാടെടുത്ത് ഇടപെട്ടു. 2011ൽ തിരിച്ചുവരികയും ചെയ്തു. പക്ഷേ, ഇടതുപക്ഷം വെറുതെയിരുന്നില്ല. അവർ തന്ത്രങ്ങൾ മെനഞ്ഞു. കോൺഗ്രസ്സിലെയും ലീഗിലെയും അസംതൃപ്തരെ ഒപ്പം ചേർത്തു. യു.ഡി.എഫിലെ പ്രാദേശിക തലത്തിലുള്ള അഭിപ്രായഭിന്ന എൽ.ഡി.എഫ്. സമർത്ഥമായി മുതലെടുത്തതോടെ സംസ്ഥാന രാഷ്ട്രീയ ചരിത്രത്തിൽ സാമ്പാർ മുന്നണിയെന്ന പേര് എഴുതിച്ചേർക്കപ്പെട്ടു. നിയമസഭാ തിരഞ്ഞെടുപ്പിലേക്ക് ഈ തന്ത്രം എൽ.ഡി.എഫ്. വ്യാപിപ്പിച്ചിരിക്കുന്നു. 2015ൽ തദ്ദേശ സ്ഥാപനങ്ങളിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ചെത്തിമിനുക്കി മുനകൂർപ്പിച്ച തന്ത്രത്തിന്റെ പൂർണ്ണരൂപത്തിലുള്ള പ്രയോഗം. പരീക്ഷണവേളയിൽ രണ്ടു മുൻസിപ്പാലിറ്റികളിലും 20ലധികം പഞ്ചായത്തുകളിലും ലീഗിന്റെ കോട്ടകളായി അറിയപ്പെടുന്ന പലയിടത്തും അട്ടിമറിയുണ്ടായി.

ഇക്കുറി ജില്ലയിലെ 12 മണ്ഡലങ്ങളിൽ സിറ്റിങ്ങ് എം.എൽ.എമാർ മത്സരിക്കുന്നു. ഒമ്പത് സിറ്റിങ് എം.എൽ.എമാർക്ക് സീറ്റു നൽകിയ മുസ്ലിം ലീഗ് മൂന്നു പേരെ മാറ്റി. കോട്ടയ്ക്കലിൽ അബ്ദുസ്സമദ് സമദാനിക്കുപകരം ആബിദ് ഹുസൈൻ തങ്ങളും വള്ളിക്കുന്നിൽ കെ.എൻ.എ.ഖാദറിനുപകരം പി.അബ്ദുൾ ഹമീദും കൊണ്ടോട്ടിയിൽ കെ.മുഹമ്മദുണ്ണി ഹാജിക്കുപകരം ടി.വി.ഇബ്രാഹിമുമാണ് ലീഗ് സ്ഥാനാർഥികൾ. എൽ.ഡി.എഫിലെ രണ്ടു സിറ്റിങ് എം.എൽ.എമാർക്കും സീറ്റുണ്ട്. പുതിയ തന്ത്രത്തിന്റെ ഭാഗമായി അഞ്ചു സ്വതന്ത്രരെയാണ് എൽ.ഡി.എഫ്. രംഗത്തിറക്കിയിരിക്കുന്നത് –സി.പി.എം. മൂന്നും സി.പി.ഐ. രണ്ടും. 2006ൽ ഈ തന്ത്രം ആദ്യമായി കുറ്റിപ്പുറത്ത് പരീക്ഷിച്ചപ്പോൾ ജയന്റ് കില്ലറായി പി.കെ.കുഞ്ഞാലിക്കുട്ടിയെ വീഴ്ത്തിയ ഡോ.കെ.ടി.ജലീൽ ഉൾപ്പെടെയാണ് അഞ്ചു സ്വതന്ത്രർ. തവനൂരിലെ സിറ്റിങ് എം.എൽ.എയായ ജലീൽ അവിടെത്തന്നെ സി.പി.എം. സ്വതന്ത്രനായി വീണ്ടും മത്സരിക്കുന്നു. കൊണ്ടോട്ടി, നിലമ്പൂർ എന്നിവിടങ്ങളിൽ സി.പി.എമ്മും ഏറനാട്, തിരൂരങ്ങാടി എന്നിവിടങ്ങളിൽ സി.പി.ഐയും സ്വതന്ത്രരെ പരീക്ഷിക്കുന്നു. താനൂരിൽ നാഷണൽ സെക്കുലർ കോൺഫറൻസിന്റെ പേരിൽ മത്സരിക്കുന്നതു മുൻ കോൺഗ്രസ്സുകാരൻ തന്നെ. പണക്കാരെ ഇടതു മുന്നണി സ്വതന്ത്ര വേഷത്തിൽ രംഗത്തിറക്കിയെന്ന ആക്ഷേപമുണ്ട്. സ്ഥാനാർത്ഥികൾക്ക് മണ്ഡലത്തിൽ സ്വീകാര്യതയുണ്ടോ എന്ന കാര്യം മാത്രമാണ് പരിഗണിച്ചതെന്നാണ് ഇടതു നേതൃത്വത്തിന്റെ വിശദീകരണം.


പി.കെ.കുഞ്ഞാലിക്കുട്ടി


കെ.പി.സുമതി


ആര്യാടൻ ഷൗക്കത്ത്

നിലമ്പൂരിൽ സിറ്റിങ് എം.എൽ.എയായ മന്ത്രി ആര്യാടൻ മുഹമ്മദിന്റെ പാരമ്പര്യത്തണലിൽ കോൺഗ്രസ്സിനായി ഇറങ്ങുന്ന ആര്യാടൻ ഷൗക്കത്തിനെതിരെ എൽ.ഡി.എഫിനായി സി.പി.എം. ഇറക്കിയ മുൻ കോൺഗ്രസ്സുകാരൻ പി.വി.അൻവർ തന്നെയാണ് ശ്രദ്ധേയനായ സ്വതന്ത്രൻ. ഇരുമുന്നണികളിലും സ്ഥാനാർത്ഥി നിർണ്ണയവുമായി ബന്ധപ്പെട്ടുണ്ടായ തർക്കങ്ങൾ കരിനിഴൽ വീഴ്ത്തിയെങ്കിലും ക്രമേണ സ്ഥാനാർത്ഥികൾ പിടിച്ചുകയറി. 2014 ലോക്സഭാ തിരഞ്ഞെടുപ്പിൽ നിലമ്പൂർ ഉൾപ്പെടുന്ന വയനാട് ലോക്സഭാ മണ്ഡലത്തിൽ സ്വതന്ത്രനായി അൻവർ മത്സരിച്ചിരുന്നു. അന്ന് നിലമ്പൂരിൽ നിന്നു മാത്രം 6,811 വോട്ടുകളാണ് അൻവർ സമ്പാദിച്ചത്. 2011ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഏറനാട്ടിൽ സ്വതന്ത്ര വേഷമണിഞ്ഞ അൻവർ 47,452 വോട്ടുകളുമായി രണ്ടാമതെത്തി. അന്ന് എൽ.ഡി.എഫിൽ മത്സരിച്ച സി.പി.ഐയിലെ അഷ്റഫലി കാളിയത്തിന് 2,700 വോട്ടുകളുമായി നാലാമതെത്താനേ കഴിഞ്ഞുള്ളൂ. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ കോൺഗ്രസ് വോട്ടുകളിൽ ഭിന്നിപ്പുണ്ടാക്കാൻ സാധിക്കുമെന്നു തന്നെയാണ് എൽ.ഡി.എഫിന് പ്രതീക്ഷ. ആര്യാടൻ മുഹമ്മദിനോടു ശത്രുതയുള്ള ലീഗുകാരുടെ വോട്ടും അൻവർ പ്രതീക്ഷിക്കുന്നുണ്ട്. പഞ്ചായത്ത് പ്രസിഡൻറ്, നഗരസഭാ ചെയർമാൻ എന്നീ നിലകളിലുള്ള വ്യക്തിബന്ധങ്ങൾ ഷൗക്കത്തിന് വോട്ടാക്കി മാറ്റാനാവുമെന്ന് യു.ഡി.എഫ്. വിശ്വസിക്കുന്നു. എസ്.എൻ.ഡി.പി. യോഗത്തിന് കാര്യമായ സ്വാധീനമുള്ള മണ്ഡലത്തിൽ എൻ.ഡി.എയിൽ നിന്നു മത്സരിക്കുന്നത് ബി.ഡി.ജെ.എസ്സിലെ ഗിരീഷ് മേക്കാട്ടാണ്. ഗിരീഷ് പിടിക്കുന്ന വോട്ടുകൾ ഏതു മുന്നണിയുടേതാണ് എന്നതിനെ ആശ്രയിച്ചിരിക്കും അൻവറിൻെറയും ഷൗക്കത്തിന്റെയും വിജയസാദ്ധ്യത.

താനൂരിൽ നടക്കുന്നത് ചൂടേറിയ പോരാട്ടമാണ്. പി.ടി.എ.റഹിമിന്റെ നാഷണൽ സെക്കുലർ കോൺഫറൻസിനാണ് എൽ.ഡി.എഫ്. സീറ്റ് നൽകിയിരിക്കുന്നത്. 2014ൽ പൊന്നാനി ലോക്സഭാ മണ്ഡലത്തിൽ സ്വതന്ത്രനായി വീറോടെ പൊരുതിയ വി.അബ്ദുറഹ്മാനാണ് താനൂരിൽ കോൺഫറൻസ് സ്ഥാനാർഥി. തിരൂർ നഗരസഭാ മുൻ വൈസ് ചെയർമാനായ അബ്ദുറഹ്മാൻ കെ.പി.സി.സി. അംഗത്വം രാജിവെച്ചാണ് ഇടതിനൊപ്പം കൂടിയത്. അതിനാൽത്തന്നെ യു.ഡി.എഫിലെ തന്ത്രങ്ങളെക്കുറിച്ച് അദ്ദേഹത്തിന് നല്ല ധാരണയുണ്ട്. ലീഗിലെ സിറ്റിങ് എം.എൽ.എ. അബ്ദുറഹ്മാൻ രണ്ടത്താണിയുമായുള്ള മത്സരത്തിന്റെ ചൂട് ഇടയ്ക്ക് അടി പൊട്ടുന്ന അവസ്ഥ സൃഷ്ടിക്കുന്നുണ്ട്. വി.അബ്ദുറഹ്മാന്റെ കാർ ലീഗ് പ്രവർത്തകർ തകർത്തത് പ്രചാരണവേളയിൽ ചർച്ചാവിഷയമായിരുന്നു. മണ്ഡലം ഇളക്കി മറിച്ചുള്ള പ്രചാരണമാണ് ഇരുപക്ഷവും നടത്തിയത്. പി.ആർ.രശ്മിൽനാഥാണ് ബി.ജെ.പി. സ്ഥാനാർത്ഥി. കൊണ്ടോട്ടിയിൽ 1973ൽ ഇടതു സ്വതന്ത്രനായി മത്സരിച്ച കെ.പി. ബീരാൻകുട്ടി 2016ൽ വീണ്ടും സി.പി.എം. സ്വതന്ത്രനായി വരുന്നു. മൂന്നു തവണ പുളിക്കൽ പഞ്ചായത്ത് അംഗമായിരുന്നു. സിറ്റിങ് സീറ്റിൽ മുസ്ലിം ലീഗിനു വേണ്ടി ആദ്യമായി മത്സരിക്കാനിറങ്ങുന്ന ടി.വി.ഇബ്രാഹിം മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറായും ജില്ലാ പഞ്ചായത്തംഗമായും പ്രവർത്തിച്ചു പരിചയമുള്ളയാളാണ്. ബി.ജെ.പി. ജില്ലാ പ്രസിഡൻറ് കെ.രാമചന്ദ്രനാണ് എൻ.ഡി.എ. സ്ഥാനാർത്ഥി.

തവനൂരിൽ സി.പി.എം. സ്വതന്ത്രനും സിറ്റിങ് എം.എൽ.എയുമായ കെ.ടി. ജലീലിനെ നേരിടാൻ യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി പി.ഇഫ്ത്തിഖാറുദ്ദിനെ യു.ഡി.എഫ്. നിയോഗിച്ചതോടെ വാശിയേറിയ മത്സരമാണ് നടക്കുന്നത്. 2006ൽ കുറ്റിപ്പുറത്തും 2011ൽ തവനൂരും ജയിച്ച ജലീൽ ഹാട്രിക്ക് ലകഷ്യമിടുകയാണ്. ബി.ജെ.പി. ജില്ലാ ജനറൽ സെക്രട്ടറി രവി തേലത്താണ് എൻ.ഡി.എ. സ്ഥാനാർത്ഥി. മുസ്ലിം ലീഗിൽ നിന്നു വന്ന കെ.ടി.അബ്ദുറഹ്മാനെ സ്ഥാനാർത്ഥിയാക്കിയാണ് ഏറനാട്ടിൽ സി.പി.ഐയുടെ സ്വതന്ത്ര പരീക്ഷണം.

അരീക്കോട് ബ്ലോക്ക് പഞ്ചായത്തംഗവും സോഷ്യൽ ഫോറത്തിന്റെ ചെയർമാനുമായ അബ്ദുറദ്ധാന് മണ്ഡലത്തിൽ വ്യാപകമായ വ്യക്തിബന്ധങ്ങളുണ്ട്. മുസ്ലിം ലീഗിന്റെ പ്രമുഖ നേതാവായിരുന്ന സീതി ഹാജിയുടെ മകനും സിറ്റിങ് എം.എൽ.എയുമായ പി.കെ.ബഷീർ യു.ഡി.എഫിനു വേണ്ടി വീണ്ടും മത്സരിക്കാനിറങ്ങുന്നു. ബി.ജെ.പി. ജില്ലാ സെക്രട്ടറി കെ.പി.ബാബുരാജാണ് എൻ.ഡി.എ. സ്ഥാനാർത്ഥി. തിരൂരങ്ങാടിയിൽ മുസ്ലിം ലീഗിന്റെ സിറ്റിങ് എം.എൽ.എയും മന്ത്രിയുമായ പി.കെ.അബ്ദുറബ്ബിനെതിരെയും സ്വതന്ത്രനെയാണ് സി.പി.ഐ. നിർത്തിയിരിക്കുന്നത്. മുൻ കോൺഗ്രസ്സുകാരനും രാജീവ് ഗാന്ധി കൾച്ചറൽ ഫൗണ്ടേഷൻ ചെയർമാനുമായ നിയാസ് പുളിക്കലകത്താണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. 1996 മുതൽ ജയിച്ചുവരുന്ന അബ്ദുറബ്ബിന് തുടർച്ചയായ അഞ്ചാം മത്സരമാണ്. പി.വി.ഗീതാമാധവനാണ് ബി.ജെ.പി. സ്ഥാനാർത്ഥി.

പൊന്നാനിയിലും പെരിന്തൽമണ്ണയിലും 2006ലെ മുന്നണി സ്ഥാനാർത്ഥികൾ വീണ്ടും മത്സരിക്കുന്നു. പെരിന്തൽമണ്ണയിൽ സിറ്റിങ് എം.എൽ.എയും മന്ത്രിയുമായ മഞ്ഞളാംകുഴി അലിയും മുൻ എം.എൽ.എ. വി.ശശികുമാറും തമ്മിലുള്ള മത്സരത്തിന് ചൂടേറെ. ശശികുമാറിന്റെ മത്സരം നാലാം തവണയാണ്.


2006ൽ 40 വർഷത്തെ ഇടവേളയ്ക്കു ശേഷം ഇദ്ദേഹം പെരിന്തൽമണ്ണ മണ്ഡലം ഇടതു മുന്നണിക്കായി തിരിച്ചുപിടിച്ചു. 2001ലും 2011ലും മത്സരിച്ചുവെങ്കിലും പരാജിതനായി. 2006ൽ ഇടതു സ്വതന്ത്രനായി മങ്കടയിൽ നിന്ന് ആദ്യമായി നിയമസഭയിലെത്തിയ അലിയെ 2011ൽ മുന്നണിയും മണ്ഡലവും മാറിയെത്തിയപ്പോഴും വിജയം കൈവിട്ടില്ല. യുവമോർച്ച ജില്ലാ ജനറൽ സെക്രട്ടറി എം.കെ.സുനിലാണ് ബി.ജെ.പി. സ്ഥാനാർത്ഥി. പൊന്നാനിയിൽ സി.പി.എമ്മിലെ സിറ്റിങ് എം.എൽ.എ. പി.ശ്രീരാമകൃഷ്ണന്റെ എതിരാളിയായി കോൺഗ്രസ്സിലെ പി.ടി.അജയ്മോഹൻ എത്തുമ്പോൾ കഴിഞ്ഞ തവണത്തെ ആവർത്തനം. കെ.കെ.സുരേന്ദ്രനാണ് ഇവിടെ ബി.ജെ.പി. സ്ഥാനാർത്ഥി.

മലപ്പുറത്ത് ലീഗിന്റെ പി.ഉബൈദുള്ളയെ വെല്ലുവിളിക്കാൻ ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡൻറ് കെ.പി.സുമതിയെയാണ് സി.പി.എം. നിയോഗിച്ചിരിക്കുന്നത്.

ന്യൂനപക്ഷ മോർച്ച ജില്ലാ വൈസ് പ്രസിഡന്റ് കെ.എൻ.ബാദുഷാ തങ്ങൾ ബി.ജെ.പി. സ്ഥാനാർത്ഥിയാവുന്നു. കഴിഞ്ഞ തവണ എൽ.ഡി.എഫിൽ നിന്നു തിരൂർ തിരിച്ചുപിടിച്ച സി.മമ്മൂട്ടി തന്നെയാണ് ഇത്തവണയും ലീഗ് സ്ഥാനാർത്ഥി. നാഷണൽ സെക്യുലർ കോൺഫറൻസിലെ ഗഫൂർ പി.ലില്ലീസ് എൽ.ഡി.എഫിലും കളരിപ്പണിക്കർ ഗണക കണിശസഭ ദേശീയ വൈസ് പ്രസിഡൻറ് എം.കെ.ദേവിദാസൻ ബി.ജെ.പിയിലും മത്സരിക്കുന്നു. മങ്കടയിൽ യു.ഡി.എഫ്. സിറ്റിങ് എം.എൽ.എ. മുസ്ലിം ലീഗ് സംസ്ഥാന സെക്രട്ടറി ടി.എം.അഹമ്മദ് കബീറും സി.പി.എമ്മിന്റെ യുവനേതാവും ജില്ലാ പഞ്ചായത്തംഗവുമായ ടി.കെ.റഷീദലിയും തമ്മിൽ മികച്ച രാഷ്ട്രീയപോരാട്ടമാണ്. യുവമോർച്ച ജില്ലാ വൈസ് പ്രസിഡന്റ് ബി.രതീഷ് ബി.ജെ.പി. സ്ഥാനാർത്ഥിയായി രംഗത്തുണ്ട്.


എ.പി.അനിൽകുമാർ


മഞ്ഞളാംകുഴി അലി


കെ.ടി. ജലീൽ


ഒ.കെ. തങ്ങൾ

മണ്ഡലം നിലനിർത്താൻ മന്ത്രിമാരായ പി.കെ.കുഞ്ഞാലിക്കുട്ടി ലീഗിനു വേണ്ടി വേങ്ങരയിലും എ.പി.അനിൽകുമാർ വണ്ടൂരിലും മത്സരിക്കുന്നു. യുവനേതാവ് സി.പി.എമ്മിലെ പി.പി.ബഷീറാണ് കുഞ്ഞാലിക്കുട്ടിക്കെതിരായ ഇടതു സ്ഥാനാർത്ഥി. ബി.ജെ.പി. സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ന്യൂനപക്ഷ മോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി പി.ടി.ആലി ഹാജി കൂടിയായാൽ വേങ്ങരയിലെ ചിത്രം പൂർണ്ണമായി. അനിൽകുമാറിനും എതിര് സി.പി.എമ്മിലെ ചെറുപ്പക്കാരൻ തന്നെ. കന്നിമത്സരത്തിനിറങ്ങുന്ന കെ.നിഷാന്ത്. സുനിത മോഹൻദാസാണ് വണ്ടൂരിലെ ബി.ജെ.പി. സ്ഥാനാർത്ഥി.

മഞ്ചേരിയിൽ ലീഗിലെ എം.ഉമ്മർ സീറ്റ് നിലനിർത്താൻ പൊരുതുമ്പോൾ സി.പി.ഐ. ജില്ലാ എക്സിക്യൂട്ടീവ് അംഗം കെ.മോഹൻദാസാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. ഹൈക്കോടതിയിലെ അഭിഭാഷകൻ സി.ദിനേശ് ബി.ജെ.പിയിൽ മത്സരിക്കുന്നു. കോട്ടയ്ക്കലിൽ ഫാറൂഖ് കോളേജ് സാമൂഹികശാസ്ത്ര വിഭാഗം മേധാവി കെ.കെ.ആബിദ് ഹുസൈൻ തങ്ങളെയാണ് മണ്ഡലം നിലനിർത്താൻ മുസ്ലിം ലീഗ് അവതരിപ്പിക്കുന്നത്. എൻ.സി.പിയിലെ എൻ.എ.മുഹമ്മദ്കുട്ടി എന്ന മമ്മൂട്ടിയാണ് എൽ.ഡി.എഫ്. എതിരാളി. എ.ബി.വി.പി. മുൻ സംസ്ഥാന പ്രസിഡൻറ് വി.ഉണ്ണികൃഷ്ണനാണ് ബി.ജെ.പി. സ്ഥാനാർത്ഥി. എൽ.ഡി.എഫിനായി ഐ.എൻ.എൽ. മത്സരിക്കുന്ന വള്ളിക്കുന്നിൽ ഒ.കെ.തങ്ങളാണ് സ്ഥാനാർത്ഥി. മുസ്ലിം ലീഗിന്റെ ഈ സീറ്റ് നിലനിർത്താനുള്ള ചുമതല ജില്ലാ യു.ഡി.എഫ്. കൺവീനർ പി.അബ്ദുൾ ഹമീദിനെ എല്പിച്ചിരിക്കുന്നു. ഹമീദ് ഒഴിഞ്ഞ ലീഗ് ജില്ലാ പ്രസിഡൻറ് സ്ഥാനം മണ്ഡലത്തിലെ സിറ്റിങ് എം.എൽ.എ. കെ.എൻ.എ.ഖാദർ ഏറ്റെടുക്കുകയും ചെയ്തു. കെ.ജനചന്ദ്രനാണ് ഇവിടെ ബി.ജെ.പി. സ്ഥാനാർത്ഥി.

പി.ഡി.പി., എസ്.ഡി.പി.ഐ, വെൽഫയർ പാർട്ടി എന്നിവയ്ക്കെല്ലാം മലപ്പുറത്ത് സ്വന്തമായി വോട്ടുബാങ്കുണ്ട്. ഇവരൊക്കെ കരുത്തു തെളിയിക്കാൻ ശ്രമിക്കുന്നുമുണ്ട്. ചിലയിടങ്ങളിലെങ്കിലും പ്രധാന മുന്നണികൾക്ക് ഈ പാർട്ടികൾ തലവേദനയുമാണ്. ഇടതിന്റെ സ്വതന്ത്ര തന്ത്രം ലീഗ് കോട്ടകളിൽ വിള്ളൽ വീഴ്ത്തുമോ എന്നാണ് ഏവരും ഉറ്റുനോക്കുന്നത്. യു.ഡി.എഫ്. ഭരണത്തിൽ വന്നാലും ഇല്ലെങ്കിലും തങ്ങളുടെ അംഗബലത്തിൽ കുറവുണ്ടാവില്ലെന്നു തെളിയിക്കാൻ ലീഗുകാർ കൈമെയ് മറന്നുള്ള പോരാട്ടത്തിലാണ്. അടിയൊഴുക്കുകൾ നിർണ്ണായകമാണ് എന്നത് ഇക്കുറി ചില മണ്ഡലങ്ങളിലെങ്കിലും ഫലപ്രവചനം അസാദ്ധ്യമാക്കുന്നു.






# ഇടതിന് ജയിച്ചേ തീരൂ

**പലപ്പോഴും നിർണ്ണായകമാവുന്നത് 3,000 വോട്ടിൽ താഴെ വ്യത്യാസത്തിൽ വിജയിയെ തീരുമാനിക്കുന്ന മണ്ഡലങ്ങളാണ്. അവസാന നിമിഷം ഏതു പക്ഷത്തേക്കു വേണമെങ്കിലും ഈ മണ്ഡലങ്ങൾ മറിയാം. ഇത്തരം കടുത്ത മത്സരം നടക്കുന്ന നാലു മണ്ഡലങ്ങളെങ്കിലും കോഴിക്കോടുണ്ട്. യു.ഡി.എഫിന് പ്രതീക്ഷയും എൽ.ഡി.എഫിന് ആശങ്കയും പകരുന്ന ഘടകമാണിത്. ഇവ വലത്തേക്കു മറിഞ്ഞാൽ ഇടതിന് ഭരണം ബാലികേറാമലയാകും**

ഭരണം പിടിക്കണമെന്ന ഇടതുപക്ഷത്തിന്റെ മോഹം യാഥാർത്ഥ്യമാവണമെങ്കിൽ കോഴിക്കോട്ടുകാർ കനിയണം. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതിനെയും വലതിനെയും വരിച്ച ചരിത്രം കോഴിക്കോടിനുണ്ട്. എന്നാൽ, നിയമസഭ –തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പുകളിൽ എന്നും ഇടതിനൊപ്പമാണ് മലബാർ തലസ്ഥാനം. യു.ഡി.എഫിന് കോട്ടയം പോലാണ് എൽ.ഡി.എഫിന് കോഴിക്കോട്. 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ നേടിയ മികച്ച വിജയം 2016ലും ആവർത്തിക്കുമെന്ന് എൽ.ഡി.എഫ്. വിശ്വസിക്കുന്നു. അതേസമയം, 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ നേടാനായ മേൽക്കൈ നിലനിർത്തിയാൽ ചരിത്രം മാറ്റിയെഴുതാനാവുമെന്ന പ്രതീക്ഷയോടെ യു.ഡി.എഫ്. സംവിധാനം എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിക്കുന്നുണ്ട്. എൽ.ഡി.എഫിന്റെ ഒരു സീറ്റ് കുറയ്ക്കാനായാൽത്തന്നെ തങ്ങൾക്കു നേട്ടമാണെന്ന് യു.ഡി.എഫ്. വിലയിരുത്തുന്നു. 2006ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഉണ്ടായിരുന്ന 12 മണ്ഡലങ്ങളിൽ 11 എണ്ണവും തൂത്തുവാരിയ വിജയചരിത്രം എൽ.ഡി.എഫിനുണ്ട്. 2011ൽ മണ്ഡലപുനർനിർണ്ണയത്തിനു ശേഷം ജില്ലയിൽ ഒരു സീറ്റ് കൂടി. പക്ഷേ, എൽ.ഡി.എഫിന് ഒരു സീറ്റ് കുറയുകയാണുണ്ടായത്. 13 നിയമസഭാ മണ്ഡലങ്ങളിൽ 10 ഇടതിന്. യു.ഡി.എഫിന്റെ അക്കൗണ്ടിലെത്തിയ മൂന്നു സീറ്റും മുസ്ലിം ലീഗിൻേറതായിരുന്നു. സംസ്ഥാനത്തെ ഭരണമുന്നണിയിലെ മുഖ്യ കക്ഷിയായ കോൺഗ്രസ്സിന് ഒരു സീറ്റു പോലും ജയിക്കാനാവാത്ത ജില്ലയുടെ പട്ടികയിൽ കോഴിക്കോടും അണിചേർന്നു. കൊല്ലം, ഇടുക്കി, കാസർകോട് എന്നിവയാണ് കോൺഗ്രസ്സിന് നാണക്കേടുണ്ടാക്കിയ മറ്റു ജില്ലകൾ. 2104ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ 10 നിയമസഭാ മണ്ഡലങ്ങളിലും യു.ഡി.എഫ്. ആയിരുന്നു മുന്നിൽ. എൽ.ഡി.എഫ്. മുന്നിലെത്തിയ മൂന്നു മണ്ഡലങ്ങളിൽ കുന്ദമംഗലത്തെ ലീഡ് വെറും 220 വോട്ടായിരുന്ന താനും. 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷം ശക്തമായി തിരിച്ചുവന്നു. ജില്ലാ പഞ്ചായത്തിൽ 16 സീറ്റുകൾ നേടി എൽ.ഡി.എഫ്. ഭരണം പിടിച്ചപ്പോൾ യു.ഡി.എഫിന് 11 സീറ്റുകളാണ് കിട്ടിയത്. തിളക്കമാർന്ന വിജയത്തോടെ കോഴിക്കോട് കോർപ്പറേഷൻ ഭരണം നിലനിർത്താനായതും എൽ.ഡി.എഫിന് നേട്ടമായി. 48 വാർഡുകൾ എൽ.ഡി.എഫിന് കിട്ടിയപ്പോൾ യു.ഡി.എഫിന് അതിന്റെ പകുതിയിൽ താഴെ മാത്രം –20. ഏഴു വാർഡുകൾ നേടിയ ബി.ജെ.പിയും സാന്നിദ്ധ്യമറിയിച്ചു.


കെ.കെ.രമ

2006ലെ നിയമസഭാ തിരഞ്ഞെടുപ്പിനു ശേഷമുണ്ടായ രാഷ്ട്രീയ മാറ്റങ്ങൾ കോഴിക്കോട് ജില്ലയിൽ എൽ.ഡി.എഫിന് ക്ഷീണം വരുത്തിയിരുന്നു. എൽ.ഡി.എഫിലെ ഘടകകക്ഷിയായ ജനതാദൾ–എസ് നെടുകെ പിളർന്ന് എം.പി.വീരേന്ദ്രകുമാറിന്റെ നേതൃത്വത്തിലുള്ള വിഭാഗം സോഷ്യലിസ്റ്റ് ജനതയ്ക്ക് രൂപം നൽകി യു.ഡി.എഫ്. ചേരിയിലെത്തി. ഇത് പ്രധാനമായും ബാധിച്ചത് വടകര മേഖലയിലാണ്. സി.പി.എം. വിട്ട ടി.പി.ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടിക്ക് രൂപം നൽകിയതും വടകര മേഖലയിൽ എൽ.ഡി.എഫിന് ക്ഷീണമായി. യു.ഡി.എഫ്. അധികാരത്തിലേറി ഒരു വർഷം തികഞ്ഞപ്പോൾ ചന്ദ്രശേഖരൻ ദാരുണമായി കൊല്ലപ്പെട്ടു. 51 വെട്ടേറ്റ് ടി.പി. മരിച്ചതിന്റെ ആഘാതം ആയിരക്കണക്കിനു വെട്ടുകളായി സി.പി.എമ്മിനു മേൽ പതിക്കുന്നതാണ് പിന്നീട് കണ്ടത്. നെയ്യാറ്റിൻകര ഉപതിരഞ്ഞെടുപ്പിൽ സി.പി.എമ്മിന് അടിതെറ്റാൻ ഒരു കാരണം ടി.പിയുടെ കൊലപാതകമായിരുന്നു. നേരിയ ഭൂരിപക്ഷവുമായി അധികാരത്തിലേറിയ ഉമ്മൻചാണ്ടി സർക്കാരിന് അഞ്ചു വർഷം തികയ്ക്കാൻ അവസരമൊരുക്കിയത് ടി.പി.ചന്ദ്രശേഖരന്റെ രക്തസാക്ഷിത്വമാണെന്നു വേണമെങ്കിൽ പറയാം. പക്ഷേ, സി.പി.എം. തെറ്റുകൾ തിരുത്തിത്തുടങ്ങിയിരിക്കുന്നു, അല്ലെങ്കിൽ അങ്ങനൊരു ധാരണ ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്നു. തുടർച്ചയായ തിരിച്ചടികൾക്കൊടുവിൽ തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിലുണ്ടായ തിരിച്ചുവരവ് അതാണ് കാണിച്ചത്. യു.ഡി.എഫിനെ ആശങ്കയിലാക്കുന്നതും അതു തന്നെയാണ്.

ജീവിച്ചിരിപ്പില്ലെങ്കിലും ടി.പി.ചന്ദ്രശേഖരന്റെ സാന്നിദ്ധ്യം വടകര മേഖലയിൽ പ്രകടമാണ്. ചന്ദ്രശേഖരന്റെ ഭാര്യ കെ.കെ.രമ ആർ.എം.പി. സ്ഥാനാർത്ഥിയായി വടകരയിൽ മത്സരിക്കുന്നു. ചന്ദ്രശേഖരൻ മരിച്ചാലും പാർട്ടിയുടെ കരുത്ത് അല്പം പോലും കുറഞ്ഞിട്ടില്ലെന്നു തെളിയിക്കാനുള്ള പോരാട്ടം. എൽ.ഡി.എഫിലും യു.ഡി.എഫിലുമായി നിൽക്കുന്ന രണ്ട് ജനതാദളുകൾ മുഖാമുഖം വരുന്ന മത്സരമാണ് വടകരയുടെ സവിശേഷത. എൽ.ഡി.എഫിൽ സിറ്റിങ് എം.എൽ.എയും മുൻ മന്ത്രിയുമായ സി.കെ.നാണു ജെ.ഡി.എസ്. സ്ഥാനാർത്ഥിയാവുമ്പോൾ യു.ഡി.എഫിൽ ജെ.ഡി.യു. ജില്ലാ പ്രസിഡൻറ് മനയത്ത് ചന്ദ്രനാണ് എതിരാളി. കഴിഞ്ഞ തവണ ജെ.ഡി.യു. സ്ഥാനാർത്ഥിയായിരുന്ന എം.കെ.പ്രേംനാഥിനെതിരെ നാണുവിനെ സഹായിച്ചുവെന്ന് പാർട്ടിക്കകത്തു നിന്നു തന്നെ ആരോപണം നേരിട്ടയാളാണ് ചന്ദ്രൻ. ഇത്തവണ പ്രേംനാഥ് കണക്കുതീർക്കാനിറങ്ങിയാൽ കഴിഞ്ഞ തവണ 847 വോട്ടുകൾക്ക് കടന്നുകൂടിയ നാണുവിന് വീണ്ടും കാര്യങ്ങൾ എളുപ്പമാവും. ബി.ജെ.പിയിൽ നിന്ന് എം.രാജേഷ് കുമാർ കൂടിയാവുമ്പോൾ വടകരയിൽ ചതുഷ്കോണ മത്സരമാണ്. കുറ്റ്യാടിയിൽ സിറ്റിങ് എം.എൽ.എ. സി.പി.എമ്മിലെ കെ.കെ.ലതികയെ നേരിടുന്നത് മുസ്ലിം ലീഗിലെ പാറക്കൽ അബ്ദുള്ളയാണ്. രാമദാസ് മണലേരിയാണ് ബി.ജെ.പി. സ്ഥാനാർത്ഥി. ലതികയുടെ സാന്നിദ്ധ്യം ടി.പി.ചന്ദ്രശേഖരനെ യു.ഡി.എഫ്. പ്രചാരണത്തിലൂടെ കുറ്റ്യാടിയിലുമെത്തിക്കുന്നു. ചന്ദ്രശേഖരന്റെ കൊലപാതകത്തിൽ ആദ്യം പ്രതി ചേർക്കപ്പെടുകയും പിന്നീട് കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്ത സി.പി.എം. നേതാവ് പി.മോഹനന്റെ ഭാര്യയാണ് ലതിക. മോഹനൻ ഇന്ന് സി.പി.എം. കോഴിക്കോട് ജില്ലാ സെക്രട്ടറിയാണ്. അതിനാൽത്തന്നെ കുറ്റ്യാടിയിൽ തോൽവി എൽ.ഡി.എഫിന് സ്വീകാര്യമല്ല.


പ്രദീപ് കുമാർ


മുനീർ


കെ.കെ.ലതിക

നാദാപുരത്ത് സി.പി.ഐയുടെ സിറ്റിങ് എം.എൽ.എയായ ഇ.കെ.വിജയന്റെ രണ്ടാമങ്കമാണ്. യു.ഡി.എഫിനു വേണ്ടി കന്നിയങ്കം കുറിക്കുന്ന കെ.പി.സി.സി. ജനറൽ സെക്രട്ടറി കെ.പ്രവീൺകുമാറാണ് എതിരാളി. ബി.ജെ.പി. മേഖലാ സെക്രട്ടറി എം.പി.രാജൻ എൻ.ഡി.എയ്ക്കു വേണ്ടി പട നയിക്കുന്നു. കൊയിലാണ്ടിയിൽ സിറ്റിങ് എം.എൽ.എ. സി.പി.എമ്മിലെ കെ.ദാസനെയാണ് എൽ.ഡി.എഫ്. വീണ്ടും രംഗത്തിറക്കിയിരിക്കുന്നത്. 10 വർഷം തുടർച്ചയായി കൊയിലാണ്ടി നഗരസഭാ ചെയർമാനായിരുന്ന ദാസൻ രണ്ടാം തവണയാണ് നിയമസഭയിലേക്ക് മത്സരിക്കുന്നത്. യു.ഡി.എഫിനു വേണ്ടി കെ.പി.സി.സി. ജനറൽ സെക്രട്ടറിയും ജനശ്രീ മിഷൻ ജില്ലാ ചെയർമാനുമായ എൻ.സുബ്രഹ്മണ്യൻ കന്നിയങ്കത്തിനിറങ്ങിയിരിക്കുന്നു. സുബ്രഹ്മണ്യന്റെ സ്ഥാനാർഥിത്വത്തിനെതിരെ ഒരു വിഭാഗത്തിന്റെ പരസ്യ പ്രതിഷേധം ഉയർന്നത് യു.ഡി.എഫിന് തലവേദനയാണ്. കോൺഗ്രസ്സിന് വേരോട്ടമുള്ള മണ്ഡലമാണ് കൊയിലാണ്ടിയെങ്കിലും വിഭാഗീയത വിനയാവുകയാണ് പതിവ്. കെ.രജിനേഷ് ബാബുവാണ് ബി.ജെ.പി.സ്ഥാനാർത്ഥി. 2001ൽ പേരാമ്പ്രയെ നിയമസഭയിൽ പ്രതിനിധീകരിച്ച സി.പി.എമ്മിലെ ടി.പി.രാമകൃഷ്ണനെയാണ് ഇക്കുറി ഇടതുമുന്നണി വീണ്ടും അങ്കത്തിനിറക്കിയത്. സിറ്റിങ് എം.എൽ.എ. സി.പി.എമ്മിലെ കെ.കുഞ്ഞഹമ്മദ് മത്സരരംഗത്തില്ല. കഴിഞ്ഞ തവണ ഇവിടെ മത്സരിച്ചു തോറ്റ കേരള കോൺഗ്രസ് –എം നേതാവ് മുഹമ്മദ് ഇഖ്ബാൽ യു.ഡി.എഫിനായി വീണ്ടും ജനവിധി തേടുന്നു. എൻ.ഡി.എയുടെ സ്ഥാനാർത്ഥി ബി.ഡി.ജെ.എസ്സിന്റെ കെ.സുകുമാരൻ നായരാണ്. മൂന്നു പതിറ്റാണ്ടിലധികമായി ഇടതുമുന്നണിയുടെ കുത്തകയാണ് പേരാമ്പ്ര.

ബാലുശ്ശേരിയിൽ സി.പി.എമ്മിലെ പുരുഷൻ കടലുണ്ടിയാണ് ഇത്തവണയും എൽ.ഡി.എഫ്. സ്ഥാനാർഥി. കഴിഞ്ഞ പാർലമെൻറ് തിരഞ്ഞെടുപ്പിൽ ലഭിച്ച നേരിയ ലീഡ് നിലനിർത്തി മണ്ഡലം അട്ടിമറിക്കാമെന്ന പ്രതീക്ഷയിലാണ് മുസ്ലിം ലീഗ് കുന്ദമംഗലത്തിന് പകരം ബാലുശ്ശേരി ഏറ്റെടുത്തത്. അതിനായി യു.സി.രാമനെയും ലീഗ് കുന്ദമംഗലത്തു നിന്ന് ബാലുശ്ശേരിയിലെത്തിച്ചിരിക്കുന്നു. യു.ഡി.എഫ്. സ്വതന്ത്രനായിട്ടാണ് അവതാരം. 2006ൽ ജില്ല മുഴുവൻ എൽ.ഡി.എഫ്. തരംഗമുണ്ടായപ്പോൾ കുന്ദമംഗലത്ത് ലീഗിന് വിജയം സമ്മാനിച്ച് മാനംകാത്ത രാമനിലൂടെ ബാലുശ്ശേരി പിടിക്കാമെന്നാണ് അവരുടെ വിശ്വാസം. എന്നാൽ, ജനകീയനായ പുരുഷൻ കടലുണ്ടിയുടെ ഭൂരിപക്ഷം വർദ്ധിപ്പിക്കാൻ വേണ്ടി മാത്രമാണ് തങ്ങളുടെ പ്രവർത്തനമെന്ന് എൽ.ഡി.എഫ്. ആത്മ




**മുസ്ലിം ലീഗ് കൊടുവള്ളി നിയോജകമണ്ഡലം ജനറൽ സെക്രട്ടറിയായിരിക്കെ ഇത്തവണ സ്ഥാനാർഥി പ്രഖ്യാപനത്തിൽ പ്രതിഷേധിച്ച് പാർട്ടി സ്ഥാനം രാജിവെച്ച കാരാട്ട് റസാഖിനെ എൽ.ഡി.എഫ്. ഏറ്റെടുത്ത് സ്വതന്ത്ര സ്ഥാനാർത്ഥിയാക്കി. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡൻറായ കാരാട്ട് റസാഖിനും നിയമസഭയിലേക്കിത് കന്നി മത്സരം. ബി.ജെ.പിക്കായി സംവിധായകൻ അലി അക്ബർ മത്സരിക്കുന്നു. ലീഗുകാരായ റസാഖുമാരുടെ മുഖാമുഖ പോരാട്ടം മത്സരത്തെ വേറൊരു തലത്തിലേക്കെത്തിച്ചിട്ടുണ്ട്**

വിശ്വാസത്തോടെ പറയുന്നു. മുൻ ഡി.ഡി.ഇ. പി.കെ. സുപ്രനാണ് ബി.ജെ.പി. സ്ഥാനാർഥി. എലത്തൂരിൽ എൻ.സി.പി.യുടെ സിറ്റിങ് എം.എൽ.എ. എ.കെ.ശശീന്ദ്രൻ തന്നെയാണ് എൽ.ഡി.എഫ്. സ്ഥാനാർഥി. കോഴിക്കോട് കോർപ്പറേഷൻ മുൻ ഡെപ്യൂട്ടി മേയറും ഇപ്പോൾ കൗൺസിലറുമായ പി.കിഷൻചന്ദ് ഇവിടെ ജെ.ഡി.യുവിനു വേണ്ടി യു.ഡി.എഫിൽ നിൽക്കുന്നു. ബി.ജെ.പി. ഉത്തരമേഖലാ പ്രസിഡൻറ് വി.വി.രാജനെയാണ് എൻ.ഡി.എ. രംഗത്തിറക്കിയിട്ടുള്ളത്.

ജനകീയപ്രശ്നം എവിടെയുണ്ടായാലും അതിലിടപെട്ട് പരിഹാരം കാണുന്ന ജനകീയൻ എന്ന പരിവേഷവുമായി നിൽക്കുന്ന എ.പ്രദീപ്കുമാർ മൂന്നാം തവണയും കോഴിക്കോട് നോർത്തിൽ സി.പി.എം. സ്ഥാനാർത്ഥിയാവുന്നു. അദ്ദേഹത്തിനു നേരിടാനുള്ളത് ത്രികോണ മത്സരമാണ്. മികച്ച എം.എൽ.എ. എന്നു പേരെടുത്ത പ്രദീപ് ടെലിവിഷൻ ചർച്ചകളിലെ സ്ഥിരം സാന്നിദ്ധ്യമാണെന്നതും എൽ.ഡി.എഫിന് കാര്യങ്ങൾ എളുപ്പമാക്കുന്നു. 10 വർഷം മുമ്പ് കൈവിട്ടുപോയ മണ്ഡലം തിരിച്ചുപിടിക്കാൻ കോൺഗ്രസ് രംഗത്തിറക്കിയിരിക്കുന്നത് കോഴിക്കോട് കോർപ്പറേഷൻ കൗൺസിലറും പാർട്ടി ലീഡറുമായ പി.എം.സുരേഷ്ബാബുവിനെ. തലമുതിർന്ന നേതാവ് കെ.പി.ശ്രീശനെ രംഗത്തിറക്കിയ ബി.ജെ.പിയും ശക്തമായ രംഗത്തുണ്ട്. കോർപ്പറേഷനിൽ ഏഴു വാർഡുകൾ നേടിയതിന്റെ മെച്ചം പരമാവധി മുന്നോട്ടുനീക്കാൻ അവരും ശ്രമിക്കുമ്പോൾ മത്സരം പൊടിപാറുന്നു. കോഴിക്കോട് സൗത്തിൽ മുസ്ലിം ലീഗ് സിറ്റിങ് എം.എൽ.എയായ മന്ത്രി ഡോ.എം.കെ. മുനീറാണ് യു.ഡി.എഫ്. സ്ഥാനാർഥി. ഐ.എൻ.എല്ലിലെ പ്രൊഫ.എ.പി.അബ്ദുൾ വഹാബിനെ രംഗത്തിറക്കി മണ്ഡലം പിടിക്കാൻ കച്ച കെട്ടിയിരിക്കുകയാണ് എൽ.ഡി.എഫ്. 2006ൽ ഐ.എൻ.എല്ലിലെ പി.എം.എ.സലാം ഇവിടെ വിജയിച്ചിട്ടുണ്ടെന്നത് എൽ.ഡി.എഫിന് ആത്മവിശ്വാസം പകരുന്ന ഘടകമാണ്. നല്ല കോഴിക്കോട്ടുകാരൻ എന്ന ഹാഷ് ടാഗുമായി മത്സരിക്കുന്ന മുനീറിന് എൽ.ഡി.എഫിനെക്കാൾ അലോസരമുണ്ടാക്കുന്നത് എ.കെ.സാജൻ എന്ന സ്വതന്ത്ര സ്ഥാനാർത്ഥിയുടെ സാന്നിദ്ധ്യമാണ്. മുനീറിന്റെ ഉടമസ്ഥതയിലുള്ള ഇന്ത്യാവിഷൻ വാർത്താ ചാനലിലെ ഡ്രൈവറാണ് സാജൻ. ഇന്ത്യാവിഷൻ ജീവനക്കാരുടെ ശമ്പളം മാസങ്ങളോളം കുടിശ്ശിക ആക്കിയതിനും ഒരുറപ്പും നൽകാതെ സ്ഥാപനം പൂട്ടിയിട്ടിരിക്കുന്നതിനുമെതിരെ പ്രതീകാത്മകമായാണ് സാജന്റെ മത്സരം. ജയിക്കാനല്ല താൻ മത്സരിക്കുന്നതെന്ന പ്രഖ്യാപനവുമായി നല്ല തൊഴിലാളിക്ക് ഒരു വോട്ട് എന്ന ബദൽ ഹാഷ്ടാഗ് അവതരിപ്പിച്ച സാജൻ സമൂഹമാധ്യമങ്ങളിൽ താരമാണ്. ടെലിവിഷൻ സംപ്രേഷണത്തിനുപയോഗിക്കുന്ന ഡിഷ് ആൻറിന തന്നെ ചിഹ്നമായി ചോദിച്ചു വാങ്ങി സാജൻ നടത്തുന്ന പ്രചാരണം യു.ഡി.എഫിന് ഭീഷണിയാകുന്നുണ്ട്. തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്കുണ്ടായ വളർച്ച നിലനിർത്തുക എന്നതാണ് ഇവിടെ ബി.ഡി.ജെ.എസ്. സ്ഥാനാർത്ഥി സതീഷ് കുറ്റിയിലിന്റെ ചുമതല.


യു.സി.രാമൻ


സി.കെ.നാണു


എ.കെ.സാജൻ

ബേപ്പൂരിൽ സിറ്റിങ് എം.എൽ.എ. സി.പി.എമ്മിലെ എളമരം കരീം വഴിമാറിയപ്പോൾ 10 വർഷത്തെ ഇടവേളയ്ക്കു ശേഷം വി.കെ.സി.മമ്മദ്കോയ സ്ഥാനാർത്ഥിയായി തിരിച്ചെത്തി. കോഴിക്കോട് കോർപ്പറേഷൻ മേയറായ മമ്മദ്കോയ രണ്ടാം തവണയാണ് നിയമസഭയിലേക്ക് മത്സരിക്കുന്നത്. 2001ൽ ബേപ്പൂരിൽ നിന്ന് ജയിച്ച അദ്ദേഹം എം.എൽ.എ. ആയിരുന്നു. കോൺഗ്രസ്സിലെ എം.പി.ആദം മുൽസിക്ക് ഇത് ബേപ്പൂരിൽ രണ്ടാമങ്കമാണ്. കഴിഞ്ഞ തവണ മത്സരിച്ചുവെങ്കിലും എളമരം കരീമിനോട് തോൽക്കാനായിരുന്നു വിധി. കെ.പി.പ്രകാശബാബു ബി.ജെ.പി. സ്ഥാനാർത്ഥിയായി മത്സരിക്കുന്നു. ആദം മുൽസിയുടെ തിരഞ്ഞെടുപ്പ് കൺവെൻഷനിൽ ഡി.സി.സി. പ്രസിഡൻറ് കെ.സി.അബു നടത്തിയ വർഗീയ പരാമർശം തിരഞ്ഞെടുപ്പ് കമ്മീഷന്റെ പരസ്യശാസനയ്ക്കു വിധേയമായിരുന്നു. പ്രചാരണവേളയിൽ ഇതും ചർച്ചാവിഷയമായിട്ടുണ്ട്. മുസ്ലിം ലീഗിൽ നിന്നിറങ്ങി ഇടതുപക്ഷത്തെ തലയെടുപ്പുള്ള എം.എൽ.എ ആയി മാറിയ പി.ടി.എ.റഹീം കുന്ദമംഗലം സീറ്റ് നിലനിർത്താനുള്ള പോരാട്ടത്തിലാണ്. നാഷണൽ സെക്കുലർ കോൺഫറൻസിന്റെ പ്രസിഡൻറാണ് റഹീം. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഏറ്റവും അടുത്ത വിശ്വസ്തരിൽ ഒരാളായി വിലയിരുത്തപ്പെടുന്ന ടി.സിദ്ദിഖ് ഇവിടെ യു.ഡി.എഫ്. സ്ഥാനാർത്ഥിയാണ്. മുൻ സംസ്ഥാന പ്രസിഡൻറ് സി.കെ.പത്മനാഭനെ രംഗത്തിറക്കി ബി.ജെ.പിയും ശക്തമായ മത്സരം കാഴ്ചവെയ്ക്കുന്നുണ്ട്.

മുസ്ലിം ലീഗും വിമതനും ഏറ്റുമുട്ടുന്ന കൊടുവള്ളിയിലെ മത്സരം സംസ്ഥാനത്തിന്റെയാകെ ശ്രദ്ധ

നേടിക്കഴിഞ്ഞു. മുസ്ലിം ലീഗിന്റെ സിറ്റിങ് സീറ്റായ കൊടുവള്ളിയിൽ ജില്ലാസെക്രട്ടറി എം.എ.റസാഖാണ് പോരിനിറങ്ങുന്നത്. അദ്ദേഹത്തിനിത് കന്നി മത്സരമാണ്. കൊടുവള്ളിയിലെ എം.എൽ.എ. വി.എം.ഉമ്മർ ഇക്കുറി തിരുവമ്പാടിയിലേക്കു മാറി. മുസ്ലിം ലീഗ് കൊടുവള്ളി നിയോജകമണ്ഡലം ജനറൽ സെക്രട്ടറിയായിരിക്കെ ഇത്തവണ സ്ഥാനാർഥി പ്രഖ്യാപനത്തിൽ പ്രതിഷേധിച്ച് പാർട്ടി സ്ഥാനം രാജിവെച്ച കാരാട്ട് റസാഖിനെ എൽ.ഡി.എഫ്. ഏറ്റെടുത്ത് സ്വതന്ത്ര സ്ഥാനാർത്ഥിയാക്കി. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡൻറായ കാരാട്ട് റസാഖിനും നിയമസഭയിലേക്കിത് കന്നി മത്സരം. ബി.ജെ.പിക്കായി സംവിധായകൻ അലി അക്ബർ മത്സരിക്കുന്നു. ലീഗുകാരായ റസാഖുമാരുടെ മുഖാമുഖ പോരാട്ടം മത്സരത്തെ വേറൊരു തലത്തിലേക്കെത്തിച്ചിട്ടുണ്ട്. സ്ഥാനാർഥി നിർണയം കൊണ്ട് തുടക്കത്തിൽ തന്നെ യു.ഡി.എഫിൽ കല്ലുകടിയുണ്ടാക്കിയ തിരുവമ്പാടി ഇത്തവണ ആരെ തുണയ്ക്കുമെന്നത് പ്രവചനാതീതമായി നിലകൊള്ളുന്നു. മുസ്ലി ലീഗിന്റെ ഈ സിറ്റിങ് സീറ്റ് തങ്ങൾക്കു വേണമെന്ന കോൺഗ്രസ് ശഠിച്ചതാണ് പ്രശ്നമായത്. താമരശ്ശേരി രൂപതയ്ക്കു താല്പര്യമുള്ള സ്ഥാനാർത്ഥിയെ മത്സരിപ്പിക്കാനായിരുന്നു കോൺഗ്രസ് നീക്കമെങ്കിലും ലീഗ് വഴങ്ങിയില്ല. വി.എം.ഉമ്മറിനെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ച് അവർ പ്രവർത്തനങ്ങളുമായി മുന്നോട്ടു നീങ്ങി. കോൺഗ്രസ് ആഭിമുഖ്യമുള്ള കുടിയേറ്റ കർഷകർ സിബി വയലിലിനെ സ്വതന്ത്ര സ്ഥാനാർത്ഥിയാക്കി രംഗത്തുണ്ട്. സി.പി.എമ്മിന്റെ മുൻ എം.എൽ.എ. ജോർജ്ജ് എം.തോമസ് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി വരുമ്പോൾ ബി.ഡി.ജെ.എസ്സിലെ ഗിരി പാമ്പനാലാണ് എൻ.ഡി.എ. സ്ഥാനാർത്ഥി.

നിയമസഭാ തിരഞ്ഞെടുപ്പിൽ പലപ്പോഴും നിർണ്ണായകമാവുന്നത് 3,000 വോട്ടിൽ താഴെ വ്യത്യാസത്തിൽ വിജയിയെ തീരുമാനിക്കുന്ന മണ്ഡലങ്ങളാണ്. അവസാന നിമിഷം ഏതു പക്ഷത്തേക്കു വേണമെങ്കിലും ഈ മണ്ഡലങ്ങൾ മറിയാം. ഇത്തരം കടുത്ത മത്സരം നടക്കുന്ന നാലു മണ്ഡലങ്ങളെങ്കിലും കോഴിക്കോടുണ്ട്. യു.ഡി.എഫിന് പ്രതീക്ഷയും എൽ.ഡി.എഫിന് ആശങ്കയും പകരുന്ന ഘടകമാണിത്. ഇവ വലത്തേക്കു മറിഞ്ഞാൽ ഇടതിന് ഭരണം ബാലികേറാമലയാകും.

# വലതുകോട്ട പൊളിയുമോ?



**കല്പറ്റയിൽ എന്തു സംഭവിക്കും? ഏവരും ഉറ്റുനോക്കുന്ന മണ്ഡലമാക്കി കല്പറ്റയെ മാറ്റിയത് സി.കെ.ശശീന്ദ്രന്റെ സ്ഥാനാർത്ഥിത്വമാണ്. സമൂഹമാധ്യമങ്ങളിൽ ഏറ്റവുമധികം വോട്ടഭ്യർത്ഥിക്കപ്പെടുന്ന സ്ഥാനാർത്ഥികളിലൊരാൾ ഈ മനുഷ്യനാണ്. അതു ചെയ്യുന്നവരിൽ മഹാഭൂരിപക്ഷവും കല്പറ്റക്കാരല്ല. ശശീന്ദ്രനെ കണ്ടിട്ടുപോലുമുള്ളവരല്ല. സംശുദ്ധ രാഷ്ട്രീയത്തിന്റെ പ്രതീകമെന്ന നിലയിൽ അവർ ശശീന്ദ്രനെ പിന്തുണയ്ക്കുന്നു**

യു.ഡി.എഫ്. കോട്ടയാണ് വയനാട്. അത് ഇത്തവണ പൊളിയുമോ എന്നാണ് ഇത്തവണ ഏവരും നോക്കുന്നത്. പ്രതീക്ഷയുടെ കാര്യത്തിൽ ബി.ജെ.പിയും ഒട്ടും പിന്നിലല്ല. വയനാട്ടിൽ മൂന്ന്ബ നിയമസഭാ മണ്ഡലങ്ങളാണുള്ളത്- കല്പറ്റ, സുൽത്താൻബത്തേരി, മാനന്തവാടി. അതിൽ പൊതുവിഭാഗത്തിൽ കല്പറ്റ മാത്രം. മറ്റു രണ്ടു മണ്ഡലങ്ങൾ പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. പൂർണ്ണമായി യു.ഡി.എഫിനെ കൈവിട്ട ചരിത്രമുണ്ട് വയനാടിന് –2006ൽ. കല്പറ്റയിൽ ജനതാദൾ –എസ്സിലെ എം.വി.ശ്രേയാംസ് കുമാറും സുൽത്താൻ ബത്തേരിയിൽ സി.പി.എമ്മിലെ പി.കൃഷ്ണപ്രസാദും മാനന്തവാടിയിൽ സി.പി.എമ്മിലെ തന്നെ കെ.സി.കുഞ്ഞിരാമനും വിജയിച്ചു. 2011ൽ ചിത്രം നേരെ തിരിഞ്ഞു. മറ്റു പല ഘടകങ്ങൾക്കൊപ്പം ജനതാദൾ –എസ്സിലുണ്ടായ പിളർപ്പും എൽ.ഡി.എഫിനെ ബാധിച്ചു. കല്പറ്റയിൽ ശ്രേയാംസ് തന്നെ ജയിച്ചുവെങ്കിലും എസ്.ജെ.ഡിയിലൂടെ യു.ഡി.എഫിലെത്തിയിരുന്നു. ബത്തേരിയും മാന്തവാടിയും കോൺഗ്രസ്സിന്റെ കൈയിലായി. ബത്തേരിയിൽ ഐ.സി.ബാലകൃഷ്ണനും മാനന്തവാടിയിൽ മന്ത്രി പി.കെ.ജയലക്ഷ്മിയും. 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ചിത്രം മാറി. ബത്തേരിയിലും മാനന്തവാടിയിലും എൽ.ഡി.എഫ്. 8,500ലധികം വോട്ടുകളുടെ ലീഡ് പിടിച്ചു. യു.ഡി.എഫിന് മേൽക്കൈ നിലനിർത്താനായത് കല്പറ്റയിൽ മാത്രം, അതും 1,880 വോട്ടുകൾക്ക്. ബി.ജെ.പി. മാനന്തവാടിയിൽ 12,950ഉം സുൽത്താൻ ബത്തേരിയിൽ 18,918ഉം കല്പറ്റയിൽ 12,824ഉം വോട്ടുകൾ സ്വന്തമാക്കി വളർച്ചാസൂചന നൽകി. 2015ലെ തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിലും യു.ഡി.എഫ്. കോട്ടകളിൽ എൽ.ഡി.എഫ്. വിള്ളൽ വീഴ്ത്തി. പുതിയതായി രൂപംകൊണ്ട സുൽത്താൻ ബത്തേരി, മാനന്തവാടി നഗരസഭകളും സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തും ബഹുഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളും സ്വന്തമാക്കാൻ എൽ.ഡി.എഫിനു കഴിഞ്ഞു.



സി.കെ.ജാനു



ജയലക്ഷ്മി

2010ൽ വെറും മൂന്ന് ഗ്രാമപ്പഞ്ചായത്തുകളിൽ മാത്രമാണ് ഇടതിന് ഭരണസാരഥ്യമുണ്ടായിരുന്നതെന്ന് പ്രത്യേകം പറയണം. അപ്പോഴും ജില്ലാ പഞ്ചായത്തും കല്പറ്റ നഗരസഭയും കല്പറ്റ, മാനന്തവാടി, പനമരം ബ്ലോക്ക് പഞ്ചായത്തുകളും യു.ഡി.എഫിനൊപ്പം നിന്നു. ബി.ജെ.പിയും നില മെച്ചപ്പെടുത്തി.


2014ൽ തുടങ്ങിയ പരിശ്രമം 2016ൽ പരിപൂർണ്ണ വിജയത്തിലെത്തിക്കാനാണ് എൽ.ഡി.എഫ്. ശ്രമം. അതിനാൽത്തന്നെ വലതു കോട്ടയിൽ പോരാട്ടത്തിന് മുമ്പെങ്ങുമില്ലാത്ത ചൂട്. ഇരു മുന്നണികളിലും സ്ഥാനാർത്ഥി നിർണ്ണയം വലിയ അസ്വാരസ്യങ്ങളുണ്ടാക്കാത്ത ജില്ലയാണ് വയനാട്. യു.ഡി.എഫിനു വേണ്ടി മൂന്നു മണ്ഡലങ്ങളിലും കച്ച മുറുക്കുന്നത് സിറ്റിങ് എം.എൽ.എമാർ തന്നെ. ഇടതു മുന്നണിയിൽ നിന്ന് മൂന്നു സീറ്റുകളിലും മത്സരിക്കുന്നത് സി.പി.എം. സ്ഥാനാർത്ഥികളാണ്. കല്പറ്റയിൽ സി.പി.എം. ജില്ലാ സെക്രട്ടറി സി.കെ.ശശീന്ദ്രൻ തന്നെ നേരിട്ടിറങ്ങിയിരിക്കുന്നു. ജനാധിപത്യ രാഷ്ട്രീയ സഭ എന്ന പുതിയ പാർട്ടിയുമായി എൻ.ഡി.എ. മുന്നണിയിൽ ചെന്നു കയറിയ മുത്തങ്ങയുടെ സമരനായിക സി.കെ.ജാനു സുൽത്താൻ ബത്തേരിയിലെ മത്സരം അക്ഷരാർത്ഥത്തിൽ ത്രികോണമാക്കിയിട്ടുണ്ട്.

കല്പറ്റയിൽ എന്തു സംഭവിക്കും? ഏവരും ഉറ്റുനോക്കുന്ന മണ്ഡലമാക്കി കല്പറ്റയെ മാറ്റിയത് സി.കെ.ശശീന്ദ്രന്റെ സ്ഥാനാർത്ഥിത്വമാണ്. സമൂഹമാധ്യമങ്ങളിൽ ഏറ്റവുമധികം വോട്ടഭ്യർത്ഥിക്കപ്പെടുന്ന സ്ഥാനാർത്ഥികളിലൊരാൾ ഈ മനുഷ്യനാണ്. അതു ചെയ്യുന്നവരിൽ മഹാഭൂരിപക്ഷവും കല്പറ്റക്കാരല്ല. ശശീന്ദ്രനെ കണ്ടിട്ടുപോലുമുള്ളവരല്ല. സംശുദ്ധ രാഷ്ട്രീയത്തിന്റെ പ്രതീകമെന്ന നിലയിൽ അവർ ശശീന്ദ്രനെ പിന്തുണയ്ക്കുന്നു. കല്പറ്റയിൽ രണ്ടു രാഷ്ട്രീയ പാരമ്പര്യങ്ങളാണ് മാറ്റുരയ്ക്കുന്നത്. തോട്ടം തൊഴിലാളികളുടെയും ആദിവാസികളുടെയും അവകാശപ്പോരാട്ടങ്ങളുടെ മുന്നണിപ്പോരാളിയായ ശശീന്ദ്രനും വികസനത്തിന്റെ പുത്തൻ തലമുറ രാഷ്ട്രീയത്തെ പ്രതിനിധാനം ചെയ്യുന്നുവെന്നു പറയപ്പെടുന്ന ശ്രേയാംസ് കുമാറും തീർത്തും വ്യത്യസ്ത ധ്രുവങ്ങളിൽ നിൽക്കുന്നവർ. രാഷ്ട്രീയ വോട്ടുകളുടെ കാര്യത്തിൽ യു.ഡി.എഫിന് മേൽക്കൈയുള്ള മണ്ഡലത്തിൽ ജനകീയ ബന്ധങ്ങളുടെ അടിത്തറയിൽ നിന്ന് രാഷ്ട്രീയത്തിനതീതമായി ശശീന്ദ്രൻ നടത്തിയ കടന്നുകയറ്റം ശ്രേയാംസിനെ ആശങ്കയിലാക്കിയിട്ടുണ്ടെന്നത് സത്യം. കഴിഞ്ഞ മൂന്നു തവണയായി സി.പി.എം. ജില്ലാ സെക്രട്ടറിയായി തുടരുന്ന ശശീന്ദ്രന്റെ ജനകീയതയും ലാളിത്യവും കല്പറ്റയെ പ്രവചനാതീതമായ മത്സരം നടക്കുന്ന മണ്ഡലമാക്കി മാറ്റിയിരിക്കുന്നു. 1965ൽ രൂപം കൊണ്ട കല്പറ്റ മണ്ഡലത്തിൽ നിന്ന് ഇതുവരെ ഒരു സി.പി.എം. സ്ഥാനാർത്ഥി പോലും നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. ശ്രേയാംസിന്റെ ആത്മവിശ്വാസം കുടികൊള്ളുന്നതും ഇതിൽത്തന്നെ. ചരിത്രവും സമീപകാല ചരിത്രവുമെല്ലാം യു.ഡി.എഫിന് അനുകൂലമാണെങ്കിലും നഗ്നപാദനായി നിലത്ത് കാലുറപ്പിച്ചു നടക്കുന്ന, പശുവിനെ കറന്ന് പാൽ അളന്ന് ജീവിക്കുന്ന സാധാരണക്കാരനായ സ്ഥാനാർത്ഥി എൽ.ഡി.എഫിനെ മുന്നോട്ടു നയിക്കുന്നു. ഏറ്റവും നൂതനമായ ആശയങ്ങളുമായി വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്ന ശ്രേയാംസ് കുമാറിന്റെ വിജയം സുനിശ്ചിതമാണെ

ജാനു ബി.ജെ.പിക്കും ബി.ജെ.പി ജാനുവിനും തിരിച്ചടിയാവുമെന്നു പറയുന്ന എൽ.ഡി.എഫ്. തങ്ങളുടെ പരമ്പരാഗത വോട്ടുകൾ സുരക്ഷിതമാണെന്ന് ഉറപ്പിക്കുന്നു. ജാനുവിന്റെ വരവ് ബി.ജെ.പിയുടെ ഈഴവ, ചെട്ടി വോട്ടുകൾ ഭിന്നിപ്പിക്കുമെന്ന് വിലയിരുത്തുന്ന എൽ.ഡി.എഫിന് പക്ഷേ, ഈ വോട്ടുകൾ എങ്ങോട്ടു പോകുമെന്ന വ്യക്തതയില്ല. കൈവശമുള്ള വോട്ടുകൾ ജാനുവും എൻ.ഡി.എയും ഉറപ്പാക്കിയാൽപ്പോലും ചിത്രം വേറൊന്നാവാമെന്ന അവസ്ഥയാണ്

ന്നാണ് യു.ഡി.എഫിന്റെ അവകാശവാദം. കോടികളുടെ വികസന പ്രവർത്തനങ്ങളുടെ കണക്കു നിരത്തിയാണ് സിറ്റിങ് എ.എൽ.എ. വോട്ടു തേടുന്നത്. മണ്ഡലത്തിന്റെ യു.ഡി.എഫ്. അനുകൂല ചരിത്രം മാറ്റിയെഴുതേണ്ട സാഹചര്യമില്ലെന്നും അവർ പറയുന്നു. മുൻ ജില്ലാ പ്രസിഡൻറ് കെ.സദാനന്ദനാണ് ബി.ജെ.പിയുടെ വെല്ലുവിളിയുമായി രംഗത്തുള്ളത്.


ശ്രേയാംസ് കുമാർ


ശശീന്ദ്രൻ


രുക്മിണി സുബ്രഹ്മണ്യൻ

സുൽത്താൻ ബത്തേരിയിൽ തുടർവിജയം തേടുന്ന കോൺഗ്രസ്സിന്റെ ഐ.സി.ബാലകൃഷ്ണനെ വീഴ്ത്താൻ സി.പി.എമ്മും ബി.ജെ.പിയും രംഗത്തിറക്കിയിരിക്കുന്നത് വനിതകളെയാണ്. വാകേരി കക്കടത്ത് കുറുമ കോളനിയിൽ നിന്ന് മഹിളാ പ്രസ്ഥാനത്തിന്റെ അഖിലേന്ത്യാ നേതൃനിരയിൽ വരെ എത്തിയ രുക്മിണി സുബ്രഹ്മണ്യനാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. 18 വർഷമായി രാഷ്ട്രീയ സാമൂഹികരംഗത്ത് സജീവ സാന്നിദ്ധ്യമായ ഇവർ പൂതാടി പഞ്ചായത്ത് പ്രസിഡന്റുമാണ്. പക്ഷേ, ഇവിടെ ഏറ്റവും ശ്രദ്ധേയയായ സ്ഥാനാർത്ഥി എൻ.ഡി.എയിലെ സി.കെ.ജാനു തന്നെ. കുത്തനെ വർധിച്ച ബിജെപി – ബി.ഡി.ജെ.എസ്. വോട്ടുകളും ജാനുവിന്റെ സ്ഥാനാർത്ഥിത്വവും കൂടിച്ചേരുമ്പോൾ ബത്തേരി കാവി പുതയ്ക്കുമെന്ന് ബി.ജെ.പി. ആത്മാർത്ഥമായി വിശ്വസിക്കുന്നു. ജാനുവിനും എൻ.ഡി.എയ്ക്കും ഈ തിരഞ്ഞെടുപ്പ് അഭിമാനപ്രശ്നമാണ്. ആരുടെ വോട്ടുകളാണ് ജാനുവിന്റെ പെട്ടിയിലാവുക എന്ന ആശങ്കയിലാണ് മറ്റു രണ്ടു പ്രധാന സ്ഥാനാർത്ഥികളും. കണക്കുകൾ ജാനുവിനും എൻ.ഡി.എയ്ക്കും ആത്മവിശ്വാസം പകരുന്നു.

2011ൽ 8,829 വോട്ടുകൾ മാത്രം ലഭിച്ച ബി.ജെ.പി. 2014 ലോക്സഭാ തിരഞ്ഞെടുപ്പിൽ സമ്പാദ്യം 18,918 വോട്ടുകളാക്കി ഉയർത്തി. 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ ബത്തേരിയിലെ ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ വൻകുതിപ്പ് നടത്തിയ ബി.ജെ.പിയും ബി.ഡി.ജെഎസ്സും ചേർന്ന് പിടിച്ചത് 30,000ഓളം വോട്ടുകളാണ്. ഇതിനുപുറമെ ജാനുവിന് വ്യക്തിപരമായി മാത്രം 10,000 വോട്ടുകളുണ്ടെന്ന് എൻ.ഡി.എ. കണക്കുകൂട്ടുന്നു. മുത്തങ്ങ സമരത്തിലൂടെ നേടിയ പ്രശസ്തിയിലൂന്നിയാണ് ജാനുവിന്റെ പ്രചാരണ പ്രവർത്തനങ്ങളെങ്കിലും പ്രക്ഷോഭങ്ങളിൽ ഒപ്പം നിന്നവർ ഇപ്പോൾ അവരെ കൈവിട്ടിരിക്കുന്നു. ജാനുവിന്റെ എൻ.ഡി.എ. ബന്ധം പഴയ സഹപ്രവർത്തകർക്കു സ്വീകാര്യമായിട്ടില്ല. 2011 മുതൽ നഷ്ടം മുഴുവനുണ്ടായത് യു.ഡി.എഫിനാണ്. അതിനാൽത്തന്നെ എൻ.ഡി.എയുടെ കണക്കുകൾ യു.ഡി.എഫിനെതിരാണ്. യു.ഡി.എഫ്. ഇത് അംഗീകരിക്കുന്നില്ല. ജാനു മുന്നേറിയാൽ ചിതറുക പരമ്പരാഗതമായി ഇടതിനൊപ്പം നിൽക്കുന്ന പണിയ, ഈഴവ വോട്ടുകളാണെന്നാണ് യു.ഡി.എഫ്. കണക്കുകൂട്ടൽ. ജാനു ബി.ജെ.പിക്കും ബി.ജെ.പി. ജാനുവിനും തിരിച്ചടിയാവുമെന്നു പറയുന്ന എൽ.ഡി.എഫ്. തങ്ങളുടെ പരമ്പരാഗത വോട്ടുകൾ സുരക്ഷിതമാണെന്ന് ഉറപ്പിക്കുന്നു. ജാനുവിന്റെ വരവ് ബി.ജെ.പിയുടെ ഈഴവ, ചെട്ടി വോട്ടുകൾ ഭിന്നിപ്പിക്കുമെന്ന് വിലയിരുത്തുന്ന എൽ.ഡി.എഫിന് പക്ഷേ, ഈ വോട്ടുകൾ എങ്ങോട്ടു പോകുമെന്ന വ്യക്തതയില്ല. നിലവിൽ കൈവശമുള്ള വോട്ടുകൾ ജാനുവും എൻ.ഡി.എയും ഉറപ്പാക്കിയാൽപ്പോലും ചിത്രം വേറൊന്നാവാമെന്ന അവസ്ഥയാണ്.

അഴിമതിക്കാരിയല്ലാത്ത മന്ത്രി എന്ന് പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ തന്നെ നൽകിയ സർട്ടിഫിക്കറ്റിന്റെ ബലത്തിലാണ് മാനന്തവാടിയിൽ മന്ത്രി പി.കെ.ജയലക്ഷ്മിയുടെ നില്പ്. വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച അവ്യക്തത ജയലക്ഷ്മിയുടെ പത്രിക സ്വീകരിക്കുമോ ഇല്ലയോ എന്നതു സംബന്ധിച്ച് അനിശ്ചിതത്വം സൃഷ്ടിച്ചുവെങ്കിലും അതൊക്കെ മറികടന്ന് യു.ഡി.എഫ്. സ്ഥാനാർത്ഥി മുന്നേറിക്കഴിഞ്ഞു.

എൽ.ഡി.എഫിൽ നിന്ന് സി.പി.എം. രംഗത്തിറക്കിയിരിക്കുന്നത് 10 വർഷം തിരുനെല്ലി പഞ്ചായത്ത് പ്രസിഡൻറായിരുന്ന ഒ.ആർ.കേളുവിനെയാണ്. നിലവിൽ മാനന്തവാടി ബ്ബ്ലോക്ക് പഞ്ചായത്ത് അംഗമായ കേളുവിന് നിയമസഭയിലേക്ക് കന്നിയങ്കം. ബി.ജെ.പി. ജില്ലാ സെക്രട്ടറി കെ.മോഹൻദാസാണ് എൻ.ഡി.എ. സ്ഥാനാർത്ഥി. ആഭ്യന്തര കലഹങ്ങൾ ഇവിടെ ചെറിയ തോതിൽ അലട്ടുന്നുണ്ടെങ്കിലും അതൊന്നും വിജയത്തെ ബാധിക്കില്ലെന്ന ഉറച്ച വിശ്വാസത്തിലാണ് യു.ഡി.എഫ്.

കോട്ട കാക്കാൻ യു.ഡി.എഫ്. കച്ചകെട്ടുമ്പോൾ കൊത്തളം ഭേദിക്കാൻ ശേഷിയുള്ള ചേകവന്മാരെ തന്നെയാണ് എൽ.ഡി.എഫ്. രംഗത്തിറക്കിയിരിക്കുന്നത്. പക്ഷേ, എല്ലാവരുടെയും ശ്രദ്ധ ജാനുവിലാണ്. ജാനു ചരിത്രം കുറിക്കുമോ? മെയ് 19 വരെ കാക്കുകയേ നിവൃത്തിയുള്ളൂ.





# കണ്ണൂരിനു കൂടുതൽ ചുവപ്പ്



പണ്ടേ ദുർബല, പിന്നെ ഗർഭിണിയും –എൽ.ഡി.എഫ്. കോട്ടയായ കണ്ണൂരിലെ യു.ഡി.എഫിന്റെ അവസ്ഥ വിവരിക്കാൻ ഇതിലും നല്ലൊരു ഉപമയില്ല. നാലു പ്രധാന മണ്ഡലങ്ങളിൽ വിമതർ യു.ഡി.എഫിന് തലവേദന സൃഷ്ടിക്കുന്നു. ജയപരാജയങ്ങൾ നിർണ്ണയിക്കാൻ ശേഷിയുള്ളവരാണ് വിമത വേഷത്തിലെന്നത് യു.ഡി.എഫിന്റെ ഹൃദയമിടിപ്പ് കൂട്ടുന്നുണ്ട്. യു.ഡി.എഫ്. ഏറ്റവും വിമതശല്യം നേരിടുന്ന ജില്ലയും കണ്ണൂർ തന്നെ. അഴീക്കോട് മത്സരിക്കുന്ന കണ്ണൂർ കോർപ്പറേഷൻ കൗൺസിലർ പി.കെ.രാഗേഷാണ് വിമതരിൽ പ്രമുഖൻ. എട്ടാം തവണ ജനവിധി തേടുന്ന മന്ത്രി കെ.സി.ജോസഫിനെതിരെ ഇരിക്കൂറിൽ ബിനോയ് തോമസും പേരാവൂരിൽ സണ്ണി ജോസഫിനെതിരെ കർഷക കോൺഗ്രസ് മുൻ സംസ്ഥാന സെക്രട്ടറി കെ.ജെ.ജോസഫും കണ്ണൂരിൽ സതീശൻ പാച്ചേനിക്കെതിരെ എൻ.പി.സത്താറുമാണ് മത്സരരംഗത്തുള്ളത്. നിസ്സാരവോട്ടുകൾക്ക് വിജയിച്ച മണ്ഡലങ്ങളിലാണ് വിമതർ വലിയ വെല്ലുവിളി സൃഷ്ടിക്കുക. വിമതരെ ഉണ്ടാക്കിയത് നേതൃത്വമാണെന്നും ശക്തമായ തിരിച്ചടി തിരഞ്ഞെടുപ്പിൽ നൽകുമെന്നുമാണ് അവർ പറയുന്നത്. വിമതരുടെ വരവിൽ ഉള്ളാലെ ആഹ്ലാദിക്കുന്നുണ്ടെങ്കിലും പുറമേക്ക് ഇടതിന് നിസ്സംഗഭാവമാണ്.

യു.ഡി.എഫ്. ഏറ്റവും വിമതശല്യം നേരിടുന്ന ജില്ലയാണ് കണ്ണൂർ. അഴീക്കോട് മത്സരിക്കുന്ന കണ്ണൂർ കോർപ്പറേഷൻ കൗൺസിലർ പി.കെ.രാഗേഷാണ് വിമതരിൽ പ്രമുഖൻ. എട്ടാം തവണ ജനവിധി തേടുന്ന മന്ത്രി കെ.സി.ജോസഫിനെതിരെ ഇരിക്കൂറിൽ ബിനോയ് തോമസും പേരാവൂരിൽ സണ്ണി ജോസഫിനെതിരെ കർഷക കോൺഗ്രസ് മുൻ സംസ്ഥാന സെക്രട്ടറി കെ.ജെ.ജോസഫും കണ്ണൂരിൽ സതീശൻ പാച്ചേനിക്കെതിരെ എൻ.പി.സത്താറുമാണ് മത്സരരംഗത്തുള്ളത്


പിണറായി വിജയൻ

സംഘടനാരംഗത്ത് നിന്ന് പാർലമെന്ററി രംഗത്തേക്കുള്ള പിണറായി വിജയന്റെ രണ്ടാംവരവ്, എട്ടാം തവണയും സ്ഥാനാർഥിയാവാനുള്ള മന്ത്രി കെ.സി.ജോസഫിന്റെ നീക്കത്തിനെതിരെ ഉയർന്ന പ്രതിഷേധം, വാർത്താചാനൽ മേധാവിയുടെ കോട്ടും സൂട്ടും ഉപേക്ഷിച്ച് രാഷ്ട്രീയക്കാരന്റെ മുണ്ടും ഷർട്ടുമണിഞ്ഞുള്ള എം.വി.നികേഷ് കുമാറിന്റെ വരവ് എന്നിവയെല്ലാം ജില്ലയെ ഇത്തവണ ശ്രദ്ധേയമാക്കുന്നു. ഇടതു മുന്നണിയുടെ തലസ്ഥാനമാണ് കണ്ണൂരെന്നു പറയാം. മുന്നണിയുടെ പ്രധാന കക്ഷിയായ സി.പി.എമ്മിന്റെ പ്രധാന നേതാക്കളെല്ലാം കണ്ണൂരുകാർ എന്നതാണ് ഈ വിശേഷണത്തിന് കാരണം. പൊളിറ്റ് ബ്യൂറോ അംഗം പിണറായി വിജയന്റെ നേതൃത്വത്തിൽ പാർട്ടിയുടെ ഒട്ടേറെ പ്രമുഖർ മത്സരിക്കുന്നുമുണ്ട്. കേന്ദ്ര സമിതി അംഗങ്ങളായ ഇ.പി.ജയരാജൻ, കെ.കെ.ശൈലജ, ഡി.വൈ.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് എ.എൻ.ഷംസീർ, മുൻ സംസ്ഥാന സെക്രട്ടറി ടി.വി.രാജേഷ് എന്നിവരും മത്സരിക്കുന്നു. കോൺഗ്രസ് –എസ് പ്രസിഡന്റ് കടന്നപ്പള്ളി രാമചന്ദ്രനാണ് കണ്ണൂരിൽ മത്സരിക്കുന്ന മറ്റൊരു ഇടതു ഘടകകക്ഷി നേതാവ്. യു.ഡി.എഫിലുമുണ്ട്


ഒരു പിടി പ്രമുഖർ. മന്ത്രിമാരായ കെ.സി.ജോസഫ്, കെ.പി.മോഹനൻ, യൂത്ത് ലീഗ് മുൻ സംസ്ഥാന പ്രസിഡന്റ് കെ.എം.ഷാജി, വിവാദങ്ങളുടെ കളിത്തോഴൻ എ.പി.അബ്ദുള്ളക്കുട്ടി എന്നിവർ മത്സരിക്കുന്നു.

കണ്ണൂരിൽ ആകെയുള്ള 11 മണ്ഡലങ്ങളിൽ 2011ലെ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. അഞ്ചെണ്ണം നേടി. 2006ൽ വെറും രണ്ടു സീറ്റുണ്ടായിരുന്നതാണ് യു.ഡി.എഫ്. ഇരട്ടിയിലേറെയായി വർദ്ധിപ്പിച്ചത്. എൽ.ഡി.എഫിന്റെ കരുത്തുമായി തട്ടിച്ചുനോക്കുമ്പോൾ വൻ നേട്ടമാണിത്. ധർമ്മടം, തലശ്ശേരി, മട്ടന്നൂർ, കല്യാശ്ശേരി, തളിപ്പറമ്പ്, പയ്യന്നൂർ എന്നിവയാണ് എൽ.ഡി.എഫിന്റെ സിറ്റിങ് സീറ്റുകൾ. ഇരിക്കൂർ, കണ്ണൂർ, അഴീക്കോട്, കൂത്തുപറമ്പ്, പേരാവൂർ എന്നീ സീറ്റുകളിൽ യു.ഡി.എഫ്. ജയിച്ചു. എന്നാൽ, 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന്റെ മേൽക്കൈ നാലു മണ്ഡലങ്ങളിലായി കുറഞ്ഞു. 2015ലെ തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിലും എൽ.ഡി.എഫ്. മുൻതൂക്കം നിലനിറുത്തി. ആകെയുള്ള 24 ഡിവിഷനുകളിൽ 15 എണ്ണവും നേടിയ എൽ.ഡി.എഫിനു തന്നെയാണ് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണം. കോൺഗ്രസ് വിമതനായ രാഗേഷിന്റെ സഹായത്തോടെയാണെങ്കിലും കണ്ണൂർ കോർപ്പറേഷനിലും ഇടത് ആധിപത്യമായി. സംസ്ഥാനഭരണം കാംക്ഷിക്കുന്ന എൽ.ഡി.എഫിന് കണ്ണൂരിലെ മികച്ച വിജയം അനിവാര്യത മാത്രമല്ല അഭിമാനപ്രശ്നം കൂടിയാണ്. യു.ഡി.എഫിന്റെ കൈവശമുള്ള മണ്ഡലങ്ങളിൽ പലതിലും ഇക്കുറി കനത്തപോരാട്ടം നടക്കുന്നു എന്നതാണ് പ്രത്യേകത.

1996ലാണ് പിണറായി വിജയൻ ഇതിനു മുമ്പ് അവസാനമായി തിരഞ്ഞെടുപ്പിൽ മത്സരിച്ചത്. 20 വർഷത്തെ ഇടവേളയ്ക്കു ശേഷം ജന്മനാടായ പിണറായി ഉൾപ്പെടുന്ന ധർമ്മടം മണ്ഡലത്തിൽ മത്സരിക്കാൻ അദ്ദേഹം എത്തുമ്പോൾ ഭൂരിപക്ഷം എത്രമാത്രം വർദ്ധിപ്പിക്കാനാവും എന്നതിലാണ് അണികളുടെ ശ്രദ്ധ. 2011ൽ കെ.കെ.നാരായണൻ നേടിയ 15,162 വോട്ടിന്റെ ഭൂരിപക്ഷം ഇരട്ടിയാക്കുകയാണ് ലക്ഷ്യം. തുടർച്ചയായി രണ്ടാം തവണയാണ് കെ.പി.സി.സി. നിർവ്വാഹക സമിതി അംഗം മമ്പറം ദിവാകരൻ യു.ഡി.എഫ്. സ്ഥാനാർഥിയായി ധർമ്മടം മണ്ഡലത്തിൽ ജനവിധി തേടുന്നത്. കഴിഞ്ഞ തവണ കൈപ്പത്തി ചിഹ്നം പോലുമില്ലാതെ മത്സരിക്കേണ്ടിവന്നിട്ടും നാരായണനെതിരെ ഇടതു കോട്ടയിൽ മികച്ച മുന്നേറ്റം നടത്താനായതാണ് ഇത്തവണയും ദിവാകരന് സ്ഥാനാർത്ഥിത്വം നേടിക്കൊടുത്തത്. പക്ഷേ, നാരായണനല്ല വിജയൻ എന്ന് യു.ഡി.എഫ്. പ്രവർത്തകർ തന്നെ സമ്മതിക്കുന്നുണ്ട്. കൊലക്കേസിൽ ശിക്ഷിക്കപ്പെട്ടയാളെ സ്ഥാനാർത്ഥിയാക്കിയെന്ന ആരോപണമുയർത്തി മമ്പറം ദിവാകരന്റെ പേര് കേരളം മുഴുവൻ ഇടതുപക്ഷം പ്രചരണായുധമാക്കിയെന്നത് വേറെ കാര്യം. മികച്ച ആദ്ധ്യാത്മിക പ്രഭാഷകനും പ്രാസംഗികനുമായ ബി.ജെ.പി. ജില്ലാ വൈസ് പ്രസിഡന്റ് മോഹനൻ മാനന്തേരിയാണ് എൻ.ഡി.എ. സ്ഥാനാർത്ഥി.


എ.കെ.ശൈലജ


ഇ.പി.ജയരാജൻ


കടന്നപ്പള്ളി

അഴീക്കോടാണ് ഇത്തവണ കണ്ണൂർ ജില്ലയിലെ താരമണ്ഡലം. ദീർഘകാലം സി.പി.എമ്മിന്റെ കണ്ണിലെ കരടായിരുന്ന എം.വി.രാഘവന്റെ മകനായ എം.വി.നികേഷ് കുമാർ സി.പി.എം. സ്ഥാനാർത്ഥിയായി മത്സരിക്കുന്നു എന്നതാണ് എല്ലാ ശ്രദ്ധയും ഇങ്ങോട്ടെത്തിക്കുന്നത്. അതിനൊപ്പം മാധ്യമപ്രവർത്തകനിൽ നിന്ന് രാഷ്ട്രീയപ്രവർത്തകനിലേക്കുള്ള മാറ്റം എങ്ങനെ സ്വീകരിക്കപ്പെടുന്നുവെന്ന ആകാംക്ഷയുമുണ്ട്. മുസ്ലിം ലീഗിലെ സിറ്റിങ് എം.എൽ.എ. കെ.എം.ഷാജിയെത്തന്നെ യു.ഡി.എഫ്. രംഗത്തിറക്കിയിരിക്കുന്നു. സ്വന്തം ശക്തികേന്ദ്രങ്ങളെ വൈകാരികമായി ചേർത്തുപിടിക്കുന്നതിനൊപ്പം എതിർ ശക്തികേന്ദ്രങ്ങളിൽ കടന്നുകയറുകയും ചെയ്യുന്ന നികേഷിന്റെ ശൈലിക്കു മുന്നിൽ യു.ഡി.എഫ്. വിയർത്തൊലിക്കുന്നു. മണ്ഡല പുനർനിർണ്ണയത്തിനു ശേഷം രാഷ്ട്രീയ വോട്ടുകളുടെ കണക്കെടുത്താൽ അഴീക്കോട്ട് യു.ഡി.എഫിനാണ് മേധാവിത്വം. 2011ൽ വയനാട്ടിൽ നിന്നെത്തി മത്സരിച്ച ഷാജി പിന്നീട് അഴീക്കോട്ടുകാരനായി മാറുന്നതാണ് കണ്ടത്. കഴിഞ്ഞ തവണ സി.പി.എമ്മിലെ സിറ്റിങ് എം.എൽ.എ. എം. പ്രകാശൻ മാസ്റ്ററെ ഷാജി വീഴ്ത്തിയത് വെറും 493 വോട്ടുകൾക്ക്. എന്നാൽ, എം.എൽ.എ. എന്ന നിലയിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ മികവിൽ ഷാജി അഴീക്കോട്ടുകാർക്ക് സുപരിചിതനായി. ഇക്കുറി അനായാസജയം നേടാനാവുമെന്ന് കരുതിയിരിക്കുമ്പോഴാണ് എല്ലാം കീഴ്മേൽ മറിച്ച് നികേഷിന്റെ വരവ്. ഒപ്പം യു.ഡി.എഫ്. വിമതനായി കോൺഗ്രസ്സിലെ പി.കെ.രാഗേഷും എത്തിയതോടെ ഷാജി അക്ഷരാർത്ഥത്തിൽ വെള്ളം കുടിക്കുകയാണ്. രാഗേഷിന്റെ വരവ് നികേഷിന് അനായാസജയം സമ്മാനിക്കുമെന്ന് വിലയിരുത്തപ്പെടുന്നുണ്ട്. എ.വി.കേശവനാണ് അഴീക്കോട്ടെ ബി.ജെ.പി. സ്ഥാനാർത്ഥി. ബി.ജെ.പിയുടെ ജനകീയ നേതാവായിരുന്ന കെ.ജി.മാരാരുടെ ജ്യേഷ്ഠൻ കെ.വി.മാരാരുടെ മകനാണ് ഇദ്ദേഹം.

സിറ്റിങ് എം.എൽ.എ. എ.പി.അബ്ദുള്ളക്കുട്ടിക്ക് സീറ്റ് നിഷേധിച്ചതിലൂടെയാണ് കണ്ണൂർ മണ്ഡലം ഇക്കുറി ശ്രദ്ധ നേടിയത്. തലശ്ശേരി കീഴടക്കുകയെന്ന ദൗത്യം നൽകി അബ്ദുള്ളക്കുട്ടിയെ കോൺഗ്രസ് അവിടേക്കയച്ചു. പകരമെത്തിയത് എ ഗ്രൂപ്പിൽ നിന്ന് ഐ ഗ്രൂപ്പിലേക്കു ചാടിയ സതീശൻ പാച്ചേനി. സ്ഥിരമായി തോൽക്കുന്ന മണ്ഡലങ്ങളിൽ ചാവേറായി മത്സരിച്ചുവന്ന പാച്ചേനിക്ക് ആദ്യമായി ജയസാദ്ധ്യതയുള്ള മണ്ഡലം ലഭിച്ചുവെന്ന് ആശ്വസിച്ചിരിക്കുമ്പോൾ നാലു വശത്തു നിന്നും പാരകൾ. മുസ്ലിം വിഭാഗത്തിന് നിർണ്ണായക സ്വാധീനമുള്ള മണ്ഡലത്തിൽ നിന്ന് അബ്ദുള്ളക്കുട്ടിയെ മാറ്റിയതിലുള്ള പ്രതിഷേധം തണുപ്പിക്കാൻ കിണഞ്ഞു ശ്രമിക്കുമ്പോഴാണ് അഴീക്കോട്ടെ വിമതൻ രാഗേഷിന്റെ കൂട്ടാളി എൻ.പി.സത്താർ കണ്ണൂരിൽ വിമതനായി അരങ്ങേറിയത്. ഇതോടെ വീര്യമിരട്ടിച്ച ഇടതുമുന്നണി കോൺഗ്രസ് –എസ് സംസ്ഥാന പ്രസിഡന്റ് കടന്നപ്പള്ളി രാമചന്ദ്രന്റെ വിജയമുറപ്പിച്ച മട്ടാണ്. എൽ.ഡി.എഫിന്റെ പ്രചാരണപ്രവർത്തന



## സി.പി.എമ്മിന് കഴിഞ്ഞ തവണ മികച്ച ഭൂരിപക്ഷം നൽകിയ പയ്യന്നൂർ, തളിപ്പറമ്പ്, കല്യാശ്ശേരി, ധർമ്മടം, മട്ടന്നൂർ മണ്ഡലങ്ങളിൽ അട്ടിമറിസാദ്ധ്യത പോലും യു.ഡി.എഫ്. പരിഗണിക്കുന്നില്ല. അബ്ദുള്ളക്കുട്ടിയെ രംഗത്തിറക്കിയ തലശ്ശേരി മാത്രമാണ് അപവാദം

ങ്ങൾ ഇതുവരെ കണ്ടിട്ടുള്ളതിൽ നിന്ന് ഒരു പടി മുകളിൽ നിൽക്കുന്നതും അതിനാൽത്തന്നെ. ഹിന്ദു ഐക്യവേദി ജില്ലാ പ്രസിഡന്റ് കെ.ജി.ബാബുവാണ് ബി.ജെ.പി. സ്ഥാനാർത്ഥി. സി.പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ സിറ്റിങ് സീറ്റാണ് തലശ്ശേരി. കോടിയേരി മത്സരരംഗത്തില്ലാത്തതിനാൽ എ.എൻ.ഷംസീർ സി.പി.എം. സ്ഥാനാർത്ഥിയായി. കണ്ണൂരിൽ നിന്ന് തലശ്ശേരിയിലേക്ക് കോൺഗ്രസ്സിനു വേണ്ടി മത്സരിക്കാനെത്തിയ അബ്ദുള്ളക്കുട്ടി പ്രചാരണ കോലാഹലം സൃഷ്ടിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. ഇവിടെയും താൻ അത്ഭുതക്കുട്ടിയാവുമെന്നാണ് അബ്ദുള്ളക്കുട്ടിയുടെ അവകാശവാദമെങ്കിലും നടക്കാൻ സാദ്ധ്യതയില്ലെന്നു തന്നെ പറയാം. സംസ്ഥാന സെക്രട്ടറി വി.കെ.സജീവനെയാണ് തലശ്ശേരി മണ്ഡലത്തിൽ ബി.ജെ.പി. മത്സരരംഗത്തിറക്കുന്നത്.


നികേഷ്കുമാർ


ജെയിംസ് മാത്യു

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ വലംകൈയാണ് മന്ത്രി കെ.സി.ജോസഫ്. കെ.സി.ജോസഫിന് സീറ്റ് കൊടുക്കാതിരിക്കാൻ കെ.പി.സി.സി. പ്രസിഡന്റ് വി.എം.സുധീരൻ പരമാവധി ശ്രമിച്ചതും അതുകൊണ്ടു തന്നെ. കോട്ടയത്തുകാരനായ കെ.സി.ജോസഫ് ഇരിക്കൂറിലെത്തി മത്സരിച്ചു തുടങ്ങിയത് 1982ലാണ്. 1987, 1991, 1996, 2001, 2006, 2011 വർഷങ്ങളിലും മത്സരിച്ച് തുടർച്ചയായി ഏഴു വിജയങ്ങൾ. എട്ടാം തവണയും മത്സരിക്കുന്നതിനെതിരെ മണ്ഡലത്തിലെ കോൺഗ്രസ്സുകാർ വ്യാപക പ്രതിഷേധമാണുയർത്തിയത്. ആ പ്രതിഷേധം സുധീരൻ ഏറ്റെടുത്ത് കോൺഗ്രസ് ഹൈക്കമാൻഡിനു മുന്നിലെത്തിച്ചുവെങ്കിലും ഉമ്മൻ ചാണ്ടിയുടെ പിടിവാശിയിലൂടെ കെ.സി.ജോസഫ് ഇത്തവണയും യു.ഡി.എഫ്. സ്ഥാനാർത്ഥിയായി. മണ്ഡലത്തിൽ അദ്ദേഹത്തോടുള്ള എതിർപ്പ് ബിനോയ് തോമസിലൂടെ വിമത സ്ഥാനാർത്ഥിയായി രൂപാന്തരം പ്രാപിക്കുകയും ചെയ്തു. ജനശ്രീ മിഷൻ ജില്ലാ കോ–ഓർഡിനേറ്ററും കർഷക കോൺഗ്രസ് ഇരിക്കൂർ മണ്ഡലം പ്രസിഡന്റുമാണ് ബിനോയ്. 44 വർഷമായി ഇരിക്കൂറിന്റെ എം.എൽ.എയായ കെ.സി.ജോസഫിന് മണ്ഡലത്തിൽ സ്വന്തം വീടോ വാടക വീടോ ഇല്ല. ഇരിക്കൂറുകാരനായ എം.എൽ.എയ്ക്കു വേണ്ടിയാണ് താൻ മത്സരിക്കുന്നതെന്നാണ് ബിനോയ് തോമസിന്റെ വാദം. കഴിഞ്ഞ തവണ 11,757 വോട്ടുകൾക്ക് ജയിച്ച കെ.സി.ജോസഫിന് ഇത്തവണ കാര്യങ്ങൾ അത്ര പന്തിയല്ല തന്നെ. സി.പി.ഐ. കണ്ണൂർ ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി കെ.ടി.ജോസാണ് ഇരിക്കൂറിലെ എൽ.ഡി.എഫ്. സ്ഥാനാർത്ഥി. ഘടകകക്ഷിയായ കേരള വികാസ് പാർട്ടി നേതാവ് ജോസ് ചെമ്പേരിയെ സ്ഥാനാർഥിയായി ബി.ജെ.പി. ആദ്യം പ്രഖ്യാപിച്ചെങ്കിലും അദ്ദേഹം പിന്തിരിഞ്ഞു. പിന്നീട് ബി.ജെ.പി. നേരിട്ട് മത്സരിക്കാൻ തീരുമാനിച്ച മണ്ഡലത്തിൽ എ.പി.ഗംഗാധരനാണ് സ്ഥാനാർത്ഥി.

പേരാവൂരിൽ യു.ഡി.എഫ്. സ്ഥാനാർത്ഥി കോൺഗ്രസ്സിലെ സിറ്റിങ് എം.എൽ.എ. സണ്ണി ജോസഫാണ്. 2011ൽ സിറ്റിങ് എം.എൽ.എ. കെ.കെ.ശൈലജയെ 3,440 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് അദ്ദേഹം മണ്ഡലം പിടിച്ചത്. എന്നാൽ, ഇത്തവണ സീറ്റ് നിലനിർത്തുക സണ്ണി ജോസഫിന് അതീവ ദുഷ്കരമാവും. യു.ഡി.എഫ്. വിമതൻ തന്നെ കാരണം. കർഷക കോൺഗ്രസ് മുൻ സംസ്ഥാന സെക്രട്ടറി കെ.ജെ.ജോസഫ് മത്സരിക്കുന്നത് കർഷകർക്കു വേണ്ടിയാണ്. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ യു.ഡി.എഫ്. സർക്കാർ ദയനീയമായി പരാജയപ്പെട്ടുവെന്നു പറയുന്ന കെ.ജെ.ജോസഫ് തന്റെ മത്സരം ഒരു വ്യക്തിക്കുമെതിരായല്ലെന്നും വ്യക്തമാക്കി. സി.പി.എം. പേരാവൂരിലേക്ക് കെ.കെ.ശൈലജയെയാണ് ആദ്യം പരിഗണിച്ചതെങ്കിലും വിജയസാദ്ധ്യത കൂടുതലുള്ള കൂത്തുപറമ്പിലേക്ക് മാറ്റി. സി.പി.എം. ഇരിട്ടി ഏരിയാ സെക്രട്ടറിയായ ബിനോയി കുര്യനാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി. അദ്ദേഹത്തിന് നിയമസഭയിലേക്ക് കന്നിയങ്കമാണ്. ഡി.വൈ.എഫ്.ഐ മുൻ ജില്ലാ സെക്രട്ടറികൂടിയായ ഇദ്ദേഹം നിനച്ചിരിക്കാതെയാണ് പേരാവൂരിൽ സ്ഥാനാർത്ഥിയായത്. മണ്ഡലം തിരിച്ചുപിടിക്കുക എന്ന ലക്ഷ്യവുമായി ചിട്ടയായ പ്രവർത്തനം നടത്തിയ ബിനോയിക്ക് കോൺഗ്രസ് വിമതന്റെ വരവ് അനുഗ്രഹമായി മാറുന്ന ലക്ഷണമാണ് കാണുന്നത്. ബി.ഡി.ജെ.എസ്സാണ് എൻ.ഡി.എയിൽ നിന്ന് ഇവിടെ മത്സരിക്കുന്നത്. കേളകം പഞ്ചായത്ത് പ്രസിഡന്റായിരുന്ന മുൻ കോൺഗ്രസ്സുകാരൻ പൈലി വാത്യാട്ടാണ് സ്ഥാനാർത്ഥി. വ്യക്തിപരമായി പൈലി പിടിക്കുന്ന വോട്ടുകളും സണ്ണി ജോസഫിന്റെ അക്കൗണ്ടിൽ നിന്നായിരിക്കും.

യു.ഡി.എഫിനു വേണ്ടി ജെ.ഡി.യുവിലെ മന്ത്രി കെ.പി.മോഹനൻ മത്സരിക്കുന്ന മണ്ഡലം എൽ.ഡി.എഫിനു വേണ്ടി തിരിച്ചുപിടിക്കാനുള്ള ദൗത്യം സി.പി.എം. കേന്ദ്ര സമിതി അംഗം കെ.കെ.ശൈലജയ്ക്കാണ്. മോഹനനെ വീഴ്ത്താൻ ശൈലജയ്ക്ക് കെൽപ്പുണ്ടെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ആദ്യം പേരാവൂരിൽ സ്ഥാനാർത്ഥിയായി നിശ്ചയിച്ച അവരെ കൂത്തുപറമ്പിലേക്കു മാറ്റിയത്. 2011ൽ എൽ.ഡി.എഫിൽ നിന്ന് ഐ.എൻ.എൽ. മത്സരിച്ചപ്പോൾ 3,303 വോട്ടുകളായിരുന്നു മോഹനന്റെ ഭൂരിപക്ഷം. സി.പി.എം. മത്സരിക്കുന്നത് ഐ.എൻ.എൽ. മത്സരിക്കും പോലാവില്ലെന്ന് എൽ.ഡി.എഫുകാർ ഉറപ്പിച്ചുപറയുന്നു. 2011ൽ ബി.ജെ.പി. സ്ഥാനാർത്ഥിയായി മത്സരിച്ച് 11,831 വോട്ടു നേടിയ ഒ.കെ.വാസുവും ഇപ്പോൾ സി.പി.എം. പാളയത്തിലാണ്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ 4,725 വോട്ടുകളുടെ

ഭൂരിപക്ഷം കൂത്തുപറമ്പിൽ നേടാനായതും പിന്നീട് നടന്ന തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിൽ അത് 12,000 വോട്ടുകൾക്ക് മുകളിലേക്ക് ഉയർത്താനായതും എൽ.ഡി.എഫിന് ആത്മവിശ്വാസം പകരുന്നു. മണ്ഡലത്തിലാകെ പടർന്നുകിടക്കുന്ന വ്യക്തിബന്ധങ്ങളാണ് മോഹനന്റെ കരുത്ത്. ഇതോടൊപ്പം അദ്ദേഹം നടപ്പാക്കിയ വികസനപ്രവർത്തനങ്ങളും വോട്ടായി മാറുമെന്ന് യു.ഡി.എഫ്. കരുതുന്നു. രാഷ്ട്രീയ സംഘർഷത്തിൽ ഇരുകാലുകളും നഷ്ടപ്പെട്ട ആർ.എസ്.എസ്. നേതാവ് സി.സദാനന്ദനെയാണ് ബി.ജെ.പി. സ്ഥാനാർത്ഥിയാക്കിയത്. 2015ലെ തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിൽ കാൽലക്ഷത്തിലേറെ വോട്ട് ബി.ജെ.പി. ഇവിടെ പിടിച്ചിട്ടുണ്ട്.

തളിപ്പറമ്പിൽ സി.പി.എമ്മിന്റെ സിറ്റിങ് എം.എൽ.എ. ജെയിംസ് മാത്യുവിനെ കേരളാ കോൺഗ്രസ് –എമ്മിലെ രാജേഷ് നമ്പ്യാർ നേരിടുന്നു. രാജേഷ് നമ്പ്യാരുടേത് പേമെന്റ് സീറ്റാണെന്ന ആക്ഷേപം കോൺഗ്രസ്സിൽ നിന്നുയർന്നത് യു.ഡി.എഫിന്റെ നില കൂടുതൽ ദുർബലമാക്കി. തളിപ്പറമ്പ് നാഷണൽ കോളേജ് അദ്ധ്യാപകൻ പി.ബാലകൃഷ്ണനനാണ് ബി.ജെ.പി. സ്ഥാനാർത്ഥി. കല്യാശ്ശേരിയിൽ സിറ്റിംഗ് എം.എൽ.എ. ടി.വി.രാജേഷാണ് സി.പി.എം. സ്ഥാനാർത്ഥി. കണ്ണൂർ കോർപ്പറേഷനിലെ ടെമ്പിൾ വാർഡ് കൗൺസിലറും മുൻ മന്ത്രി എൻ.രാമകൃഷ്ണന്റെ മകളുമായ അമൃത രാമകൃഷ്ണൻ കോൺഗ്രസ്സിനായി മത്സരിക്കുന്നു. യുവമോർച്ച ജില്ലാ പ്രസിഡന്റ് കെ.പി.അരുണാണ് ഇവിടെ ബി.ജെ.പി. സ്ഥാനാർത്ഥി. സി.പി.എം. കേന്ദ്ര സമിതി അംഗം ഇ.പി.ജയരാജൻ സീറ്റ് നിലനിർത്താൻ മത്സരിക്കുന്ന മട്ടന്നൂരിൽ ജെ.ഡി.യുവിലെ കെ.പി.പ്രശാന്താണ് യു.ഡി.എഫ്. സ്ഥാനാർത്ഥി. യുവജനതാദൾ ജില്ലാ പ്രസിഡന്റാണ് പ്രശാന്ത്. യുവമോർച്ച സംസ്ഥാന വൈസ് പ്രസിഡന്റ് ബിജു എളക്കുഴി ബി.ജെ.പി. സ്ഥാനാർത്ഥിയായി മത്സരിക്കുന്നു. പയ്യന്നൂരിൽ മാത്രമാണ് സി.പി.എം. സ്ഥാനാർത്ഥിയുടെ പേരിൽ ജില്ലയിൽ അപസ്വരമുയർന്നത്. സിറ്റിങ് എം.എൽ.എ. സി.കൃഷ്ണനെ മാറ്റണമെന്ന് മണ്ഡലത്തിലെ പ്രവർത്തകർ ആവശ്യപ്പെട്ടുവെങ്കിലും നേതൃത്വം വഴങ്ങിയില്ല. ആദ്യത്തെ പ്രതിഷേധം ക്രമേണ കെട്ടടങ്ങി. പയ്യന്നൂർ ഉൾപ്പെടുന്ന കാസർകോട് ലോക്സഭാ മണ്ഡലം യൂത്ത് കോൺഗ്രസ് പ്രസിഡന്റ് സാജിദ് മൗവ്വലാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി. മഹിളാമോർച്ച കണ്ണൂർ ജില്ലാ പ്രസിഡന്റ് ആനിയമ്മ രാജേന്ദ്രൻ ബി.ജെ.പി. ടിക്കറ്റിൽ മത്സരിക്കുന്നു.

സി.പി.എമ്മിന് കഴിഞ്ഞ തവണ മികച്ച ഭൂരിപക്ഷം നൽകിയ പയ്യന്നൂർ, തളിപ്പറമ്പ്, കല്ല്യാശ്ശേരി, ധർമ്മടം, മട്ടന്നൂർ മണ്ഡലങ്ങളിൽ അട്ടിമറിസാദ്ധ്യത പോലും യു.ഡി.എഫ്. പരിഗണിക്കുന്നില്ല. അബ്ദുള്ളക്കുട്ടിയെ രംഗത്തിറക്കിയ തലശ്ശേരി മാത്രമാണ് അപവാദം. അതേസമയം, യു.ഡി.എഫിന്റെ കയ്യിലുള്ള മണ്ഡലങ്ങൾ പിടിച്ചെടുക്കാൻ ആവനാഴിയിലെ എല്ലാ അസ്ത്രങ്ങളും എൽ.ഡി.എഫ്. ഇക്കുറി പ്രയോഗിക്കുന്നു. രണ്ടു മുന്നണികളും തമ്മിലുള്ള പ്രകടമായ വ്യത്യാസവും ഇതാണ്. യു.ഡി.എഫ്. സിറ്റിങ് സീറ്റുകളിൽ വിമതരുടെ സാന്നിദ്ധ്യം എൽ.ഡി.എഫിന്റെ ജോലി എളുപ്പമാക്കിയിട്ടുമുണ്ട്. കാര്യങ്ങൾ എൽ.ഡി.എഫ്. ഉദ്ദേശിച്ചപോലെ നീങ്ങിയാൽ യു.ഡി.എഫിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരാജയമായിരിക്കും ഇക്കുറി കണ്ണൂരിലുണ്ടാവുക. മറിച്ചാവണമെങ്കിൽ അത്ഭുതങ്ങൾ സംഭവിക്കേണ്ടി വരും.

# പ്രവചനം അസാദ്ധ്യമാകുന്ന പ്രതീക്ഷകൾ

**മഞ്ചേശ്വരത്ത് ബി.ജെ.പിക്കു വേണ്ടി കോൺഗ്രസ്സും ഉദുമയിൽ തിരിച്ചും വോട്ടു മറിക്കും എന്ന ചർച്ച കാസർകോട് ജില്ലയിൽ എൽ.ഡി.എഫ്. സജീവമാക്കിയിട്ടുണ്ട്. അതുപോലെ തന്നെ തങ്ങൾ അക്കൗണ്ട് തുറക്കുന്നതു തടയാൻ യു.ഡി.എഫ്. – എൽ.ഡി.എഫ്. ധാരണയുണ്ടെന്ന് ബി.ജെ.പിയും പറയുന്നു**




ത്രികോണ മത്സരങ്ങളാണ് കാസർകോട് ജില്ലയെ ശ്രദ്ധേയമാക്കുന്നത്. ത്രികോണത്തിന്റെ ഫലമായി താമര വിരിയുമോ എന്ന ചോദ്യം വീറും വാശിയുമേറ്റുന്നു. കാസർകോട് ജില്ലയിലെ തിരഞ്ഞെടുപ്പു പോരാട്ടത്തിലെ ഫലപ്രവചനം മുമ്പെങ്ങുമില്ലാത്ത വിധം അസാദ്ധ്യമായിരിക്കുന്നു. ജില്ലയിൽ ആകെയുള്ളത് അഞ്ചു മണ്ഡലങ്ങൾ. 2011ൽ എൽ.ഡി.എഫിന് മൂന്നു സീറ്റും യു.ഡി.എഫിന് രണ്ടു സീറ്റും ലഭിച്ചു. എൽ.ഡി.എഫിലെ രണ്ടു സീറ്റുകളിൽ സി.പി.എം. ഒന്നിൽ സി.പി.ഐ. യു.ഡി.എഫിന്റെ പ്രതിനിധികൾ മുഴുവൻ മുസ്ലിം ലീഗിൽ നിന്ന്. ലീഗ് ജയിച്ച കാസർകോട്ടും മഞ്ചേശ്വരത്തും രണ്ടാം സ്ഥാനത്തു വന്നത് ബി.ജെ.പി. അതിനാൽത്തന്നെ ഈ രണ്ടു മണ്ഡലങ്ങളിലും ഇത്തവണയും ശക്തമായ ത്രികോണ മത്സരമാണ്. കെ.സുധാകരന്റെ സാന്നിദ്ധ്യം ഉദുമയെയും ശ്രദ്ധാകേന്ദ്രമാക്കിയിരിക്കുന്നു.

മഞ്ചേശ്വരത്ത് സിറ്റിങ് എം.എൽ.എ. മുസ്ലിംലീഗിലെ പി.ബി.അബ്ദുൾ റസാഖിനെ തളയ്ക്കാൻ സി.പി.എമ്മിലെ സി എച്ച് കുഞ്ഞമ്പുവും ബി.ജെ.പിയിലെ കെ.സുരേന്ദ്രനും കടുത്ത പോരാട്ടത്തിലാണ്. 2011ലെ മത്സരത്തിന്റെ തനിയാവർത്തനം. അന്ന് സിറ്റിങ് എം.എൽ.എ. ആയിരുന്ന കുഞ്ഞമ്പു മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. ഭൂരിപക്ഷം വർധിപ്പിക്കുമെന്ന് യു.ഡി.എഫും മണ്ഡലം പിടിച്ചെടുക്കുമെന്ന് ബി.ജെ.പിയും 2006 ആവർത്തിക്കുമെന്ന് എൽ.ഡി.എഫും ഉറപ്പിച്ചുപറയുമ്പോൾ പ്രവചനം ഇവിടെ എളുപ്പമല്ല. 2011ൽ 5,828 വോട്ടുകൾക്കാണ് അബ്ദുൾ റസാഖ് ജയിച്ചു കയറിയത്. 2014ലെ പാർലമെന്റ് തിരഞ്ഞെടുപ്പായപ്പോൾ മണ്ഡലത്തിൽ യു.ഡി.എഫിന് ബി.ജെ.പിയെക്കാൾ ഭൂരിപക്ഷം കൃത്യം 5,828 വോട്ടുകൾ തന്നെ. 2011ലെ തിരഞ്ഞെടുപ്പിനെ അപേക്ഷിച്ച് 2014ലെ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിനും ബി.ജെ.പിക്കും വർദ്ധിച്ച വോട്ടുകളുടെ എണ്ണവും ഒന്നു തന്നെ –2,642 വീതം. ഇക്കുറി ബി.ജെ.പിയാണ് പ്രചാരണത്തിൽ ഒരു പടി മുന്നിലെന്ന പ്രതീതിയുണ്ട് മണ്ഡലത്തിൽ. സുരേന്ദ്രനു വേണ്ടി കർണാടകയിൽ നിന്നുള്ള ബി.ജെ.പി. –ആർ.എസ്.എസ്. പ്രവർത്തകർ ബൂത്ത് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നു.



കെ.സുരേന്ദ്രൻ



പി.ബി. അബ്ദുൾറസാഖ്

കാസർകോട്ടെ മത്സരത്തിന് ത്രികോണ രൂപം വന്നത് പ്രചാരണത്തിന്റെ അവസാന ഘട്ടത്തിലാണ്. ആദ്യം പിന്നിൽപ്പോയ എൽ.ഡി.എഫ്. ഒടുവിൽ പിടിച്ചുകയറി. എൽ.ഡി.എഫ്. ഈ മണ്ഡലം കൊടുത്തത് ഐ.എൻ.എല്ലിനാണ്. എന്നാൽ, അവർക്ക് ഈ മണ്ഡലം വേണ്ടെന്നു പറഞ്ഞത് ഇടതിനെ പ്രതിസന്ധിയിലാക്കി. ഒടുവിൽ ഐ.എൻ.എൽ. ദേശീയ നേതാവ് ഡോ.എം.എ.അമീൻ സ്ഥാനാർത്ഥിയായെത്തി. കൊല്ലം ഓച്ചിറ സ്വദേശിയായ ഈ ന്യൂറോ സൈക്യാട്രിസ്റ്റ് ചില്ലറക്കാരനല്ല. പട്നയിലെ നളന്ദ മെഡിക്കൽ കോളേജിൽ പഠിക്കുന്ന വേളയിൽ ബിഹാറിനെ കിടുക്കിയ വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ നായകനാണ്.

അവിടത്തെ ആറു മെഡിക്കൽ കോളേജുകൾ പൂട്ടാനുള്ള സർക്കാർ തീരുമാനത്തിൽ പ്രതിഷേധിച്ച് നിരാഹാരസമരം നടത്തിയ ആറു വിദ്യാർത്ഥികളിലൊരാളാണ് ഡോ.അമീൻ. ആ പോരാട്ടവീര്യം ഇപ്പോഴും കൈമോശം വന്നിട്ടില്ല. ഡോക്ടറുടെ വരവോടെ മത്സരത്തിന്റെ രൂപം മാറി. ഐ.എൻ.എല്ലിൽ നിന്ന് മുസ്ലിം ലീഗിലെത്തിയ എൻ.എ.നെല്ലിക്കുന്ന് യു.ഡി.എഫിനായി ജയം തേടിയിറങ്ങുന്നത് തുടർച്ചയായ രണ്ടാം തവണ.

ബി.ജെ.പി. സ്ഥിരമായി രണ്ടാം സ്ഥാനത്തെത്തുന്ന മണ്ഡലമെന്ന നിലയിൽ ശ്രദ്ധേയമായ കാസർകോട്ട് അപ്രതീക്ഷിതമായാണ്

രവീശ തന്ത്രി കുണ്ടാർ സ്ഥാനാർത്ഥിയായത്. എട്ടു വർഷമായി ഹിന്ദു ഐക്യവേദി സംസ്ഥാന വൈസ് പ്രസിഡന്റ് സ്ഥാനം വഹിക്കുന്ന ഇദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വം ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരന്റെ പ്രത്യേക താത്പര്യപ്രകാരമായിരുന്നുവെന്ന് പറയപ്പെടുന്നു.


രാഷ്ട്രീയത്തിൽ സജീവമല്ലാത്ത രവീശ തന്ത്രി പക്ഷേ, ദീർഘകാലമായി പൊതുരംഗത്തുണ്ട്. 2011ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ലഭിച്ച 9,738 വോട്ടുകളുടെ ലീഡ് 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ 13,190 വോട്ടുകളായി വർദ്ധിപ്പിക്കാനായത് യു.ഡി.എഫിന് ആത്മവിശ്വാസം പകരുന്നു. വോട്ടുകൾ ചോരാതെ ശക്തി തെളിയിക്കുക എന്നതാണ് എൽ.ഡി.എഫിന്റെ ലക്ഷ്യം.


എം. രാജഗോപാലൻ

ഉദുമയിലെ സിറ്റിങ് എം.എൽ.എ. സി.പി.എമ്മിലെ കെ.കുഞ്ഞിരാമൻ വീണ്ടും മത്സരിക്കാനിറങ്ങുന്നു. 2011ൽ 11,380 വോട്ടുകൾക്കാണ് എൽ.ഡി.എഫ്. വിജയിച്ചത്. എന്നാൽ, 2014ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. 835 വോട്ടുകൾക്ക് മുന്നിൽ കയറി. ഈ നേരിയ ലീഡിൽ പിടിച്ചുകയറാമെന്ന പ്രതീക്ഷയിലാണ് കെ.പി.സി.സി. ജനറൽ സെക്രട്ടറി കെ.സുധാകരൻ കണ്ണൂരിൽ നിന്ന് ഉദുമയിലെത്തിയത്. എന്നാൽ, 2015ലെ തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. 8,121 വോട്ടിന്റെ ലീഡ് തിരിച്ചുപിടിച്ച കാര്യം യു.ഡി.എഫ്. സൗകര്യപൂർവ്വം മറന്നു. ഉദുമ പിടിക്കാനായി കണ്ണൂരിലെ സുരക്ഷിത താവളമുപേക്ഷിച്ചു വരുന്ന വീരനായകൻ എന്ന പരിവേഷത്തിനാണ് സുധാകരൻ ശ്രമിച്ചതെങ്കിലും കണ്ണൂരിലെ വിമതപ്പേടിയാണ് അദ്ദേഹത്തെ ഉദുമയിലെത്തിച്ചതെന്ന പ്രചാരണത്തിനാണ് മുൻതൂക്കം ലഭിച്ചത്. സ്വന്തം നിലയ്ക്ക് സുധാകരൻ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത് മണ്ഡലത്തിലെ കോൺഗ്രസ്സുകാർക്ക് ഇഷ്ടമായില്ല. എന്നാൽ, മുസ്ലിം ലീഗിന്റെ പിന്തുണയോടെ അദ്ദേഹം സീറ്റുറപ്പിച്ചു. കാൽ നൂറ്റാണ്ടായി ഉദുമയിൽ നിലനിൽക്കുന്ന സി.പി.എം. കുത്തക തകർക്കാൻ കണ്ണൂരിൽ നിന്ന് കാസർകോട്ടേക്കു സ്ഥലം മാറി വന്ന സംഘപരിവാർ നേതൃത്വത്തിന്റെ സഹായത്തോടെ സുധാകരന് കഴിയുമോ എന്നതാണ് ഉദുമയെ ശ്രദ്ധാകേന്ദ്രമാക്കുന്നത്. കണ്ണൂരിലെ സംഘപരിവാർ നേതൃത്വം തനിക്കനുകൂലമായി വോട്ടു മറിക്കാറുണ്ടായിരുന്നുവെന്നും അവർ കാസർകോട്ടേക്കു മാറിപ്പോയതാണ് 2014ൽ കണ്ണൂർ ലോക്സഭാ മണ്ഡലത്തിലെ തന്റെ തോൽവിക്കു കാരണമായതെന്നും സുധാകരൻ ഒരു അഭിമുഖത്തിൽ പറഞ്ഞത് വിവാദമായിരുന്നു. ഉദുമയിലെ സംഘപരിവാർ വോട്ടു മറിച്ചു നൽകുമെന്ന് സുധാകരൻ പ്രതീക്ഷിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് യു.ഡി.എഫ്. വ്യക്തമായ ഉത്തരം നൽകുന്നില്ല. ബി.ജെ.പി. ജില്ലാ പ്രസിഡന്റ് കെ.ശ്രീകാന്ത് സ്ഥാനാർത്ഥിയാവുമ്പോൾ സുധാകരന്റെ ആഗ്രഹം സഫലമാകില്ലെന്നു തന്നെയാണ് എൻ.ഡി.എ. പറയുന്നത്.


കെ.കുഞ്ഞിരാമൻ


കെ.സുധാകരൻ


ഇ.ചന്ദ്രശേഖരൻ

2011ൽ ലഭിച്ച 13,073 വോട്ടുകൾ 2014ൽ 24,584 വോട്ടുകളായും 2015ൽ 27,563 വോട്ടുകളായും ബി.ജെ.പി. വർദ്ധിപ്പിച്ചിരുന്നു. ഈ വോട്ട് ഇനി കൂടിയാലും കുറഞ്ഞാലും ആരെ ബാധിക്കുമെന്നതാണ് ഇരുമുന്നണികളുടെയും ചിന്താവിഷയം.

കാഞ്ഞങ്ങാട്ട് സി.പി.ഐയിലെ സിറ്റിങ് എം.എൽ.എ. ഇ.ചന്ദ്രശേഖരൻ വീണ്ടും മത്സരിക്കുന്നു. കാസർകോട് ഡി.സി.സി. ജനറൽ സെക്രട്ടറി ധന്യ സുരേഷാണ് യു.ഡി.എഫ്. സ്ഥാനാർത്ഥി. കോൺഗ്രസ്സിൽ മഹിള –യുവജന പ്രാതിനിധ്യം ഉറപ്പുവരുത്താനാണ് ധന്യ സുരേഷിനെ സ്ഥാനാർത്ഥിയാക്കിയത്.

എൻ.ഡി.എയിൽ നിന്ന് ബി.ഡി.ജെ.എസ്സാണ് ഇവിടെ മത്സരിക്കുന്നത്. ദുബായിൽ വ്യവസായിയും സാമൂഹികപ്രവർത്തകനുമായ എം.പി.രാഘവനാണ് സ്ഥാനാർത്ഥി. കേരളത്തിന്റെ ജനകീയ മുഖ്യമന്ത്രിയായിരുന്ന ഇ.കെ.നായനാരുടെ മണ്ഡലമെന്ന നിലയിലാണ് തൃക്കരിപ്പൂർ ശ്രദ്ധാകേന്ദ്രമാവുന്നത്. എന്നാൽ, നായനാരുടെ പഴയ കാലത്തേതുപോലെ തൃക്കരിപ്പൂർ സി.പി.എമ്മിന്റെ ഉറച്ച കോട്ടയല്ല.

2011ലെ മണ്ഡല പുനർനിർണ്ണയം ചെറിയ വിള്ളലുകൾ വീഴ്ത്തിയിരിക്കുന്നു. സി.പി.എമ്മിന്റെ ഏറ്റവും വലിയ ശക്തികേന്ദ്രങ്ങളായ കരിവെള്ളൂർ, പെരളം, കാങ്കോൽ, ആലപ്പടമ്പ് എന്നീ പഞ്ചായത്തുകളും പെരിങ്ങോംവയക്കരയും ഒഴിവായി. പകരം മണ്ഡലത്തിലെത്തിയത് കാര്യമായ സ്വാധീനം പറയാനാവാത്ത നീലേശ്വരവും ചെറുവത്തൂരും.

പക്ഷേ, ഈ തിരിച്ചടി മറികടന്ന് 2011ൽ സി.പി.എമ്മിന്റെ കെ.കുഞ്ഞിരാമൻ 8,765 വോട്ടുകൾക്ക് വിജയിച്ചു. 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ലീഡ് 3,451 വോട്ടുകളായി കുറഞ്ഞു. 2015ലെ തദ്ദേശ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. അല്പം കൂടി നില മെച്ചപ്പെടുത്തിയിട്ടുണ്ട്. കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റും സി.പി.എം. ജില്ലാ സെക്രട്ടേറിയറ്റ് അംഗവുമായ എം.രാജഗോപാലനാണ് ഇത്തവണ എൽ.ഡി.എഫ്. സ്ഥാനാർത്ഥി. കോൺഗ്രസ്സിന് കാസർകോട് ആദ്യമായി എം.എൽ.എയെ ലഭിച്ചത് 1987ൽ ഉദുമയിൽ നിന്നാണ്. അന്ന് ഉദുമയിൽ വിജയിച്ച കെ.പി.കുഞ്ഞിക്കണ്ണനാണ് ഇക്കുറി തൃക്കരിപ്പൂരിൽ യു.ഡി.എഫ്. സ്ഥാനാർത്ഥി. ബി.ജെ.പി. തൃക്കരിപ്പൂർ മണ്ഡലം വൈസ് പ്രസിഡന്റായ എം.ഭാസ്കരൻ എൻ.ഡി.എ. സ്ഥാനാർത്ഥിയായി മത്സരിക്കുന്നു.

മഞ്ചേശ്വരത്ത് ബി.ജെ.പിക്കു വേണ്ടി കോൺഗ്രസ്സും ഉദുമയിൽ തിരിച്ചും വോട്ടു മറിക്കും എന്ന ചർച്ച കാസർകോട് ജില്ലയിൽ എൽ.ഡി.എഫ്. സജീവമാക്കിയിട്ടുണ്ട്. അതുപോലെ തന്നെ തങ്ങൾ അക്കൗണ്ട് തുറക്കുന്നതു തടയാൻ യു.ഡി.എഫ്. –എൽ.ഡി.എഫ്. ധാരണയുണ്ടെന്ന് ബി.ജെ.പിയും പറയുന്നു. ഇതു പുതിയ കാര്യമല്ല, നേരത്തേയുള്ളതാണെന്നും ബി.ജെ.പിക്കാർ ആരോപിക്കുന്നുണ്ട്. ജില്ലയിലെ അഞ്ചു മണ്ഡലങ്ങളിലും പോരിന് കടുപ്പം കൂടിയത് ഇതിന്റെ അനന്തരഫലം.